32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

December 06, 2024 | Vol. XXXII No. 49 | Periodicals Postage Paid




### കേരളത്തിലും ശക്തമായ മഴ

## ഫിൻജാൽ ചുഴലിക്കാറ്റിൽ തമിഴ്നാട്ടിൽ വ്യാപകനാശം: 9 മരണം




ചെന്നൈ: ഫിൻജാൽ ചുഴലിക്കാറ്റിലും പേമാരിയിലും ചെന്നൈ നഗരവും സമീപ ജില്ലകളും ദുരിതത്തുരുത്തുകളായി. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ഫിൻജാൽ ചെന്നൈ നഗരത്തിലും പുതുച്ചേരിയിലും പ്രളയസമാന സാഹചര്യം സൃഷ്ടിച്ചു. രണ്ടിടങ്ങളിലുമായി ഒൻപത് പേർ മരിച്ചു. അയൽരാജ്യമായ ശ്രീലങ്കയിലും സ്ഥിതി വ്യത്യസ്തമല്ല. ഇവിടെ 16 ആണ് മരണസംഖ്യ.

80 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശിയേക്കാമെന്ന മുന്നറിയിപ്പിനെ തുടർന്നു തമിഴ്നാട്ടിലും തെക്കൻ ആന്ധ്ര തീരമേഖലയിലും അതീവ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

ചെന്നൈ അടക്കം എട്ടു ജില്ലകളിലെ സ്കൂളുകൾക്ക് അവധി നൽകി. സ്പെഷൽ ക്ലാസുകളോ പരീക്ഷകളോ നടത്തരുതെന്നാണ് നിർദേശം. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ തിരുവാരൂരിലെ കേന്ദ്ര സർവകലാശാലയിലെ പരിപാടിയടക്കം റദ്ദാക്കി. ചെന്നൈയിൽനിന്നു മംഗലാപുരത്തേക്കും ട്രിച്ചിയിലേക്കും തിരിച്ചുള്ള ഇൻഡിഗോ വിമാനങ്ങൾ റദ്ദാക്കി.

(ശേഷം 28-ാം പേജിൽ)





# ARACKAL VACATION HOME

**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

**FOR BOOKING:**
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM






32nd Year of Service 2024

Price $1.00

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 സംഭലിൽ സമാധാനം നിലനിർത്തണം

8 ഭരണഘടനയുടെ 75–ാം വാർഷികത്തിന് തുടക്കം

9 നൈനയുടെ 'നൈറ്റിംഗേൽ പുരസ്കാരം'

11 പെൻഷൻ പ്രായം ഉയർത്തില്ല

21 ഫൊക്കാന മലയാളികളുടെ അഭിമാനസ്തംഭം

# ശിവഗിരി മഠത്തിന്റെ വത്തിക്കാൻ സമ്മേളനത്തിന് സമാപനം



വത്തിക്കാനിൽ ശിവഗിരി മഠം സംഘടിപ്പിച്ച സർവമത സമ്മേളനത്തിലെ സംവാദ സദസ്സ് ആർച്ച് ബിഷപ് ജോർജ് ജേക്കബ് കൂവക്കാട് ഉദ്ഘാടനം ചെയ്യുന്നു.

വത്തിക്കാൻ സിറ്റി: ലോകസമാധാനത്തിനായി മതചിന്ത വെടിഞ്ഞ് എല്ലാ മനുഷ്യരും പ്രയത്നിക്കണമെന്ന ആഹ്വാനത്തോടെ വത്തിക്കാനിൽ ശിവഗിരിമഠം സംഘടിപ്പിച്ച സർവമത സമ്മേളനത്തിനു പരിസമാപ്തി. മാനവികതയുടെ ഏകത്വത്തിനും സാഹോദര്യത്തിനും തടസ്സമാകുന്ന പ്രവണതകളെ മതനേതാക്കളുടെ ഇടപെടലിലൂടെ ഇല്ലായ്മ ചെയ്യണം. 'നല്ല മനുഷ്യത്വത്തിനായി മതങ്ങൾ ഒരുമിച്ച്' എന്ന സമ്മേളന സന്ദേശം എല്ലാ രാജ്യങ്ങളിലും മതമേലധ്യക്ഷരിലും എത്തിക്കും.

മതങ്ങൾ മനുഷ്യരുടെ കാഴ്ചപ്പാടുകളിൽ കൂടുതൽ പ്രകാശം പരത്താൻ ഇടയാകട്ടെയെന്ന് 'ആത്മീയതയും സമാധാനവും' എന്ന സെഷൻ ഉദ്ഘാടനം ചെയ്ത ആർച്ച് ബിഷപ് ജോർജ് ജേക്കബ് കൂവക്കാട് പറഞ്ഞു. വിവേചനമില്ലാത്ത ലോകത്തിനുവേണ്ടി ഗുരുവിന്റെ വാക്കുകൾ ഏറ്റെടുത്തു പ്രവർത്തിക്കേണ്ട കാലമാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ദീർഘദർശികളുടെ ഐക്യദൂതുകൾ പ്രാർത്ഥ പോലെ ഏറ്റെടുക്കണമെന്നു കർദിനാൾ ലസാരു ഹ്യൂങ് സിക് പറഞ്ഞു.

'ലോകമേ തറവാട്' എന്ന ഭാരതീയ ചിന്തയെ ശ്രീനാരായണ ഗുരുദർശനവുമായി ബന്ധിപ്പിച്ചായിരുന്നു മാർപാപ്പയുടെ പ്രസംഗം. 'ഗുരു സന്ദേശങ്ങൾക്ക് ഇന്നു പ്രസക്തിയേറെയാണ്. മനുഷ്യരും രാജ്യങ്ങളും തമ്മിൽ നിലനിൽക്കുന്ന അസഹിഷ്ണുതയും വിദ്വേഷവും നീങ്ങണം. ജാതിമത ഭേദങ്ങൾ ഇല്ലാത്ത സമൂഹത്തിനു വേണ്ടിയാണ് ഗുരു ജീവിതം സമർപ്പിച്ചത്. ആ ത്യാഗം ഏറ്റെടുത്തു മുന്നോട്ടു പോകാൻ സാധിക്കണം. എല്ലാ മതങ്ങളുടെയും അടിത്തറ സ്നേഹത്തിലും സഹവർത്തിത്വത്തിലും ഉറപ്പിച്ചതാണ്. മനുഷ്യ ബന്ധങ്ങളുടെ കെട്ടുറപ്പ് സാഹോദര്യമാണ്. ആ കാഴ്ചപ്പാടിൽ വസിക്കുമ്പോൾ ഭൂമി എല്ലാവർക്കും മാതൃഗൃഹമായി മാറും. അവിടെ ഒരുമയോടെ വളരുന്നവർ സ്നേഹത്തിന്റെ വിശാലമായ പ്രപഞ്ചം സൃഷ്ടിക്കും. അതിനു ഗുരുദർശനങ്ങൾ സഹായകരമാകും'- മാർപാപ്പ പറഞ്ഞു.

ശ്രീനാരായണ ഗുരു രചിച്ച 'ദൈവദശകം' പ്രാർത്ഥന എല്ലാ ഭാഷകളിലേക്കും മൊഴിമാറ്റി പ്രസിദ്ധീകരിക്കുമെന്നു ശിവഗിരിമഠം പ്രസിഡണ്ട് സ്വാമി സച്ചിദാനന്ദയും ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദയും അറിയിച്ചു. (ശേഷം 29-ാം പേജിൽ)

# ആഭ്യന്തരപ്രശ്നങ്ങളിൽപ്പെട്ട് സിപിഎം നീറിപ്പുകയുന്നു

കോട്ടയം: ലോക്സഭാ തെരഞ്ഞെടുപ്പിലെ വൻതോൽവിക്കുശേഷം, ചേലക്കര ഉപതെരഞ്ഞെടുപ്പിലെ സമാശ്വാസജയം ചൂണ്ടിക്കാട്ടി ന്യായീകരിക്കാനാകാത്ത വിധം സിപിഎമ്മിൽ നേതൃത്വത്തെ ഞെട്ടിച്ച് പാളയത്തിൽപ്പട തുടരുന്നു. മുമ്പും സമ്മേളനകാലത്തു വിഭാഗീയത തലപൊക്കിയിരുന്നെങ്കിലും പാർട്ടി നേതൃത്വത്തെ പരസ്യമായി ചോദ്യംചെയ്തുള്ള പ്രതിഷേധങ്ങളാണിപ്പോൾ അരങ്ങേറുന്നത്. സമ്മേളനകാലത്തു പാർട്ടി ഘടകം പിരിച്ചുവിടുന്നതും പ്രാദേശികനേതാക്കൾ മറുകണ്ടം ചാടുന്നതുമടക്കമുള്ള അസാധാരണനീക്കങ്ങൾക്കും പാർട്ടി ഏരിയാ സമ്മേളനങ്ങൾ സാക്ഷ്യംവഹിക്കുന്നു. കീഴ്ഘടകങ്ങളിൽ നീറിക്കത്തുന്ന അസംതൃപ്തി ജില്ലാ, സംസ്ഥാന സമ്മേളനങ്ങളിൽ ആളിക്കത്തുമെന്ന സൂചനയാണു പുറത്തുവരുന്നത്.

നേതൃത്വത്തിനെതിരെ പ്രത്യക്ഷപ്രതിഷേധങ്ങളിലേക്കു കടന്ന വിഭാഗീയതയേത്തുടർന്ന് സിപിഎം കരുനാഗപ്പള്ളി ഏരിയാ കമ്മിറ്റി പിരിച്ചുവിട്ടു. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ സാന്നിധ്യത്തിൽ ചേർന്ന ജില്ലാ സെക്രട്ടേറിയറ്റ് യോഗത്തിലാണ് തീരുമാനം. കരുനാഗപ്പള്ളി സമ്മേളനത്തിലുണ്ടായത് തെറ്റായ പ്രവണതയെന്നും നിലവിലെ കമ്മിറ്റിക്കു പാർട്ടിയെ നയിക്കാനാകില്ലെന്നും നടപടി വിശദീകരിച്ച് ഗോവിന്ദൻ പറഞ്ഞു.

കായംകുളം സിപിഎമ്മിലെ രൂക്ഷമായ വിഭാഗീയതയെത്തുടർന്ന് ആലപ്പുഴ ജില്ലാപഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട് കൂടിയായ യുവനേതാവ്



എം.വി. ഗോവിന്ദൻ

ബിജെപിയിൽ ചേർന്നു. കായംകുളം ഏരിയാ കമ്മിറ്റി മുൻ അംഗവും ആലപ്പുഴ ജില്ലാപഞ്ചായത്ത് അംഗവുമായ അഡ്വ. ബിപിൻ സി. ബാബുവാണ് പാർട്ടി വിട്ടത്. കായംകുളത്തെ സിപിഎം ചേരിപ്പോരിൽ ഒരുവിഭാഗത്തെ നയിച്ചതു കൃഷ്ണപുരം ഡിവിഷനിൽനിന്നുള്ള ജില്ലാപഞ്ചായത്തംഗം ബിപിനായിരുന്നു. ഭാര്യയുടെ ഗാർഹികപീഡനപരാതിയെത്തുടർന്ന് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡണ്ട് സ്ഥാനത്തുനിന്നു മാറ്റിയതോടെ പാർട്ടിയിൽ നിന്ന് അകന്നു.

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ നേതൃത്വത്തോട് ഇടഞ്ഞുനിൽക്കുന്ന ഒരുവിഭാഗം സിപിഎം പ്രവർത്തകർ സമാന്തര ഏരിയാ കമ്മിറ്റി ഓഫീസ് തുറന്നു. കൊഴിഞ്ഞാമ്പാറ ടൗണിൽ ഇ.എം.എസ്. സ്മാരകം എന്ന പേരിലാണ് പുതിയ ഓഫീസ്. കോൺഗ്രസ് വിട്ട് 2003-ൽ സിപിഎമ്മിൽ എത്തിയയാളെ നേതൃസ്ഥാനത്തേക്ക് ജില്ലാ സെക്രട്ടറി കൊണ്ടുവന്നതോടെയാണു കൊഴിഞ്ഞാമ്പാറയിൽ വിഭാഗീയത മറ നീക്കിയത്.

(ശേഷം 28-ാം പേജിൽ)

# ഭിന്നശേഷിസംവരണം: സ്കൂളുകളിൽ നിയമന വിലക്ക്

തിരുവനന്തപുരം: സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ മൂന്നു വർഷം നടത്തിയ അദ്ധ്യാപക സ്ഥിരനിയമനങ്ങൾ റദ്ദാക്കാൻ വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം. സ്ഥിരനിയമന ഉത്തരവുകൾ പിൻവലിച്ച് പകരം ഇവരെ ദിവസവേതനക്കാരായി നിയമിക്കാനാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നത്. ഭിന്നശേഷി സംവരണം നടപ്പാക്കാത്ത സ്കൂളുകൾക്കാണ് ഇതു ബാധകമെങ്കിലും സംസ്ഥാനത്തെ മുക്കാൽപങ്ക് എയ്ഡഡ് സ്കൂളുകളിലും ഭിന്നശേഷി നിയമനം പൂർത്തിയാക്കാത്തതിനാൽ സർക്കാർ തീരുമാനം ആയിരക്കണക്കിനു പേരുടെ ഭാവി അവതാളത്തിലാക്കും. സർക്കാർ ഉത്തരവിനെതിരെ മാനേജ്മെന്റുകളും അദ്ധ്യാപക സംഘടനകളും കടുത്ത പ്രതിഷേധത്തിലാണ്. 1996 മുതൽ മൂന്നു ശതമാനവും 2016 മുതൽ 4 ശതമാനവും ഭിന്നശേഷിക്കാരെ സ്കൂളുകളിൽ നിയമിക്കണമെന്നാണ് വ്യവസ്ഥ. ഈ സംവരണം പൂർത്തിയാക്കിയ സ്കൂളുകളിലെ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നല്കുന്നുണ്ട്. സംവരണം നടപ്പാക്കാത്ത സ്കൂളുകളിൽ നിയമിക്കുന്നവർക്ക് ദിവസവേതനക്കാരായുള്ള അംഗീകാരമാണ് നല്കുന്നത്. (ശേഷം 28-ാം പേജിൽ)

# കാഷ് പട്ടേൽ എഫ്ബിഐ തലവനാകും

വാഷിങ്ടൺ: മുൻ സുരക്ഷാ ഉദ്യോഗസ്ഥനും ഇന്ത്യൻ വംശജനുമായ കശ്യപ് പട്ടേലിനെ (കാഷ് പട്ടേൽ-44) ദേശീയ അന്വേഷണ ഏജൻസിയായ എഫ്ബിഐയുടെ തലവനായി നാമനിർദേശം ചെയ്ത് നിയുക്ത യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ്. എഫ്ബിഐയുടെ നിലവിലെ ഡയറക്ടർ ക്രിസ്റ്റഫർ റേയ്ക്ക് 2027 വരെ കാലാവധിയുള്ളപ്പോഴാണ് ട്രംപിന്റെ പ്രഖ്യാപനം.

ട്രംപിന്റെ വിശ്വസ്തരിലൊരാളാണ് അഭിഭാഷകൻ കൂടിയായ കാഷ് പട്ടേൽ. ആദ്യ ട്രംപ് സർക്കാരിൽ നാഷണൽ ഇന്റലിജൻസ്, പ്രതിരോധ വകുപ്പ് എന്നിവയുടെ ഉപദേഷ്ടാവായിരുന്നു. വാഷിങ്ടണിൽ എഫ്ബിഐ ആസ്ഥാനമിരിക്കുന്ന ഹൂവർ ബിൽഡിങ് പൂട്ടി മ്യൂസിയമാക്കണമെന്നും അവിടെ ജോലി ചെയ്യുന്ന ഏഴായിരത്തിൽപ്പരം ഉദ്യോഗസ്ഥരെ ക്രിമിനലുകളെ പിടികൂടാൻ രാജ്യത്തുടനീളം വിന്യസിക്കണമെന്നും ഈയിടെ ഒരഭിമുഖത്തിൽ കാഷ് പറഞ്ഞിരുന്നു.



1980-ൽ ന്യൂയോർക്കിലാണ് കാഷിന്റെ ജനനം. ഗുജറാത്തിലാണ് കുടുംബവേരുകൾ. റിച്ച്മണ്ട് സർവകലാശാലയിൽ നിന്ന് ക്രിമിനൽ ജസ്റ്റിസ് പഠിച്ചിറങ്ങിയ കാഷ്, റേസ് സർവകലാശാലയിൽ നിന്ന് നിയമബിരുദം നേടി.

# സംഭലിൽ സമാധാനം നിലനിർത്തണം: സുപ്രീംകോടതി

ന്യൂഡൽഹി: ഉത്തർപ്രദേശിൽ സംഭൽ ജില്ലയിലെ ചന്ദൗസിയിലുള്ള ഷാഹി ജുമാ മസ്ജിദിൽ അവകാശവാദമുന്നയിച്ചുള്ള ഹർജികളിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിൽനിന്നു ജില്ലാ കോടതിയെ സുപ്രീം കോടതി



സംഭലിലെ ഷാഹി ജുമാ മസ്ജിദിനു മുന്നിൽ കാവൽ നിൽക്കുന്ന സുരക്ഷാ ഉദ്യോഗസ്ഥർ.

വിലക്കി. ഇപ്പോഴത്തേതുപോലെയുള്ള സംഭവങ്ങളല്ല, സമാധാനാന്തരീക്ഷവും സാഹോദര്യവുമാണ് ഉറപ്പാക്കേണ്ടതെന്നു യുപി സർക്കാരിനെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഓർമിപ്പിച്ചു.

ജില്ലാ കോടതിയുടെ ഉത്തരവു പ്രകാരം കഴിഞ്ഞയാഴ്ച മസ്ജിദിൽ നടത്തിയ അഭിഭാഷക സർവേയിലെ വിവരങ്ങൾ പുറത്തുവിടുന്നതും തടഞ്ഞു. സർവേയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് 10 ദിവസത്തിനകം സമർപ്പിക്കാൻ ജില്ലാ കോടതി നിർദേശിച്ചതിനു പിന്നാലെയാണ് സുപ്രീം കോടതി നടപടികൾ വിലക്കിയത്.

1526-ൽ മുഗൾ ചക്രവർത്തി ബാബറിന്റെ കാലത്ത് ക്ഷേത്രം തകർത്താണ് മസ്ജിദ് നിർമിച്ചതെന്ന ഹിന്ദുവിഭാഗത്തിന്റെ അവകാശവാദത്തെത്തുടർന്നായിരുന്നു അഭിഭാഷക സർവേ. നവംബർ 24-ന് ഇതിനെതിരെ പ്രതിഷേധത്തെത്തുടർന്നുള്ള വെടിവെപ്പിൽ നാല് പേർ (അനൗദ്യോഗിക കണക്കുപ്രകാരം അഞ്ച് പേർ) കൊല്ലപ്പെട്ടതിനു പിന്നാലെ മസ്ജിദ് കമ്മിറ്റിയാണു സുപ്രീം കോടതിയെ സമീപിച്ചത്. സർവേയ്ക്കെതിരെ അലഹബാദ് ഹൈക്കോടതിയിൽ ഹർജി നൽകാൻ സുപ്രീം കോടതി നിർദേശിച്ചു. ലിസ്റ്റ് ചെയ്തു മൂന്ന് ദിവസത്തിനകം ഹൈക്കോടതി വാദം കേൾക്കണം. സുപ്രീം കോടതിയിലെ ഹർജികൾ ജനുവരി ആറിനു പരിഗണിക്കാനായി മാറ്റി.

ഈ ഘട്ടത്തിൽ കേസിന്റെ വസ്തുതകളിലേക്കു കടക്കുന്നില്ലെന്നു ചീഫ് ജസ്റ്റിസിനു പുറമേ ജസ്റ്റിസ് സഞ്ജയ് കുമാർ കൂടി ഉൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി. എല്ലാ വിഭാഗത്തിന്റെയും പ്രാതിനിധ്യവും നിഷ്പക്ഷ സ്വഭാവവുമുള്ള സമാധാനസമിതി രൂപീകരിച്ച് പ്രശ്നപരിഹാരത്തിനു മധ്യസ്ഥ ചർച്ച നടത്താൻ സർക്കാർ മുൻകയ്യെടുക്കണം.

തങ്ങളുടെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായും തിരക്കിട്ടുമാണ് ജില്ലാ കോടതി സർവേയ്ക്ക് ഉത്തരവിട്ടതെന്നു മസ്ജിദ് കമ്മിറ്റി സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. ഉത്തരവു വന്നു മണിക്കൂറുകൾക്കകം തന്നെ വൻ സുരക്ഷാ സന്നാഹത്തോടെ സർവേ തുടങ്ങുകയും ചെയ്തു.

1991-ലെ ആരാധനാലയ നിയമപ്രകാരം സംഭലിലെ പള്ളി സംരക്ഷിത സ്വഭാവമുള്ളതാണെന്നും വാദിച്ചു.

## വഖഫ് സ്വത്തുക്കളുടെ വിശദാംശം അറിയിക്കണം

ന്യൂഡൽഹി: വഖഫ് ബിൽ പരിശോധിക്കുന്ന പാർലമെന്ററി സമിതി സച്ചാർ കമ്മിറ്റി പ്രകാരമുള്ള വഖഫ് സ്വത്തുക്കളിലെ കൈയേറ്റവിവരം സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. വഖഫ് നിയമത്തിലെ വകുപ്പ് 40 പ്രകാരം വഖഫ് ബോർഡ് അവകാശപ്പെടുന്ന സ്വത്തുക്കളുടെ വിശദാംശങ്ങളും തേടി. അടുത്ത ബജറ്റ് സമ്മേളനത്തിന്റെ അവസാനദിവസം വരെ സമിതിയുടെ കാലാവധി ലോക്സഭ നീട്ടി നല്കിയതിനു പിന്നാലെയാണിത്.

2005-06 കാലഘട്ടത്തിൽ വിവിധ സംസ്ഥാന വഖഫ് ബോർഡുകൾ കൈയേറ്റത്തെക്കുറിച്ച് സച്ചാർ കമ്മിറ്റിയെ അറിയിച്ചിരുന്നു. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം വഴി വിവരങ്ങൾ ശേഖരിച്ചുവരുകയാണെന്ന് സമിതി അറിയിച്ചു. കൈയേറ്റമുള്ള സംസ്ഥാനങ്ങളിൽ നിന്ന് വിശദാംശങ്ങൾ തേടിയതിനോടൊപ്പം മറ്റു സംസ്ഥാനങ്ങളിലെ വിവരങ്ങൾ സമഗ്രമല്ലാത്തതിനാൽ അതേക്കുറിച്ചും വിവരം തേടിയിട്ടുണ്ട്.

ഇതിനിടെ, ആന്ധ്രാപ്രദേശ് ചന്ദ്രബാബു നായിഡു സർക്കാർ വഖഫ് ബോർഡ് പ്രവർത്തിക്കുന്നില്ല എന്ന് കാണിച്ച് സംസ്ഥാന വഖഫ് ബോർഡ് പിരിച്ചുവിട്ടു.നിലവിലെ മെംബർമാരുടെ നിയമനം അസാധുവാക്കി. വഖഫ് സ്വത്തുക്കൾ സംരക്ഷിക്കാനും ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനുമാണ് സർക്കാർ നടപടിയെന്നും ഉത്തരവിലുണ്ട്.

## കസ്റ്റഡി മർദ്ദനത്തിനെതിരെ ഹൈക്കോടതി

കൊച്ചി: കസ്റ്റഡിയിലെടുക്കുന്ന വ്യക്തിയെ പോലീസ് സ്റ്റേഷനിൽ ശാരീരിക പീഡനത്തിനിരയാക്കുന്നത് പോലീസിന്റെ ഔദ്യോഗിക കർത്തവ്യ നിർവഹണത്തിന്റെ ഭാഗമായി കാണാനാകില്ലെന്ന് ഹൈക്കോടതി. ഇത്തരം സംഭവങ്ങളിൽ പോലീസിന് നിയമത്തിന്റെ സംരക്ഷണം ആവശ്യപ്പെടാനാകില്ലെന്നും കോടതി വ്യക്തമാക്കി. തനിക്കെതിരേയുള്ള കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് നിലമ്പൂർ എസ്ഐ സമർപ്പിച്ച ഹർജി തള്ളിയാണ് ഹൈക്കോടതി നിരീക്ഷണം.

2008-ൽ സ്ത്രീയെ ആക്ഷേപിച്ചെന്ന പരാതിയിൽ യുവാവിനെ നിലമ്പൂർ എസ്ഐ സി. അലവി പോലീസ് സ്റ്റേഷനിൽ വെച്ച് അസഭ്യം പറയുകയും തല ഭിത്തിയിൽ ഇടിക്കുകയും വയറിലും നെഞ്ചിലും ചവിട്ടുകയും ചെയ്തുവെന്നാണ് കേസ്. യുവാവിന്റെ സഹോദരി കൂടിയായ ഇതേ സ്റ്റേഷനിലെ വനിതാ പോലീസ് കോൺസ്റ്റബിൾ ഇടപെടാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് മജിസ്ട്രേറ്റിനു നല്കിയ പരാതിയിൽ എസ്ഐക്കെതിരെ കേസെടുക്കാൻ ഉത്തരവിട്ടു. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 294 (ബി), 323, 324, 341 എന്നീ വകുപ്പു പ്രകാരമാണ് എസ്ഐക്കെതിരെ കേസെടുത്തത്. ഇതിനെതിരെയാണ് എസ്ഐ ഹൈക്കോടതിയെ സമീപിച്ചത്.

കസ്റ്റഡിയിലെടുത്തയാളെ മർദ്ദിച്ച കേസിൽ ഒരു പോലീസ് ഉദ്യോഗസ്ഥന് ക്രിമിനൽ നടപടി ചട്ടത്തിന്റെ സെക്ഷൻ 197 പ്രകാരം പ്രോസിക്യൂഷൻ നടപടികളിൽ നിന്നു സംരക്ഷണം ആവശ്യപ്പെടാൻ കഴിയില്ലെന്ന് കോടതി വ്യക്തമാക്കി.

ഒരു പോലീസ് ഉദ്യോഗസ്ഥൻ ശാരീരികമായി പീഡിപ്പിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന പ്രവൃത്തികൾക്ക് നിയമത്തിന്റെ സംരക്ഷണം അവകാശപ്പെടാനാകില്ലെന്ന് ജസ്റ്റിസ് കെ. ബാബു വ്യക്തമാക്കി.

പൊതു ക്രമസമാധാനപാലനത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതിനായി കേരള സർക്കാർ 1977-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ ആനുകൂല്യവും കുറ്റാരോപിതനായ പോലീസുകാരന് നല്കാനാകില്ലെന്ന് കോടതി വ്യക്തമാക്കി.

## ഇസ്കോൺ സന്യാസിമാരെ ബംഗ്ലാദേശ് തടഞ്ഞു

ധാക്ക: ഇന്ത്യയിലേക്ക് തിരിച്ച 54 ഇസ്കോൺ സന്യാസിമാരെ തടഞ്ഞ് ബംഗ്ലാദേശ്. യാത്രാരേഖകൾ ഉണ്ടായിട്ടും സന്യാസിമാരെ അതിർത്തി കടക്കാൻ ബംഗ്ലാദേശ് അനുവദിച്ചില്ലെന്നാണ് വിവരം.

ഇസ്കോണുമായി ബന്ധപ്പെട്ട പ്രമുഖരെ അറസ്റ്റ് ചെയ്യുകയും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും ചെയ്തുവെന്ന റിപ്പോർട്ടുകൾക്കിടയിലാണ് പുതിയ സംഭവവികാസം. സംഘത്തെ ഇന്ത്യയിലേക്ക് കടക്കാൻ അനുവദിക്കരുതെന്ന് ഉന്നത അധികാരികളിൽ നിന്ന് നിർദേശം ലഭിച്ചിട്ടുണ്ടെന്ന് ഇമിഗ്രേഷൻ പോലീസ് ഉദ്യോഗസ്ഥർ ബംഗ്ലാദേശി പത്രമായ ദ് ഡെയ്‌ലി സ്റ്റാറിനോട് പറഞ്ഞു. ഇന്ത്യയിൽ മതപരമായ ചടങ്ങിൽ പങ്കെടുക്കാൻ പദ്ധതിയിട്ടിരുന്ന ഇസ്കോൺ അംഗങ്ങൾക്ക് പാസ്പോർട്ടുകളും വിസകളും ഉണ്ടായിരുന്നു. എന്നാൽ, അവരുടെ യാത്രയ്ക്ക് ആവശ്യമായ പ്രത്യേക സർക്കാർ അനുമതി ഇല്ലായിരുന്നു എന്ന് ഇമിഗ്രേഷൻ അധികൃതർ പറഞ്ഞു.

## ഡിജിറ്റൽ അറസ്റ്റ്: 4.12 കോടി തട്ടിയ യുവാക്കൾ പിടിയിൽ

കൊച്ചി: വീട്ടമ്മയെ 'ഡിജിറ്റൽ അറസ്റ്റ്' ചെയ്ത് 4.12 കോടി തട്ടിയെടുത്ത കേസിൽ മലപ്പുറം അരീക്കോട് സ്വദേശികളായ മുഹമ്മദ് മുഹാസിൽ (22), കെ.പി. മിഷാബ് (21) എന്നിവർ കൊച്ചി സൈബർ പോലീസിന്റെ പിടിയിലായി. ഡൽഹി പോലീസ് ഉദ്യോഗസ്ഥരാണെന്ന് വിശ്വസിപ്പിച്ച് കാക്കനാട് വാഴക്കാല സ്വദേശിനിയുടെ പണമാണ് തട്ടിയെടുത്തത്.

വീട്ടമ്മയുടെ ആധാർകാർഡ് ഉപയോഗിച്ചുണ്ടാക്കിയ അക്കൗണ്ട് വഴി തട്ടിപ്പ് നടക്കുന്നുണ്ടെന്നു പറഞ്ഞായിരുന്നു പ്രതികൾ ഇവരെ ഫോണിൽ വിളിച്ചത്. ഡിജിറ്റൽ അറസ്റ്റ് ചെയ്തിരിക്കുകയാണെന്നും അക്കൗണ്ടിലെ പണം തട്ടിപ്പിലൂടെ നേടിയെടുത്തതാണോയെന്ന് പരിശോധിക്കുന്നതിനായി പണം അയച്ചു നൽകാനും നിർദേശിച്ചു.

അയച്ചില്ലെങ്കിൽ കേസെടുക്കുമെന്നും ഭീഷണിപ്പെടുത്തി. ഇതോടെ എസ്ബിഐ ശാഖകളിൽ തന്റെ പേരിലുണ്ടായിരുന്ന 4.11 കോടി പരാതിക്കാരി പ്രതികൾ നൽകിയ അക്കൗണ്ടുകളിലേക്ക് പല ദിവസങ്ങളിലായി ട്രാൻസ്ഫർ ചെയ്യുകയായിരുന്നു.

തൃക്കാക്കര പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യയുടെ നിർദേശപ്രകാരം സൈബർ അസി. കമ്മീഷണർ എം.കെ. മുരളിയുടെ നേതൃത്വത്തിൽ അന്വേഷണം തുടങ്ങി.

തുകയുടെ വലിയൊരു പങ്ക് മലപ്പുറത്തുനിന്നാണ് പിൻവലിക്കപ്പെട്ടതെന്ന് കണ്ടെത്തി. വിവിധ ആളുകളുടെ അക്കൗണ്ടുകൾ ഉപയോഗിച്ച് പണം ശേഖരിച്ച് അതുവഴിയാണ് പ്രതികൾ പണം പിൻവലിച്ചിരിക്കുന്നത്. ഒട്ടേറെ പ്രതികളുള്ളതായും ഉടൻ അറസ്റ്റുചെയ്യുമെന്നും പോലീസ് പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 49
December 06, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

ഒരു മണിക്കൂർ പാഴാക്കാൻ ധൈര്യപ്പെടുന്ന മനുഷ്യൻ ജീവിതത്തിന്റെ മൂല്യം കണ്ടെത്തിയിട്ടില്ല.

**ചാൾസ് ഡാർവിൻ**

ടൺ കണക്കിന് സാരോപദേശത്തെക്കാൾ വിലപ്പെട്ടത് ഒരൗൺസ് പ്രവൃത്തിയാണ്.

**ഗാന്ധിജി**

# MEDICARE PLANS

QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com



# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
## Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ക്ഷേമപെൻഷൻ തട്ടിപ്പുകാർ ശിക്ഷിക്കപ്പെടണം

കടമെടുത്തും ക്ലേശിച്ചും കേരളസർക്കാർ നൽകുന്ന 1600 രൂപാ പ്രതിമാസ ക്ഷേമപെൻഷൻ സർക്കാരിന്റെതന്നെ ജീവനക്കാർ അനർഹമായി കൈപ്പറ്റിക്കൊണ്ടിരുന്നതായുള്ള ഞെട്ടിപ്പിക്കുന്ന വിവരമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഇക്കൂട്ടത്തിൽ രണ്ടു കോളജ് പ്രൊഫസർമാരും മൂന്ന് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകരുംവരെയുണ്ട്; വിവിധ വകുപ്പുകളിലെ ഗസറ്റഡ് റാങ്കുള്ള ഉദ്യോഗസ്ഥരുണ്ട്; ഭൂരിപക്ഷവും ലാസ്റ്റ് ഗ്രേഡ്, ക്ലറിക്കൽ ജീവനക്കാരാണ്. ആളുവിവരമറിയിക്കാനുള്ള 'മസ്റ്ററിങ്' ഓരോ വർഷവും നടത്തിയാണ് ഇവരൊക്കെ ആനുകൂല്യം കൈപ്പറ്റുന്നത് എന്നതാണ് കൂടുതൽ അതിശയം.

ഇടുക്കിയിലെ അടിമാലിയിൽ എൺപതുപിന്നിട്ട രണ്ടു സ്ത്രീകൾ, മറിയക്കുട്ടിയും അന്നമ്മ ഔസേഫും ഭിക്ഷാടനസമരത്തിനിറങ്ങിയത് കഴിഞ്ഞ നവംബറിലാണ്. കേരളസർക്കാരിൽനിന്നുള്ള ക്ഷേമപെൻഷൻ മുടങ്ങിയതുകൊണ്ട് ജീവിക്കാൻ വകയില്ലാതായതാണ് ഇരുവരെയും സമരത്തിലേക്കു നയിച്ചത്. ഇതു വലിയ ജനശ്രദ്ധയാകർഷിക്കുകയും കേരളസർക്കാരിന് അപകീർത്തിയുണ്ടാക്കുകയും ചെയ്തു. ക്ഷേമപെൻഷനുകൾ സമയാസമയം വിതരണംചെയ്യുന്നതിന് സർക്കാർ നേരിടുന്ന സാമ്പത്തികപ്രയാസത്തിലേക്കുകൂടി ജനശ്രദ്ധ തിരച്ചുവിട്ട സംഭവമായിരുന്നു അത്. കടമെടുത്താണെങ്കിലും ക്ഷേമപെൻഷൻ കൃത്യമായി മാസംതോറും നൽകാൻ പിന്നീട് സർക്കാർ നടപടി സ്വീകരിച്ചു. എങ്കിലും മൂന്നുമാസത്തെ കുടിശ്ശിക ഇപ്പോഴും ബാക്കിനിൽക്കുകയാണ്.

ഗുണഭോക്താവിന്റെ മരണശേഷം ബന്ധുക്കളുംമറ്റും പെൻഷൻ തുടർന്നും കൈപ്പറ്റുന്നെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് 'മസ്റ്ററിങ്' സംവിധാനം ഏർപ്പെടുത്തിയത്. ഈ വിവരശേഖരണ പരിശോധനയെ മറികടക്കാൻ ഗുണഭോക്തൃപ്പട്ടികയിലെ സർക്കാർ ജീവനക്കാർക്ക് എങ്ങനെ സാധിച്ചു എന്നത് നിഗൂഢമാണ്. ധനവകുപ്പിന്റെ നിർദേശപ്രകാരം ഇൻഫർമേഷൻ കേരള മിഷൻ നടത്തിയ പരിശോധനയിലാണ് ഇപ്പോൾ തട്ടിപ്പു പുറത്തുവന്നത്. ഇപ്പോൾ പുറത്തുവന്ന അനർഹപ്പട്ടികയിലെ അധികംപേരും ഭിന്നശേഷി പെൻഷൻകാരാണ്. പതിനെട്ടു വയസ്സുകഴിയുമ്പോൾ ഈ പെൻഷൻ കിട്ടിത്തുടങ്ങും. പിന്നീട് ജോലികിട്ടുമ്പോൾ അക്കാര്യം നിയമാനുസൃതം അറിയിച്ച് പെൻഷൻ നിർത്തിവെപ്പിക്കേണ്ടതാണ്. സർക്കാർശമ്പളം ലഭിക്കുമ്പോൾത്തന്നെ ക്ഷേമപെൻഷന്റെ തുകകൂടി കൈക്കലാക്കിയത് അധാർമികതയും മര്യാദകേടും മാത്രമല്ല, നിയമലംഘനവുമാണ്.

കുറ്റകൃത്യം ഗുരുതരമാകുന്നത് അതു കുറ്റമാണെന്ന് അറിഞ്ഞുകൊണ്ടു ചെയ്യുമ്പോഴാണ്. തങ്ങൾ ചെയ്യുന്നത് മോഷണം അല്ലെങ്കിൽ കവർച്ച തന്നെയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടു തന്നെയാണ് ഈ തട്ടിപ്പു നടത്തിയവർ അതു ചെയ്തിരിക്കുന്നത്. സർക്കാർ ജീവനക്കാർ ശമ്പളത്തോടൊപ്പം സാമൂഹികസുരക്ഷാ പെൻഷൻകൂടി വാങ്ങിയത് അതുകൊണ്ടുതന്നെ അതീവഗുരുതര കുറ്റകൃത്യമാണ്. തട്ടിയെടുത്ത പെൻഷൻ തുകയും പലിശയും അവരിൽനിന്നു ഈടാക്കുന്നതുകൊണ്ടോ വെറും വകുപ്പുതല നടപടിയെടുക്കുന്നതുകൊണ്ടോ പ്രശ്നങ്ങൾ അവസാനിക്കരുത്. വിദ്യാഭ്യാസവകുപ്പ്, മെഡിക്കൽ, മൃഗസംരക്ഷണം, ആയുർവേദം തുടങ്ങി വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നവർ ഈ തട്ടിപ്പിൽ ഭാഗഭാക്കായിട്ടുണ്ട്. പാവപ്പെട്ടവർക്കു ലഭിക്കേണ്ട തുകയാണ് ഈ വകയിൽ വഴിമാറിപ്പോയിരിക്കുന്നത്.

ഈ കുറ്റകൃത്യം വളരെ ആസൂത്രിതമായി അതിന്റെ ഭവിഷ്യത്തുകൾ അറിഞ്ഞുകൊണ്ടു തന്നെ ചെയ്തിട്ടുള്ളതാണ്. തട്ടിപ്പു കണ്ടു പിടിച്ചാൽ തന്നെ തട്ടിയെടുത്ത തുക തിരിച്ചടച്ച് പ്രശ്നങ്ങളിൽനിന്ന് ഒഴിവാകാം എന്ന ആത്മവിശ്വാസമാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചവർക്കു ധൈര്യം നൽകിയിരിക്കുന്നത്.

കാര്യമായ വരുമാനമൊന്നുമില്ലാതെ, ഈ ചെറുതുകയെ ആശ്രയിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നവരാണ് ക്ഷേമപെൻഷന്റെ അർഹഗുണഭോക്താക്കളെന്ന് അറിയാത്തവരല്ല ഇവർ. എന്നിട്ടും ആ നീക്കിവെപ്പിലൊരു പങ്കുപറ്റാൻ കാട്ടിയ സത്യസന്ധതയില്ലായ്മ ലജ്ജാകരമാണ്. ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും ജോലിചെയ്യുന്ന അനേകം സർക്കാരുദ്യോഗസ്ഥരുടെ സമൂഹത്തിനാണ് ഇവർ മാനഹാനി വരുത്തിയത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സ്വമേധയാ സംഭാവന നൽകിയവരും കൂടുതൽ സമയം ഓഫീസിൽ ചെലവഴിച്ച് അധികജോലി തീർക്കുന്നവരുമൊക്കെ നമ്മുടെ സംസ്ഥാനജീവനക്കാർക്കിടയിലുണ്ട്. നിർധനകുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യ പഠനസഹായം ചെയ്യുന്ന എത്രയോ സർക്കാർസ്കൂളധ്യാപകർ നമുക്കിടയിലുണ്ട്. അവരുടെയൊക്കെ സത്പേരിനെ ബാധിക്കുന്നവിധത്തിലാണ് ചെറിയൊരു വിഭാഗത്തിന്റെ അന്യായപ്രവൃത്തി കലാശിച്ചിരിക്കുന്നത്. അർഹിക്കുന്ന നിയമ-വകുപ്പുതല നടപടികൾ തെറ്റുകാർക്കെതിരെ ഉണ്ടാകുകതന്നെ വേണം. അതോടൊപ്പം, ക്ഷേമപെൻഷൻ ഗുണഭോക്തൃപ്പട്ടിക പൂർണമായി ശുദ്ധീകരിച്ച്, അർഹർമാത്രമേ ആനുകൂല്യം കൈപ്പറ്റുന്നുള്ളൂ എന്ന് ഉറപ്പാക്കാനുള്ള എല്ലാ നടപടികളും കൈക്കൊള്ളണം.

# ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കണം: ഇന്ത്യ

ന്യൂഡൽഹി: ബംഗ്ലാദേശിൽ ഭീഷണികൾക്കും ആക്രമണങ്ങൾക്കും ഇരയാകുന്ന ഹിന്ദുക്കളെയും മറ്റു ന്യൂനപക്ഷ സമുദായങ്ങളെയും സംരക്ഷിക്കണമെന്ന് അവിടത്തെ ഇടക്കാല സർക്കാരിനോട് ഇന്ത്യ. രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്ത ചിന്മയ് കൃഷ്ണ ദാസിന്റെ കേസ് നീതിയുക്തമായും സുതാര്യമായും കൈകാര്യം ചെയ്യണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു.

വിഷയത്തിൽ ഇന്ത്യയുടെ നിലപാട് വ്യക്തമാണെന്നും എല്ലാ ന്യൂനപക്ഷങ്ങളെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഇടക്കാല സർക്കാർ നിറവേറ്റണമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോടു വ്യക്തമാക്കി. ബംഗ്ലാദേശിലെ വർധിച്ചുവരുന്ന അക്രമ സംഭവങ്ങൾ, തീവ്രവാദ പ്രസ്താവനകൾ, പ്രകോപനങ്ങൾ തുടങ്ങിയവയിൽ ഇന്ത്യക്ക് ആശങ്കയുണ്ട്. അവിടത്തെ സംഭവവികാസങ്ങൾ മാധ്യമങ്ങളുടെ അതിശയോക്തിയായി മാത്രം തള്ളിക്കളയാനാകില്ല. ന്യൂനപക്ഷ സംരക്ഷണത്തിനുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ബംഗ്ലാദേശിനോട് ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നു- അദ്ദേഹം കൂട്ടിച്ചേർത്തു.

രാജ്യദ്രോഹക്കുറ്റം ചുമത്തി ബംഗ്ലാദേശി ഹിന്ദുസന്യാസി ചിന്മയ് കൃഷ്ണ ദാസിനെ അറസ്റ്റ് ചെയ്തതിനെക്കുറിച്ചു പരാമർശിക്കവേ, അധികാരികൾ ആ കേസ് നീതിയുക്തമായും സുതാര്യമായും കൈകാര്യം ചെയ്യുമെന്നു പ്രതീക്ഷിക്കുന്നതായി ജയ്സ്വാൾ പറഞ്ഞു. സാമൂഹിക സേവനത്തിൽ ശക്തമായ റെക്കോർഡുള്ള ആഗോള സംഘടനയായി 'ഇസ്കോണി'നെ (ഇന്റർനാഷണൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നെസ്) തങ്ങൾ കാണുന്നു. നിയമപരമായ അവകാശങ്ങൾ ഉറപ്പാക്കപ്പെടുന്ന വിധത്തിൽ നടപടികൾ മുന്നോട്ടു പോകുമെന്നാണു കരുതുന്നത്. ബംഗ്ലാദേശിലെ ഹിന്ദുക്കളുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും അവസ്ഥയെക്കുറിച്ച് ഇന്ത്യ വളരെ വ്യക്തമായി ധാക്ക അധികാരികളോടു പറഞ്ഞിട്ടുണ്ടെന്നും ജയ്സ്വാൾ വ്യക്തമാക്കി.



ചിറ്റഗോങ്ങിലെ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ ചിന്മയ് കൃഷ്ണദാസിനെ എത്തിച്ചപ്പോൾ.

ധാക്കയിലെ ഹസ്രത്ത് ഷാജലാൽ രാജ്യാന്തര വിമാനത്താവളത്തിൽവെച്ചാണ് നവംബർ 25-ാം തീയതി ചിന്മയ് കൃഷ്ണദാസിനെ പോലീസുദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്തത്. ചിറ്റഗോംഗിൽ ബംഗ്ലാദേശ് ദേശീയപതാകയ്ക്കു മുകളിൽ കാവിപ്പതാക ഉയർത്തിയതായി ആരോപിച്ച് അദ്ദേഹത്തിനെതിരെ രാജ്യദ്രോഹക്കുറ്റമാണു ചുമത്തിയിരിക്കുന്നത്. ഇസ്കോണിന്റെ ബംഗ്ലാദേശ് ചാപ്റ്ററിൽനിന്ന് 2023-ൽ പുറത്താക്കപ്പെട്ടയാളാണു ചിന്മയ് കൃഷ്ണദാസ് എന്നു റിപ്പോർട്ടുണ്ട്.

എന്നാൽ, ഹിന്ദുക്കളുടെ സംരക്ഷണത്തിന് സമാധാനപരമായി ആഹ്വാനം ചെയ്യാനുള്ള ദാസിന്റെ അവകാശങ്ങളെ പിന്തുണയ്ക്കുന്നതിൽനിന്ന് സംഘടന അകലം പാലിച്ചിട്ടില്ലെന്ന് ഇസ്കോൺ വ്യക്തമാക്കിയിരുന്നു. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങൾക്കായി സഹവർത്തിത്വ അന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനെയും പിന്തുണയ്ക്കുന്നതായി അവർ പറഞ്ഞു.

ഓഗസ്റ്റ് 16-ന് ഇടക്കാല ഭരണാധികാരി മുഹമ്മദ് യൂനുസുമായുള്ള ഫോൺ സംഭാഷണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ബംഗ്ലാദേശിലെ ഹിന്ദുക്കളുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും വിഷയം ഉന്നയിച്ചിരുന്നു. എന്നാൽ ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ അതിശയോക്തിപരമാണെന്നായിരുന്നു ബംഗ്ലാദേശ് നിലപാട്. ഇന്ത്യയിലേക്കു പലായനം ചെയ്ത ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയെ കൈമാറാനുള്ള സാധ്യതയെക്കുറിച്ചും അവർ ആരാഞ്ഞിരുന്നു.

വിദ്യാർത്ഥി ഗ്രൂപ്പുകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭത്തെത്തുടർന്ന് കഴിഞ്ഞ ഓഗസ്റ്റിലാണ് ഷെയ്ഖ് ഹസീന സ്ഥാനമൊഴിഞ്ഞത്. തുടർന്ന് അവർ ഇന്ത്യയിലെത്തിയതോടെ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളായിരുന്നു. നോബൽ സമ്മാനജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള കാവൽ ഭരണകൂടം അധികാരമേറ്റശേഷം ഹിന്ദു ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങൾ വർധിച്ചുവരുന്ന വിവരം ഇന്ത്യ ആവർത്തിച്ച് ഉന്നയിച്ചിട്ടുണ്ട്.

ന്യൂനപക്ഷങ്ങൾക്ക് നേരെ നടക്കുന്ന നീക്കങ്ങൾ അംഗീകരിക്കാനാകില്ലെന്ന ഇന്ത്യയുടെ നിലപാട് ബംഗ്ലാദേശ് തള്ളിയതോടെ ഇരുരാജ്യങ്ങൾക്കും ഇടയിലെ തർക്കം വീണ്ടും രൂക്ഷമാകുകയാണ്. ആഭ്യന്തര കാര്യങ്ങളിൽ ഇന്ത്യ ഇടപെടേണ്ടതില്ലെന്നാണ് ബംഗ്ലാദേശ് വിദേശകാര്യമന്ത്രാലയത്തിന്റെ നിലപാട്.

# ജിഡിപി വളർച്ചയിൽ വൻ ഇടിവ്

ന്യൂഡൽഹി: ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദന (ജിഡിപി) വളർച്ചാനിരക്ക് നടപ്പു സാമ്പത്തികവർഷത്തെ രണ്ടാംപാദത്തിൽ (ജൂലൈ-സെപ്റ്റംബർ) 5.4 ശതമാനമായി ഇടിഞ്ഞു. നിർമാണ, മൈനിംഗ് മേഖലയിലുണ്ടായ മോശം പ്രകടനമാണ് ഈ പാദത്തിലെ ജിഡിപി (ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട്) വളർച്ചയെ ബാധിച്ചത്. നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (എൻഎസ്ഒ) നവംബർ 29-നാണ് കണക്കുകൾ പുറത്തുവിട്ടത്. ഏപ്രിൽ-ജൂൺ പാദത്തിൽ 6.7 ശതമാനവും കഴിഞ്ഞ വർഷം (2023-24) ഇതേ കാലയളവിലെ 8.1 ശതമാനമായിരുന്നു വളർച്ച. 2022-2023 സാമ്പത്തികവർഷത്തിലെ മൂന്നാം പാദത്തിൽ (ഒക്ടോബർ-ഡിസംബർ) 4.3 ശതമാനം രേഖപ്പെടുത്തിയശേഷം ഏറ്റവും താഴ്ന്ന വളർച്ചയാണ് കഴിഞ്ഞ പാദത്തിലേത്. ഈ വർഷം ഏഴു ശതമാനത്തിന് മുകളിൽ റിസർവ് ബാങ്ക് അടക്കം വളർച്ച പ്രഖ്യാപിച്ചിടത്താണ് രണ്ടാംപാദത്തിലെ കൂപ്പുകുത്തൽ.

കണക്കുകൾ ഇങ്ങനെയാണെങ്കിലും ചൈനയുടെ ജിഡിപി വർധന ജൂലൈ-സെപ്റ്റംബർ പാദത്തിൽ 4.6 ശതമാനമായതിനാൽ ഇന്ത്യ അതിവേഗം വളരുന്ന സാമ്പത്തികശക്തിയായി തുടരുന്നു.

സാമ്പത്തിക പ്രവർത്തനം അളക്കുന്ന ഗ്രോസ് വാല്യൂ ആഡഡ് (ജിവിഎ) 5.6 ശതമാനം ഉയർന്നു. ജിവിഎയുടെ വർധന മുൻവർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയ 7.7 ശതമാനത്തേക്കാൾ വളരെക്കുറവാണ്. കഴിഞ്ഞ പാദത്തിലിത് 6.8 ശതമാനമായിരുന്നു.

ഈ പാദത്തിലെ മേഖല അടിസ്ഥാനമാക്കിയുള്ള പ്രകടനം സമ്മിശ്രമാണ്. കാർഷിക മേഖലയിൽ 3.5 ശതമാനത്തിന്റെ വളർച്ചയുണ്ടായി. മുൻപാദത്തിൽ രണ്ടു ശതമാനവും മുൻ വർഷം ഇതേ കാലയളവിൽ 1.7 ശതമാനവുമാണ് രേഖപ്പെടുത്തിയത്. ഖനന മേഖല 0.1 ശതമാനത്തിലേക്കു ചുരുങ്ങി. മുൻ വർഷത്തിൽ 11.1 ശതമാനം വളർച്ചയിൽനിന്നും ഈ സാമ്പത്തിക വർഷത്തെ ആദ്യപാദത്തിലെ 7.2 ശതമാനം വളർച്ചയിൽനിന്നുമാണ് കുത്തനെ ഇടിഞ്ഞത്.

നിർമാണമേഖലയിലെ വളർച്ച 2.2 ശതമാനമാണ് താഴ്ന്നത്. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 14.3 ശതമാനമാണ് ഉയർന്നത്. മുൻപാദത്തിൽ വളർച്ച 7.7 ശതമാനമായിരുന്നു. ഇലക്ട്രിസിറ്റി വിഭാഗത്തിലും ഇടിവുണ്ടായി.

കെട്ടിടനിർമാണ മേഖല 7.7 ശതമാനം വളർച്ച രേഖപ്പെടുത്തിയെങ്കിലും ഒരു വർഷം മുമ്പുള്ള 13.6 ശതമാനം വളർച്ചയേക്കാൾ കുറവാണ്. ആദ്യപാദത്തിൽ 10.5 ശതമാനമായിരുന്നു. വ്യാപാരം, ഹോട്ടലുകൾ, ഗതാഗതം എന്നിവയിൽ ചെറിയ തോതിൽ ഉയർച്ചയുണ്ടായി. കയറ്റുമതിയിൽ 2.8 ശതമാനം വളർച്ചയുണ്ടായി.



Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews




Need Health Insurance Coverage?
You may qualify for $0 monthly premium health insurance
ACA/ OBAMACARE/ MARKETPLACE HEALTH INSURANCE
CALL 530 298 8078
SEE IF YOU QUALIFY FOR TAX SUBSIDY
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com




B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# ഭരണഘടനയുടെ 75–ാം വാർഷികത്തിന് പ്രൗഢതുടക്കം കുറിച്ചു

ന്യൂഡൽഹി: ഭരണഘടന പിറന്ന അതേ ഹാളിൽ പുതിയകാല ഇന്ത്യയിലെ ജനങ്ങളെ പ്രതിനിധീകരിച്ചവർ ഒന്നിച്ചിരുന്നു. ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ലോക്സഭാ സ്പീക്കറും ചേർന്നു രാഷ്ട്രപതിയെ ക്ഷണിച്ചു കൊണ്ടുവന്നു. ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങൾ സദസ്സിലിരുന്നു. പിന്നാലെ ‘നാം, ഇന്ത്യയിലെ ജനങ്ങൾ’ എന്നു തുടങ്ങുന്ന ഭരണഘടനയുടെ ആമുഖഭാഗം രാഷ്ട്രപതിക്കൊപ്പം ഏവരും ഏറ്റുചൊല്ലിയതോടെ ഭരണഘടനയുടെ 75-ാം വാർഷികാഘോഷങ്ങൾക്കു പ്രൗഢമായ തുടക്കമായി.



ഭരണഘടന അംഗീകരിച്ചതിന്റെ ഓർമയ്ക്കായി പഴയ പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിൽ പ്രത്യേക നാണയം പുറത്തിറക്കുന്ന രാഷ്ട്രപതി ദ്രൗപദി മുർമു.

കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരു വർഷത്തെ ആഘോഷ പരിപാടികളാണു രാഷ്ട്രപതി ദ്രൗപദി മുർമു പഴയ പാർലമെന്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിൽ (കോൺസ്റ്റിറ്റ്യുവന്റ് ഹാൾ) ഉദ്ഘാടനം ചെയ്തത്. സാമൂഹിക നീതിയുടെയും സാർവത്രിക വളർച്ചയുടെയും പടവുകളിലേക്കു നമ്മെ കൈപിടിച്ച് ജീവസ്സുറ്റ രേഖയാണു ഭരണഘടനയെന്നു ദ്രൗപദി മുർമു പറഞ്ഞു.

ഇന്ത്യയെന്ന ജനാധിപത്യ റിപ്പബ്ലിക്കിന് കരുത്തു നൽകുന്ന അടിസ്ഥാനശിലയാണ് ഭരണഘടന. ഐക്യവും അഖണ്ഡതയും സംരക്ഷിക്കുക, സാഹോദര്യം ഉറപ്പാക്കുക, സ്ത്രീയുടെ അന്തസ്സ്, പരിസ്ഥിതി പരിപാലനം, ശാസ്ത്രാവബോധം വളർത്തൽ, പൊതുമുതൽ സംരക്ഷണം തുടങ്ങി പൗരന്റെ കടമകളെക്കുറിച്ചും രാഷ്ട്രപതി പറഞ്ഞു. ഭരണഘടന അംഗീകരിച്ചതിന്റെ ഓർമയ്ക്കായി സ്മാരക സ്റ്റാംപും നാണയവും രാഷ്ട്രപതി പുറത്തിറക്കി. ഭരണഘടനയുടെ സംസ്കൃതം, മൈഥിലി പരിഭാഷകളും പുറത്തിറക്കി.

# ഇന്ത്യയിൽനിന്നുള്ള തൊഴിൽക്കുടിയേറ്റത്തിൽ മൂന്നിരട്ടി വർധന

ന്യൂഡൽഹി: കഴിഞ്ഞ മൂന്നുവർഷത്തിനിടെ ഇന്ത്യയിൽനിന്ന് വിദേശത്തേക്ക് കുടിയേറിയ അവിദഗ്ധ തൊഴിലാളികളുടെ എണ്ണത്തിൽ വൻ വർധനയെന്ന് കേന്ദ്രസർക്കാർ. എംപിമാരായ സഞ്ജയ് ജാദവ്, നാരായൺ റാണെ എന്നിവരുടെ ചോദ്യത്തിന് കേന്ദ്ര നൈപുണി വികസന മന്ത്രി ജയന്ത് ചൗധരിയാണ് മറുപടി നൽകിയത്. 2021-ൽ 1,32,675 പേർക്ക് വിദേശത്തെ ജോലിചെയ്യാൻ ആവശ്യമായ കേന്ദ്രാനുമതി (എമിഗ്രേഷൻ ക്ലിയറൻസ്) ലഭിച്ചു. 2022-ൽ 3,73,425 ആയും 2023-ൽ 3,98,317-ഉം ആയി വർധിച്ചു. വിദേശകാര്യ മന്ത്രാലയത്തിന്റെ ഇ-മൈഗ്രേറ്റ് പോർട്ടൽ വഴി ലഭിച്ച കണക്കുകളാണ് മന്ത്രിസഭയിൽ അവതരിപ്പിച്ചത്. ഇ.സി.ആർ. പാസ്പോർട്ടുകൾ കൈവശമുള്ള അവിദഗ്ധരായ തൊഴിലാളികൾക്ക് വിദേശജോലിക്ക് കേന്ദ്ര അനുമതി ആവശ്യമാണ്. ഇന്ത്യൻ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന ഇസിആർ രാജ്യങ്ങളിലെ വിദേശ തൊഴിലുടമകൾ പോർട്ടൽ വഴി വിദേശകാര്യ മന്ത്രാലയത്തിൽനിന്ന് അനുമതി വാങ്ങണമെന്നും മന്ത്രിയുടെ മറുപടിയിലുണ്ട്.

# ജോലി സംവരണത്തിന് വേണ്ടിയാകരുത് മതപരിവർത്തനം

ന്യൂഡൽഹി: സംവരണം നേടുകയെന്ന ലക്ഷ്യത്തോടെമാത്രം മതംമാറുന്നത് ഭരണഘടനയോടുള്ള വഞ്ചനയാണെന്ന് സുപ്രീംകോടതി. ക്രിസ്തുമതം സ്വീകരിച്ചശേഷം ഹിന്ദുവാണെന്നവകാശപ്പെട്ട് പുതുച്ചേരി സ്വദേശിനി നേടിയ പട്ടികജാതി സർട്ടിഫിക്കറ്റ് റദ്ദാക്കിയ മദ്രാസ് ഹൈക്കോടതിവിധി ശരിവെച്ചുകൊണ്ടാണ് സുപ്രീംകോടതിയുടെ നിരീക്ഷണം.

ഒരാൾ മതംമാറുന്നത് അതിലെ തത്ത്വങ്ങളും ആത്മീയചിന്തകളും യഥാർത്ഥത്തിൽ സ്വാധീനിക്കപ്പെടുമ്പോഴാണെന്ന് ജസ്റ്റിസുമാരായ പങ്കജ് മിത്തൽ, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് ചൂണ്ടിക്കാട്ടി.

ശരിയായ വിശ്വാസത്തിനുവേണ്ടിയല്ലാതെ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കാൻമാത്രമായി മതംമാറുന്നതിനോട് യോജിക്കാനാകില്ല. അത്തരം ദുരുദ്ദേശ്യമുള്ളവരിലേക്കും ആനുകൂല്യമെത്തുന്നത് സംവരണനയങ്ങളെ പരാജയപ്പെടുത്തുമെന്ന് കോടതി പറഞ്ഞു.

പരാതിക്കാരിയായ സി. സെൽവറാണി ക്രിസ്തുമതത്തിലേക്ക് മാറിയിരുന്നെന്നും കൃത്യമായി പള്ളിയിൽ പോയിരുന്നെന്നും വ്യക്തമാണ്. എന്നിട്ടും ജോലിക്കായി അവർ ഹിന്ദുവും പട്ടികജാതിയുമാണെന്ന് അവകാശപ്പെട്ടു. അങ്ങനെ ചെയ്യുന്നത് ഭരണഘടനയോടുള്ള വഞ്ചനയാണ്. പരാതിക്കാരിയുടെ നടപടി പിന്നാക്കവിഭാഗങ്ങളുടെ ഉന്നമനമെന്ന സംവരണ നയങ്ങളുടെ അന്തഃസത്തയ്ക്ക് എതിരാണെന്നും ബെഞ്ച് നിരീക്ഷിച്ചു.

സെൽവറാണിയുടെ അച്ഛൻ ഹിന്ദുവും അമ്മ ക്രിസ്ത്യാനിയുമാണ്. ജനിച്ച് അധികംവൈകാതെ മാമോദീസാ ചടങ്ങിലൂടെ അവർ ക്രിസ്ത്യാനിയായി. 2015-ൽ പുതുച്ചേരിയിലെ യുഡി ക്ലാർക്ക് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനാണ് അവർ പട്ടികജാതി സർട്ടിഫിക്കറ്റ് നേടിയത്. സെൽവറാണി പിന്നീട് ഹിന്ദുവായതിന് തെളിവൊന്നും സമർപ്പിക്കാനായില്ലെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

# ക്ഷേമ പെൻഷൻ വാങ്ങുന്നവരിൽ ഗവ. ജീവനക്കാരും; പലിശയടക്കം തിരിച്ചുപിടിക്കും

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയെത്തുടർന്നു പണം കടമെടുത്തു നൽകുന്ന 1600 രൂപ ക്ഷേമപെൻഷനിലും കയ്യിട്ടുവാരി 1458 സർക്കാർ ജീവനക്കാർ. ഇവരിൽ രണ്ട് കോളജ് പ്രഫസർമാരും മൂന്ന് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുമുണ്ട്. വിവിധ വകുപ്പുകളിലെ ഗസറ്റഡ് ഉദ്യോഗസ്ഥരും ഹൈക്കോടതി ജീവനക്കാരും പട്ടികയിലുണ്ട്.

കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാനും കൈപ്പറ്റിയ പെൻഷൻ തുക പലിശയടക്കം തിരിച്ചുപിടിക്കാനും മന്ത്രി കെ.എൻ. ബാലഗോപാൽ നിർദേശം നൽകി.

പെൻഷൻ നൽകാനുള്ള ‘സേവന’ സോഫ്റ്റ്‌വെയറും ജീവനക്കാരുടെ ശമ്പള വിതരണത്തിനുള്ള ‘സ്പാർക്’ സോഫ്റ്റ്‌വെയറും ബന്ധിപ്പിച്ചായിരുന്നു ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെയുള്ള ധനവകുപ്പിന്റെ പരിശോധന. രണ്ടിലും ഒരേ ആധാർ നമ്പർ കണ്ടെത്തുകയും ഇവർ ഒരേ ആൾക്കാരാണെന്നു സ്ഥിരീകരിക്കുകയും ചെയ്തു. പതിനായിരങ്ങളും ലക്ഷത്തിലേറെയും രൂപ മാസശമ്പളം വാങ്ങുന്നവർ ഓരോ വർഷവും മസ്റ്ററിങ് നടത്തി ക്ഷേമപെൻഷൻ വാങ്ങുന്നുവെന്നത് ധനവകുപ്പിനെയും ഞെട്ടിച്ചു.

60 ലക്ഷത്തോളം പേർക്കാണ് സർക്കാർ ക്ഷേമപെൻഷൻ നൽകുന്നത്. പണമില്ലാത്തതിനാൽ നാല് മാസത്തെ പെൻഷൻ ഇപ്പോൾ കുടിശികയാണ്. ഒരു മാസം പെൻഷൻ നൽകാൻ 800 കോടിയോളം വേണം.

# വിഴിഞ്ഞത്തിന് 795 കോടി അനുവദിച്ചു

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖപദ്ധതിക്ക് 795 കോടിയുടെ കേന്ദ്രസഹായം. സംസ്ഥാനങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് കേന്ദ്രം നൽകുന്ന കാപ്പക്സ് വായ്പ (സ്പെഷ്യൽ അസിസ്റ്റൻസ് ഫോർ സ്റ്റേറ്റ് ഇൻ കാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്കീം) പ്രകാരമാണ് അനുവദിച്ചത്. തുറമുഖ പദ്ധതിയുടെ വയബിലിറ്റി ഗ്യാപ് ഫണ്ട് വിഷയത്തിൽ കേന്ദ്രവുമായി തർക്കം തുടരുന്നതിനിടെയാണിത്. കൊച്ചി മെട്രോ പദ്ധതിക്കുൾപ്പെടെ 1059 കോടിയാണ് 2024-25 വർഷത്തേക്ക് കാപ്പക്സ് പദ്ധതി പ്രകാരം കേരളത്തിന് അനുവദിച്ചത്. 50 വർഷത്തേക്ക് പലിശരഹിതമായാണ് വായ്പ അനുവദിച്ചത്. ഈ സാമ്പത്തിക വർഷംതന്നെ വിനിയോഗിക്കണം. കേരളത്തിന്റെ കടമെടുപ്പ് പരിധിയിൽ വരില്ലെന്ന പ്രത്യേകതയുമുണ്ട്.






KERALA EXPRESS
പ്രവാസി താളുകൾ

## ബെസ്റ്റ് ലീഡർഷിപ് അവാർഡ് സാറ ഐപ്പിന്; ഡോ. ബിനു ഷാജിമോന് പ്രത്യേക പുരസ്കാരം

# നൈനയുടെ 'നൈറ്റിംഗേൽ പുരസ്കാരം' ബ്രിജിറ്റ് വിൻസെന്റിന്

അമേരിക്കയിലെ നേഴ്സിംഗ് രംഗത്ത് തിളക്കമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ചതിന് നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് നോർത്ത് അമേരിക്ക (NAINA)-യുടെ പുരസ്കാരങ്ങൾ ലഭിച്ച ബ്രിജിറ്റ് വിൻസെന്റ്, സാറ ഐപ്പ്, ഡോ. ബിനു ഷാജിമോൻ എന്നിവർക്ക് ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ ആദരം. നോർത്ത് ഈസ്റ്റ് ഫിലാഡൽഫിയയിലെ മലയാളി സംഗമ വേദിയായ മയൂരാ റസ്റ്റോറന്റ് കേന്ദ്രീകരിച്ച് നടന്ന ട്രൈസ്റ്റേറ്റ് കേരളാ ഫോറം-ദിനോത്സവം പരിപാടിയുടെ വേദിയിൽ വെച്ചാണ് അനുമോദനച്ചടങ്ങ് നടന്നത്.

ഒൻപതാമത് നൈന ബൈനിയൽ കോൺഫറൻസിൽ വെച്ചാണ് നേഴ്സിംഗിന്റെ വിവിധ വിഭാഗങ്ങളിലെ മികച്ച സേവനങ്ങൾക്ക് അവാർഡുകൾ നല്കിയത്. സമൂഹത്തിലും സംഘടനകളിലും ശ്രദ്ധേയമായ സംഭാവനകൾ സമർപ്പിച്ച വ്യക്തികളെയാണ് നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് നോർത്ത് അമേരിക്ക ചടങ്ങിൽ അനുമോദിക്കുകയും പ്രശസ്തി പത്രങ്ങൾ സമ്മാനിക്കുകയും ചെയ്തത്. ഇന്ത്യൻ നേഴ്സുമാരെ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ അണിനിരത്തുന്ന ബൃഹത്തായ സംഘടനയാണ് നൈന. 24 ചാപ്റ്ററുകളുള്ള നൈനയുടെ ശക്തമായ ചാപ്റ്ററുകളിലൊന്നാണ് പെൻസിൽവാനിയ നേഴ്സസ് അസോസിയേഷൻ എന്ന 'പിയാനോ'. വിവിധ സംഘടനകളുടെ ഒരുമയിൽ പ്രവർത്തിക്കുന്ന ട്രൈസ്റ്റേറ്റ് ഫോറത്തിന്റെ ഒരു പ്രധാന പോഷക സംഘടന കൂടിയാണ് പിയാനോ.

നേഴ്സിംഗ് പ്രൊഫഷണലുകൾ നല്കുന്ന സ്തുത്യർഹമായ സേവനങ്ങൾക്കുള്ള അംഗീകാരമായി നൈന നല്കുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണ് 'നൈറ്റിംഗേൽ പുരസ്കാരം.' പിയാനോയുടെ സ്ഥാപക പ്രസിഡണ്ടും പെൻസിൽവാനിയ നേഴ്സസ് ബോർഡ് മെംബറുമായ ബ്രിജിറ്റ് വിൻസെന്റാണ് നൈനയുടെ നൈറ്റിംഗേൽ പുരസ്കാരത്തിന് അർഹയായത്. നേഴ്സിംഗ് രംഗത്ത് 48 വർഷമായി തുടരുന്ന ബ്രിജിറ്റ് വിൻസെന്റിന്റെ സ്തുത്യർഹ സേവനങ്ങൾക്കുള്ള ബഹുമതിയായി അവാർഡ്. നേഴ്സിംഗിലെ ദീർഘകാല സേവനവും ആതുരശുശ്രൂഷാ രംഗത്തെ അതുല്യമായ പ്രവർത്തനങ്ങളും ബ്രിജിറ്റിനെ വേറിട്ടു നിർത്തുന്നു. പെൻസിൽവാനിയ നേഴ്സിംഗ് ബോർഡ് മെംബറായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ ഇന്ത്യൻ വംശജയെന്ന ബഹുമതിക്ക് ഉടമ കൂടിയാണ് ബ്രിജിറ്റ് വിൻസെന്റ്.













പിയാനോ സ്ഥാപക പ്രസിഡണ്ടായ ബ്രിജിറ്റ് ഏറെക്കാലം റ്റെമ്പിൾ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ കാർഡിയോളജി വിഭാഗം നേഴ്സായിരുന്നു. യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവാനിയാ ഹോസ്പിറ്റലിൽ നേഴ്സ് പ്രാക്ടീഷണറുമായിരുന്നു. നിലവിൽ ലാങ്ഹോൺ സെന്റ് മേരീസ് മെഡിക്കൽ സെന്ററിൽ നേഴ്സ് പ്രാക്ടീഷണറാണ്. കോതമംഗലം സ്വദേശിയായ ബ്രിജിറ്റ് വിൻസെന്റ് അമേരിക്കയിലെ മുതിർന്ന മാധ്യമപ്രവർത്തകനും ബിസിനസുകാരനുമായ വിൻസെന്റ് ഇമ്മാനുവലിന്റെ ഭാര്യയാണ്. ആരോഗ്യ, ആതുര പരിശീലന രംഗത്തെ നേതൃനിരയിലേക്ക് കൂടുതൽ നേഴ്സുമാർ കടന്നുവരാൻ പ്രചോദനമാകുന്ന തരത്തിലാണ് നൈനയുടെ പ്രവർത്തനങ്ങളെന്ന് പുരസ്കാരം സ്വീകരിച്ച് ബ്രിജിറ്റ് വിൻസെന്റ് പ്രതികരിച്ചു. ആരോഗ്യമേഖലയിൽ അസമത്വമനുഭവിക്കുന്നവർക്കും സമൂഹത്തിനും ഗുണമേന്മയുള്ള പരിചരണം ഉറപ്പുവരുത്താൻ പെൻസിൽവാനിയ നേഴ്സസ് അസോസിയേഷൻ എല്ലാക്കാലത്തും ശ്രദ്ധിച്ചിട്ടുണ്ടെന്നും ബ്രിജിറ്റ് വിൻസെന്റ് പറഞ്ഞു.

പിയാനോയുടെ നിലവിലെ പ്രസിഡണ്ടായ സാറ ഐപ് നൈന ബെസ്റ്റ് ലീഡർഷിപ് അവാർഡിനർഹയായി. പിയാനോയുടെ നേതൃത്വമേറ്റെടുത്ത ശേഷം മികച്ച രീതിയിൽ സംഘടനയെ നയിക്കുകയും പ്രവർത്തനങ്ങൾ കോഡിനേറ്റ് ചെയ്യുകയും ചെയ്തതിനാണ് പുരസ്കാരം. നേഴ്സിംഗ് രംഗത്ത് നീണ്ട 37 വർഷത്തെ സർവീസ് സാറ ഐപ്പിന്റെ നേതൃപാടവത്തിനു കരുത്താകുന്നു. ഇങ്ങനെയൊരു അംഗീകാരം ലഭിച്ചതിൽ സന്തോഷമുണ്ടെന്നും ഈ പുരസ്കാരം തങ്ങളെ സമൂഹത്തോടും സഹപ്രവർത്തകരോടും കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുന്നുവെന്നും സാറ ഐപ് പ്രതികരിച്ചു. പെൻസിൽവാനിയ നേഴ്സസ് അസോസിയേഷൻ കഴിഞ്ഞ രണ്ടു വർഷക്കാലം ഏറ്റവും നല്ല രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തിയത്. ആതുരസേവന രംഗത്തും അതോടൊപ്പം സമൂഹത്തിൽ അവഗണിക്കപ്പെടുന്നവർക്കിടയിലും പിയാനോ തങ്ങളുടെ സാന്നിദ്ധ്യമറിയിച്ചു. ചാരിറ്റി പ്രവർത്തനങ്ങൾ ഏറ്റവും ഉചിതമായ രീതിയിൽ തന്നെ ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നും സാറ ഐപ് പറഞ്ഞു. നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് നോർത്ത് അമേരിക്കയുടെ ഇവന്റ് ഫണ്ട് റെയ്സിങ് കോ-ഓർഡിനേറ്റർ ആയും സാറ ഐപ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

നൈന ബൈനിയൽ കോൺഫറൻസിൽ അടുത്ത ഭരണസമിതിയിലേക്കുള്ള എപിആർഎൻ ചെയർ ആയി തെരഞ്ഞെടുക്കപ്പെട്ട ഡോ. ബിനു ഷാജിമോനെയും ട്രൈസ്റ്റേറ്റ് കേരളാ ഫോറം ആദരിച്ചു. അഡ്വാൻസ്ഡ് പ്രാക്ടീസ് നേഴ്സിംഗിൽ (എപിഎൻ) 21 വർഷത്തിലേറെ പരിചയസമ്പത്തുള്ള പ്രഗത്ഭയായ അക്യൂട്ട് കെയർ നേഴ്സ് പ്രാക്ടീഷണറാണ് ബിനു ഷാജിമോൻ. തോമസ് ജെഫേഴ്സൺ യൂണിവേഴ്സിറ്റിയിൽ നിന്ന് കാർഡിയോളജി നേഴ്സ് പ്രാക്ടീഷണറായി മുഴുവൻ സമയവും ജോലി ചെയ്യുന്നതിനിടെ തന്നെ ഡ്രെക്സൽ യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റ് പൂർത്തിയാക്കുകയും ചെയ്തു. അമേരിക്കൻ കോളജ് ഓഫ് കാർഡിയോളജിയുടെ അസോസിയേറ്റായി അടുത്തിടെ പ്രവേശനം നേടിയത് ബിനു ഷാജിമോന്റെ കരിയറിലെ മറ്റൊരു വഴിത്തിരിവാകുന്നു.

നൈനയുടെ 2025 ഭരണസമിതിയിലേക്ക് എപിആർഎൻ ചെയർ ആയി തെരഞ്ഞെടുക്കപ്പെട്ടതു വഴി താൻ കൂടുതൽ സേവനസന്നദ്ധതയാകുന്നുവെന്ന് ബിനു ഷാജിമോൻ പറഞ്ഞു. ആതുരശുശ്രൂഷാ മേഖലയ്ക്കും നേഴ്സിംഗ് കമ്യൂണിറ്റിക്കും കൂടുതൽ വളർച്ചയുണ്ടാകുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും തന്റെ സഹകരണം ഉണ്ടാകുമെന്നും ബിനു ഷാജിമോൻ പറഞ്ഞു.

# ഇന്ത്യയിലെ ആദ്യത്തെ 'അക്ഷരം' മ്യൂസിയം ഉദ്ഘാടനം ചെയ്തു

കോട്ടയം: സഹകരണ വകുപ്പ് നിർമിച്ച ഇന്ത്യയിലെ ആദ്യത്തെ ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയമായ 'അക്ഷരം' മറിയപ്പള്ളി ഇന്ത്യാ പ്രസ് പുരയിടത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഒറ്റ ഭാഷ സംസാരിക്കുന്ന നാട് എന്ന നിലയിലേക്ക് ഇന്ത്യയെ ചുരുക്കാൻ ചിലർ കിണഞ്ഞു പരിശ്രമിക്കുമ്പോൾ, അതിനെതിരെയുള്ള ചെറുത്തുനിൽപ്പു കൂടിയായി മാറും അക്ഷരം മ്യൂസിയമെന്ന് മുഖ്യമന്ത്രി പറഞ്ഞു.



മ്യൂസിയം പൂർണമാകുന്നതോടെ കേരളത്തിന്റെ സാംസ്കാരിക ചരിത്രവും ഭാഷാ ചരിത്രവും സാഹിത്യചരിത്രവും അടയാളപ്പെടുത്തപ്പെടും. വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വർഷത്തിൽ നമ്മുടെ ഭാഷയ്ക്ക് ഒരു മ്യൂസിയം ഒരുങ്ങുന്നു എന്നത് ഏറെ ശ്രദ്ധേയം തന്നെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സഹകരണവകുപ്പും സാഹിത്യ പ്രവർത്തക സഹകരണസംഘവും സംയുക്തമായി ഏർപ്പെടുത്തിയ അഞ്ചാമത് അക്ഷരപുരസ്കാരം എം. മുകുന്ദന് മുഖ്യമന്ത്രി സമർപ്പിച്ചു. മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു.

അക്ഷരം മ്യൂസിയത്തിന്റെ ഭാഗമായി കോട്ടയത്തെ പ്രധാന സാംസ്കാരിക ചരിത്ര പൈതൃക കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി അക്ഷരം ടൂറിസം സർക്യൂട്ട് പദ്ധതി മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഇന്ത്യയിലെ ആദ്യത്തെ കോളജായ സിഎംഎസ് കോളജ്, സിഎംഎസ് പ്രസ്, മലയാളത്തിലെ ആദ്യ പത്രമായ ദീപിക ഉൾപ്പെടെ ആദ്യകാല പത്രസ്ഥാപനങ്ങൾ, പാഹ്ലവി ഭാഷയിലുള്ള ലിഖിതങ്ങൾ കൊത്തിവെച്ച വലിയപള്ളി, ചരിത്രരേഖകൾ സൂക്ഷിച്ചിരിക്കുന്ന കുമാരനല്ലൂർ ദേവീക്ഷേത്രം, ദേവലോകം അരമന, ലോകോത്തര മ്യൂറൽ പെയിന്റിംഗുകളുള്ള ചെറിയപള്ളി, തിരുനക്കര ക്ഷേത്രം, ഐതിഹ്യമാലയുടെ രചയിതാവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സ്മാരകം, താഴത്തങ്ങാടി ജുമാ മസ്ജിദ്, മാന്നാനം സെന്റ് ജോസഫ് പ്രസ് എന്നിവയെല്ലാം ഈ ടൂറിസം സർക്യൂട്ടിന്റെ ഭാഗമാകും. സ്വദേശികൾക്കും വിദേശികൾക്കും നമ്മുടെ ഭാഷാ സാംസ്കാരിക ചരിത്രത്തെക്കുറിച്ച് അവബോധം നൽകുന്നതാകും ഈ പദ്ധതിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

## പാസ്പോർട്ട് അനുവദിക്കാൻ പോലീസ് റിപ്പോർട്ട് തടസ്സമല്ല

ന്യൂഡൽഹി: പ്രതികൂലമായ പോലീസ് റിപ്പോർട്ട് കാരണം ഒരാൾക്കു പാസ്പോർട്ട് അനുവദിക്കാതിരിക്കാനാകില്ലെന്നു രാജസ്ഥാൻ ഹൈക്കോടതി വ്യക്തമാക്കി. 'പ്രതികൂലമായ പോലീസ് റിപ്പോർട്ട്, പാസ്പോർട്ട് കൈവശം ലഭിക്കാനുള്ള ഒരു പൗരന്റെ അവകാശം ഇല്ലാതാകുന്നില്ല. വ്യക്തിയുടെ വസ്തുതകൾ, മുൻകാല സംഭവങ്ങൾ എന്നിവയെല്ലാം പരിഗണിച്ച് പാസ്പോർട്ട് അനുവദിക്കണോ എന്നതിൽ പാസ്പോർട്ട് അതോറിറ്റിയാണു തീരുമാനം എടുക്കേണ്ടത്'- കോടതി വ്യക്തമാക്കി. പാസ്പോർട്ട് അനുവദിക്കുന്നതിനു മുൻപു പോലീസ് പരിശോധന നടത്താമെന്നത് ഒരു വ്യവസ്ഥ മാത്രമാണെന്നും കോടതി പറഞ്ഞു. പാസ്പോർട്ട് പുതുക്കാനുള്ള അപേക്ഷ തള്ളിയതിനെതിരെ 34 വയസ്സുകാരി നൽകിയ ഹർജിയിലാണ് ഉത്തരവ്. 2012 മുതൽ 2022 വരെ യുവതിക്കു പാസ്പോർട്ടുണ്ടായിരുന്നു. യുവതി നേപ്പാൾ സ്വദേശിയാണോയെന്നു സംശയമുണ്ടെന്നും ഈ സാഹചര്യത്തിലാണ് അപേക്ഷ തള്ളിയതെന്നും കേന്ദ്രം കോടതിയിൽ വാദിച്ചു. എന്നാൽ, ഇന്ത്യക്കാരിയല്ലെന്നു സ്ഥിരീകരിക്കാൻ വ്യക്തമായ രേഖകളില്ലെന്നു വിലയിരുത്തി കോടതി യുവതിക്ക് അനുകൂലമായി വിധി പറഞ്ഞു.

## പാസ്പോർട്ട്: പുതിയ നിബന്ധനകൾ പ്രാബല്യത്തിൽ

കൊച്ചി: പാസ്പോർട്ടിൽ ജീവിതപങ്കാളിയുടെ വിവരങ്ങൾ ഉൾപ്പെടുത്താനും ഒഴിവാക്കാനും ഇനി പുതിയ നിബന്ധനകൾ. ഇതു സംബന്ധിച്ച ഉത്തരവ് പ്രാബല്യത്തിൽ വന്നു. പാസ്പോർട്ടിനായുള്ള അപേക്ഷയിൽ ഇനിമുതൽ ജീവിതപങ്കാളിയുടെ പേരു ചേർക്കണമെങ്കിൽ സർക്കാർ രജിസ്റ്റേർഡ് വിവാഹസർട്ടിഫിക്കറ്റോ ജോയിന്റ് ഫോട്ടോ ഡിക്ലറേഷനോ സമർപ്പിക്കണം. പങ്കാളിയുടെ പേര് ഒഴിവാക്കാൻ വിവാഹമോചന ഉത്തരവ് നല്കണം. ജീവിതപങ്കാളിയുടെ പേരു മാറ്റണമെങ്കിൽ വിവാഹമോചന ഉത്തരവോ ആദ്യപങ്കാളിയുടെ മരണസർട്ടിഫിക്കറ്റോ, കൂടാതെ ഭാര്യാഭർത്താക്കന്മാരുടെ പുനർവിവാഹ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ജോയിന്റ് ഫോട്ടോ ഡിക്ലറേഷൻ എന്നിവയും നിർബന്ധമാക്കി. വിവാഹശേഷം സ്ത്രീകളുടെ കുടുംബപ്പേര് മാറ്റുന്നതിന് വിവാഹസർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഭാര്യാഭർത്താക്കന്മാരുടെ ജോയിന്റ് ഫോട്ടോ ഡിക്ലറേഷൻ എന്നിവ വേണം.

## നവീൻ ബാബുവിന്റെ മരണം; കേസ് ഡയറി ഹാജരാക്കണം

കൊച്ചി: കണ്ണൂർ എഡിഎമ്മായിരുന്ന നവീൻ ബാബുവിന്റെ മരണത്തിൽ കേസ് ഡയറി ഹാജരാക്കാനും വിശദീകരണ പത്രിക നൽകാനും പ്രത്യേക അന്വേഷണ സംഘത്തിനു (എസ്ഐടി) ഹൈക്കോടതി നിർദേശം നൽകി.

സിബിഐ അന്വേഷണമാവശ്യപ്പെട്ടു നവീൻ ബാബുവിന്റെ ഭാര്യ കെ. മഞ്ജുഷ നൽകിയ ഹർജിയിലാണു ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റെ നിർദേശം. എന്നാൽ, ഹർജി തീർപ്പാക്കുന്നതുവരെ എസ്ഐടി അന്തിമ റിപ്പോർട്ട് നൽകുന്നതു തടയണമെന്ന ആവശ്യം അനുവദിച്ചില്ല. അന്വേഷണം നടക്കട്ടെയെന്നു കോടതി പറഞ്ഞു.

കേസ് ഡയറി ആറിന് ഹാജരാക്കാനാണു നിർദേശം. സിബിഐ അന്വേഷണം സംബന്ധിച്ചു സർക്കാരിനോടും സിബിഐയോടും വിശദീകരണം തേടിയിട്ടുണ്ട്. ഹർജി ആറിനു വീണ്ടും പരിഗണിക്കും. ആത്മഹത്യയല്ല, കൊലപാതകമാണെന്നു സംശയിക്കാനുള്ള കാരണമെന്താണെന്നു കോടതി ആരാഞ്ഞു. സിപിഎം നേതാവും ഉന്നത രാഷ്ട്രീയ സ്വാധീനമുള്ളയാളുമായ പ്രതി പി.പി. ദിവ്യയെ സഹായിക്കാൻ എസ്ഐടി തെളിവുകൾ നിർമിക്കുകയാണെന്ന് ഹർജിക്കാരി വാദിച്ചു. പ്രോട്ടോക്കോൾ പ്രകാരം പ്രതിയുടെ താഴെയുള്ള ഉദ്യോഗസ്ഥരാണ് അന്വേഷണം നടത്തുന്നത്. ഉയർന്ന രാഷ്ട്രീയ സ്വാധീനം എന്നല്ലാതെ അന്വേഷണ രീതിയെ സംശയിക്കാൻ മറ്റെന്തെങ്കിലും കാരണങ്ങളുണ്ടോയെന്നു കോടതി ചോദിച്ചു. അന്വേഷണം വേഗം പൂർത്തിയാകുന്നത് ഹർജിക്കാരിക്കും ഗുണകരമല്ലേയെന്നും ആശങ്കയുടെ പേരിൽ മാത്രം അന്തിമ റിപ്പോർട്ട് നൽകുന്നത് തടസ്സപ്പെടുത്താനാകില്ലെന്നും കോടതി പറഞ്ഞു.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**






# സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തില്ല

തിരുവനന്തപുരം: കേരള സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്തണമെന്ന ഭരണപരിഷ്കാര കമ്മീഷൻ ശിപാർശ അംഗീകരിക്കേണ്ടതില്ലെന്നു മന്ത്രിസഭാ യോഗ തീരുമാനം. പെൻഷൻ പ്രായം ഉയർത്തണമെന്ന നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ പരിശോധിക്കാൻ നിയോഗിച്ച ചീഫ് സെക്രട്ടറി അധ്യക്ഷയായ സെക്രട്ടറിതല സമിതിയുടെ ശിപാർശകളാണു ഭേദഗതികളോടെ മന്ത്രിസഭാ യോഗം അംഗീകരിച്ചത്.

കേരള സർവീസ് റൂൾസ്, കെഎസ് ആൻഡ് എഎസ്എസ്ആർ, കോൺടാക്ട് റൂൾസ് എന്നിവ സംയോജിപ്പിച്ച് കേരള സിവിൽ സർവീസ് കോഡ് രൂപവത്കരിക്കും. ഇതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തി. സബോർഡിനേറ്റ് സർവീസിലും സ്റ്റേറ്റ് സർവീസിലും പ്രൊബേഷൻ ഒരു തവണ മാത്രമാകും. എല്ലാ വകുപ്പുകളും രണ്ടു വർഷത്തിനകം വിശേഷാൽ ചട്ടങ്ങൾ രൂപവത്കരിക്കുന്നതിനു നിർദേശം നൽകും.

പ്രത്യേക ലക്ഷ്യത്തോടെ സൃഷ്ടിക്കുന്ന തസ്തികകൾ ലക്ഷ്യം പൂർത്തിയായാൽ അവസാനിപ്പിക്കും. ഈ വകുപ്പിലെ ജീവനക്കാരെ ആവശ്യമായ മറ്റു വകുപ്പുകളിലേക്കു പുനർവിന്യസിക്കും. സ്ഥലമാറ്റം സംബന്ധിച്ച തർക്കം പരിഹരിക്കാൻ സർവീസ് സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി സംയുക്ത സമിതി രൂപവത്കരിക്കും. ഏതെങ്കിലും തസ്തികയിലേക്കു സ്ഥാനക്കയറ്റം ലഭിക്കാൻ പ്രത്യേകമായ പരിജ്ഞാനം ആവശ്യമാണെങ്കിൽ അത് ആർജിക്കാൻ അർഹതാപരീക്ഷ നടത്താനുള്ള ശിപാർശ അംഗീകരിച്ചു. നിയമനാധികാരി എല്ലാ വർഷവും ഒഴിവുകൾ പിഎസ്സിക്ക് റിപ്പോർട്ട് ചെയ്യണം. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ റദ്ദ് ചെയ്യരുത്. തസ്തികകൾ ഒഴിവു വരുന്ന ദിവസം പ്രധാനമായി പരിഗണിക്കണം. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് നിയമനം പാടില്ല. ഓരോ തസ്തികയിലെയും ഒഴിവ് സ്പാർക്ക് മുഖേന ലഭ്യമാക്കണം. പെൻഷനാകുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ലഘൂകരിക്കും.

സെക്രട്ടേറിയറ്റിലെ ലിങ്ക് ഓഫീസ് സംവിധാനം എല്ലാ ഓഫീസിലും ഏർപ്പെടുത്തും. ബൈ ട്രാൻസ്ഫർ മുഖേനയുള്ള എല്ലാ നിയമനങ്ങളും പിഎസ്സി നടത്തുന്ന തെരഞ്ഞെടുപ്പു പ്രക്രിയയുടെ ഭാഗമാക്കണം. റാങ്ക് ലിസ്റ്റിന്റെ കാലാവധി, തസ്തികയിലേക്കുള്ള മുഖ്യലിസ്റ്റിന്റെ കാലാവധി കഴിയുമ്പോൾ അവസാനിക്കണം. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ നിയമനം വേഗത്തിലാക്കാൻ അംഗപരിമിതർക്കനുസൃതമായി അനുയോജ്യമായ തസ്തികകളെയും യോഗ്യതകളെയും സംബന്ധിച്ച് വ്യക്തത വരുത്തണം.

എല്ലാ ജീവനക്കാർക്കും വാർഷിക ആരോഗ്യ പരിശോധന ഏർപ്പെടുത്തും. വിരമിക്കുന്നതിന് ഒരു മാസം മുമ്പ് ജീവനക്കാരന്റെ പേരിലുള്ള അച്ചടക്കനടപടി പൂർത്തീകരിക്കണമെന്നും ശിപാർശയിലുണ്ട്.

# മന്ത്രിമാരുടെ ചികിത്സച്ചെലവ് 1.73 കോടി

തിരുവനന്തപുരം: മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷ നേതാവും ഇവരുടെ കുടുംബാംഗങ്ങളും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഇതുവരെ ചികിത്സച്ചെലവ് ഇനത്തിൽ കൈപ്പറ്റിയത് 1.73 കോടി രൂപ. ഏറ്റവും കൂടുതൽ തുക വാങ്ങിയത് മുഖ്യമന്ത്രിയാണ്. 77.74 ലക്ഷം രൂപ. ചികിത്സയുടെ ബില്ലുകൾ നൽകി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിലാണു പണം കൈപ്പറ്റിയത്. സർക്കാർ ജീവനക്കാർക്കു മെഡിസെപ് പദ്ധതിയുണ്ടെങ്കിലും മന്ത്രിമാർ ഇതുവരെ ഈ പദ്ധതിക്കു കീഴിൽ ചേരാൻ താൽപര്യം പ്രകടിപ്പിച്ചിട്ടില്ല. പകരം ചികിത്സ തേടിയ ശേഷം ബില്ലുകൾ സമർപ്പിച്ച് പണം കൈപ്പറ്റുന്നതാണു രീതി.

മുൻപ് വിവരാവകാശ നിയമപ്രകാരം ചികിത്സയുടെ ബില്ലുകളുടെ വിവരങ്ങൾ പുറത്തുവിടുമായിരുന്നു. എന്നാൽ മന്ത്രിമാർ പതിനായിരങ്ങൾ മുടക്കി കണ്ണട വാങ്ങിയതിന്റെയും ആശുപത്രിയിൽ ബന്ധുക്കൾ ഉൾപ്പെടെ ആഹാരം കഴിച്ചതിന്റെയും ബില്ലുകൾ പുറത്തു വന്നതോടെ, വിവരാവകാശ നിയമപ്രകാരം ബില്ലുകൾ പുറത്തുവിടുന്നതിനു വിലക്ക് ഏർപ്പെടുത്തി.

സ്വകാര്യത സംരക്ഷിക്കുന്നതിനു വേണ്ടിയാണെന്നാണു സർക്കാരിന്റെ ന്യായീകരണം. ഇപ്പോൾ ഒരാൾ ആകെ വാങ്ങിയ തുക മാത്രമാണു സർക്കാർ വെളിപ്പെടുത്തുന്നത്. മന്ത്രിമാർക്കു ചികിത്സയ്ക്കായി പരിധിയില്ലാതെ തുക വാങ്ങാം.

# മുനമ്പം: ശരിയായ താമസക്കാരുടെ അവകാശം സംരക്ഷിക്കപ്പെടണം

തിരുവനന്തപുരം: മുനമ്പത്തെ ഭൂമിയിലെ ശരിയായ താമസക്കാരുടെ അവകാശങ്ങളും താൽപര്യങ്ങളും എങ്ങനെ സംരക്ഷിക്കാമെന്നു ശിപാർശ ചെയ്യണമെന്നു ജുഡീഷ്യൽ അന്വേഷണ കമ്മീഷനോട് സർക്കാർ നിർദേശിച്ചു.

ഹൈക്കോടതി മുൻ ആക്ടിങ് ചീഫ് ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരെ കമ്മീഷനായി നിയമിച്ചുകൊണ്ട് നവംബർ 28-ന് പുറത്തിറക്കിയ വിജ്ഞാപനത്തിലാണ് സർക്കാരിന്റെ നിലപാടു കൂടി വ്യക്തമായത്. മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം. കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ സർക്കാർ നിശ്ചയിക്കാത്തതുകൊണ്ടും നിയമന വിജ്ഞാപനം ഇറക്കാത്തതിനാലും പ്രവർത്തനം തുടങ്ങാനായിട്ടില്ലെന്ന് ജസ്റ്റിസ് രാമചന്ദ്രൻ നായർ ഈയിടെ പ്രതികരിച്ചിരുന്നു. ഇതിനു പിന്നാലെയാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്.

ഭൂമിയുടെ കിടപ്പ്, സ്വഭാവം, വ്യാപ്തി എന്നിവ കമ്മീഷൻ പരിശോധിക്കണമെന്നും താമസക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കണമെന്നും വിജ്ഞാപനത്തിൽ പറയുന്നു. വഖഫ് ബോർഡ് നൽകിയ കത്തും കോടതി നിർദേശവും കാരണം, മുനമ്പത്ത് വർഷങ്ങളായി ഭൂമി കൈവശം വെച്ചിരിക്കുന്നവരുടെ കരം സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടെന്നു വിജ്ഞാപനത്തിനൊപ്പമുള്ള വിശദീകരണത്തിലുണ്ട്. ഇതിനു ശാശ്വത പരിഹാരം കണ്ടെത്താനാണ് കമ്മീഷനെ നിയോഗിക്കുന്നത്.

മുനമ്പത്ത് നിന്ന് ആരെയും കുടിയൊഴിപ്പിക്കില്ലെന്നും താമസക്കാർക്ക് ആശങ്ക വേണ്ടെന്നും മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ ഉറപ്പു നൽകിയിരുന്നു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ വഖഫ് നോട്ടീസുകൾ അയയ്ക്കരുതെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്.

ജുഡീഷ്യൽ കമ്മീഷനോടു പൂർണമായും സഹകരിക്കുമെന്നും ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും മുനമ്പം ഭൂ സംരക്ഷണ സമിതി അറിയിച്ചു. എത്രയും വേഗം പ്രശ്നം പരിഹരിക്കുന്നതിനാണു സമിതി മുൻഗണന നൽകുന്നതെന്നും ചെയർമാൻ സെബാസ്റ്റ്യൻ പാലക്കൽ പറഞ്ഞു.

# വയനാടിന്റെ എംപിയായി പ്രിയങ്ക സത്യപ്രതിജ്ഞ ചെയ്തു



പ്രിയങ്ക ഗാന്ധി
വയനാട് ലോക്സഭാംഗമായി
സത്യപ്രതിജ്ഞ ചെയ്യുന്നു

ന്യൂഡൽഹി: കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി വദ്ര ഇനി കേരളത്തിന്റെ ഏക വനിതാ എംപി. വയനാട്ടിൽ നിന്ന് നാലു ലക്ഷത്തിലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിനു ജയിച്ച പ്രിയങ്ക ലോക്സഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. മിനിറ്റുകൾക്കകം സഹോദരനും പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധിയോടൊപ്പം അദാനി, മണിപ്പൂർ, സംബാൽ, വയനാടിന് പ്രത്യേക സഹായം തുടങ്ങിയ പ്രശ്നങ്ങളിൽ ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം ലോക്സഭയിൽ നടത്തിയ പ്രതിഷേധത്തിൽ പ്രിയങ്കയും സജീവമായി.

കസവ് കരയുള്ള ഓഫ് വൈറ്റ് സാരിയുടുത്ത് മലയാളി വേഷത്തിലാണ് പ്രിയങ്ക ലോക്സഭയിലെത്തിയത്. ഭരണഘടനയുടെ ചുവപ്പ് ബൈൻഡിംഗിലുള്ള ചെറിയ കോപ്പി ഒരു കൈയിൽ ഉയർത്തിപ്പിടിച്ചായിരുന്നു ദൃഢപ്രതിജ്ഞ. പിന്നാലെ മഹാരാഷ്ട്രയിലെ നന്ദേഡ് ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച കോൺഗ്രസിലെ രവീന്ദ്ര വസന്ത്റാവു ചവാനും സത്യപ്രതിജ്ഞ ചെയ്ത് ലോക്സഭാംഗമായി.

പ്രിയങ്കകൂടി എത്തിയതോടെ പതിറ്റാണ്ടുകൾക്കുശേഷം ആദ്യമായി നെഹ്റു കുടുംബത്തിലെ മൂന്നുപേർ ഒരേ സമയം പാർലമെന്റിൽ അംഗങ്ങളായി. രാഹുലും പ്രിയങ്കയും ലോക്സഭയിലും അമ്മ സോണിയ ഗാന്ധി രാജ്യസഭയിലും ഒരേസമയം ഉണ്ടാകും.

2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ സോണിയഗാന്ധിക്കു വേണ്ടി റായ്ബറേലിയിലും രാഹുൽ ഗാന്ധിക്കുവേണ്ടി അമേഠിയിലും പ്രചാരണം നടത്തിയതിന് 20 വർഷങ്ങൾക്കു ശേഷമാണ് പ്രിയങ്കയുടെ പാർലമെന്റിലേക്കുള്ള കന്നിപ്രവേശം.



# ബെൻസൻവിൽ ഇടവകയിൽ സ്നേഹദൂത് ക്രിസ്മസ് കരോൾ തുടങ്ങി

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ കൂടാരയോഗതല 'സ്നേഹദൂത്' ക്രിസ്മസ് കരോളിന് തുടക്കമായി. ഇടവകയിലെ ഓരോ കൂടാരയോഗത്തിന്റെയും നേതൃത്വത്തിൽ നടത്തുന്ന കരോളിനായുള്ള ഉണ്ണീശോയുടെ രൂപം കുർബാനയ്ക്കുശേഷം അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ എല്ലാ കൂടാരയോഗ കോ-ഓർഡിനേറ്റർമാർക്ക് വെഞ്ചരിച്ചു നല്കുകയുണ്ടായി.

നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ വൈദികരുടെയും കൂടാരയോഗ അംഗങ്ങളുടെയും നേതൃത്വത്തിൽ ഭവനങ്ങൾ സന്ദർശിച്ച് കരോൾ ഗാനങ്ങൾ ആലപിച്ച് പ്രാർത്ഥിക്കുന്നു. ഉണ്ണിയേശുവിന്റെ തിരുപ്പിറവിയുടെ സ്നേഹദൂത് എല്ലാ ഭവനങ്ങളിലും എത്തിച്ച് തിരുപ്പിറവിയിലേക്ക് പ്രവേശിക്കും.

സെന്റ് മൈക്കിൾ കൂടാരയോഗം കോ-ഓർഡിനേറ്റർ ഉണ്ണി തേവർമറ്റം, സെന്റ് സ്റ്റീഫൻ കൂടാരയോഗം കോ-ഓർഡിനേറ്റർ സിറിയക് കീഴങ്ങാട്ട്, സെന്റ് അൽഫോൻസാ കൂടാരയോഗം കോ-ഓർഡിനേറ്റർ പറമ്പടത്തുമല, സെന്റ് അഗസ്റ്റിൻ കൂടാരയോഗം കോ-ഓർഡിനേറ്റർ സിജോ പുള്ളോർക്കുന്നേൽ, ഇൻഫന്റ് ജീസസ് കൂടാരയോഗം കോ-ഓർഡിനേറ്റർ കിഷോർ കണ്ണാല, ഗാഡുലുപ്പ കൂടാരയോഗം കോ-ഓർഡിനേറ്റർ ജോയി വാച്ചാച്ചിറ എന്നിവർ സ്നേഹദൂത് കരോളിന് നേതൃത്വം നല്കും.



## ചിക്കാഗോ എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷം: ഒരുക്കങ്ങൾ പൂർത്തിയായി

**കാർമൽ തോമസ്**

ചിക്കാഗോ: ചിക്കാഗോയിലെ ക്രൈസ്തവ എപ്പിസ്കോപ്പൽ സഭകളുടെ കൂട്ടായ്മയായ 'എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ചിക്കാഗോ'യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ക്രിസ്മസ് ആഘോഷങ്ങളുടെ ക്രമീകരണങ്ങൾ പൂർത്തിയായതായി പ്രസിഡണ്ട് വെരി. റവ. സഖറിയ തേലാപ്പിള്ളിൽ കോർ എപ്പിസ്കോപ്പയും ക്രിസ്മസ് പ്രോഗ്രാം ചെയർമാൻ റവ. ഫാ. ഹാം ജോസഫും അറിയിച്ചു. ഡിസംബർ ഏഴാം തീയതി ശനിയാഴ്ച വൈകിട്ട് അഞ്ചിന് മാർതോമ്മാശ്ലീഹാ സീറോ മലബാർ കാതലിക് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽവെച്ചാണ് ആഘോഷങ്ങൾ നടത്തപ്പെടുന്നത്. ഭക്തിനിർഭരമായ പ്രദക്ഷിണം, ആരാധന, പൊതുസമ്മേളനം തുടർന്ന് കൗൺസിലിലെ അംഗങ്ങളായ 17 ദേവാലയങ്ങളിൽനിന്നും ക്രൈസ്തവ മൂല്യങ്ങൾ അടിസ്ഥാനമാക്കി മനോഹരങ്ങളായ സ്കിറ്റുകൾ, ഗാനങ്ങൾ, നൃത്തങ്ങൾ, വാദ്യോപകരണ സംഗീതം എന്നിവ അരങ്ങേറും. 17 ദേവാലയങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി, ജേക്കബ് കെ. ജോർജിന്റെ നേതൃത്വത്തിൽ എക്യുമെനിക്കൽ ക്വയർ പ്രത്യേക ഗാനങ്ങൾ ആലപിക്കും.

എക്യുമെനിക്കൽ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ വെരി. റവ. സഖറിയ തേലാപ്പിള്ളിൽ കോർ എപ്പിസ്കോപ്പ (പ്രസിഡണ്ട്), റവ. ജോ. വർഗീസ് മലയിൽ (വൈസ് പ്രസിഡണ്ട്), പ്രേംജിത് വില്യം (സെക്രട്ടറി), ജേക്കബ് കെ. ജോർജ് (ട്രഷറർ), ബീനാ ജോർജ് (ജോ. സെക്രട്ടറി), വർഗീസ് പാലമലയിൽ (ജോ. ട്രഷറർ) എന്നിവരെ കൂടാതെ, ക്രിസ്മസ് ആഘോഷങ്ങളുടെ വിജയത്തിനായി റവ. ഫാ. ഹാം ജോസഫ് (ചെയർമാൻ), ആന്റോ കവലയ്ക്കൽ (കൺവീനർ), ഏലിയാമ്മ പുന്നൂസ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ) കൂടാതെ 20 പേർ അടങ്ങുന്ന ക്രിസ്തുമസ് പ്രോഗ്രാം കമ്മിറ്റി അണിയറയിൽ പ്രവർത്തിച്ചു വരുന്നു.

ഏവരെയും ഈ അനുഗൃഹീത ആഘോഷങ്ങളിലേക്ക് സ്നേഹാദരപൂർവ്വം എക്യുമെനിക്കൽ കൗൺസിൽ ഭാരവാഹികൾ സ്വാഗതം ചെയ്യുന്നു.

## ഭൂമി തരംമാറ്റം: ലഭിച്ച പണം ഫണ്ടിലേക്ക് തിരിച്ചടയ്ക്കണം

തൃശൂർ: ഭൂമി തരംമാറ്റിയ വകയിൽ ഫീസായി ജനങ്ങളിൽനിന്നു പിരിച്ചെടുത്ത 1510 കോടി രൂപ വകമാറ്റി ചെലവഴിച്ച കേസിൽ സർക്കാരിനു തിരിച്ചടി. മുഴുവൻ തുകയും ഒരു വർഷത്തിനകം കാർഷികാഭിവൃദ്ധി ഫണ്ടിലേക്കു തിരിച്ചടയ്ക്കണമെന്നും ഡിസംബർ രണ്ടു മുതൽ പിരിക്കുന്ന തുക നേരിട്ട് ഫണ്ടിലേക്കു അടയ്ക്കണമെന്നും ഹൈക്കോടതി ഉത്തരവിട്ടു. വേലൂപ്പാടം സ്വദേശി ടി.എൻ. മുകുന്ദൻ നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് എസ്. മനു എന്നിവരുടെ ബെഞ്ച് വിധി പറഞ്ഞത്.

തിരിച്ചടയ്ക്കേണ്ട തുകയുടെ 25 ശതമാനം നാലു മാസത്തിനകം അടയ്ക്കണം. ബാക്കി 75 ശതമാനം നാലു മാസ ഇടവേളകളിൽ തവണകളായി അടയ്ക്കണമെന്നും കോടതി പറഞ്ഞു. ഈ തുക എങ്ങനെ ചെലവഴിക്കണമെന്നു കേരളത്തിനു രണ്ടു മാസത്തിനകം തീരുമാനം എടുക്കാം. പിരിച്ചെടുക്കുന്ന തുക എല്ലാ വർഷവും ഓഡിറ്റ് ചെയ്യണമെന്നും റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വിധിയിൽ പറയുന്നു.

ഭൂമി തരംമാറ്റത്തിന് ലഭിക്കുന്ന ഫീസ് കാർഷികാഭിവൃദ്ധി ഫണ്ടിൽ നിക്ഷേപിക്കണമെന്നും കൃഷി പ്രോത്സാഹനത്തിനുവേണ്ടി ഈ തുക വിനിയോഗിക്കണമെന്നുമുള്ള വ്യവസ്ഥയാണ് സർക്കാർ ലംഘിച്ചത്. ലാൻഡ് റവന്യൂ കമ്മീഷണർക്ക് ആയിരിക്കണം അക്കൗണ്ട് കൈകാര്യം ചെയ്യാനുള്ള ചുമതലയെന്നും നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അനധികൃതമായി നികത്തപ്പെട്ട കൃഷിഭൂമികൾ പൂർവസ്ഥിതിയിലാക്കാൻ ഈ തുക ഉപയോഗിക്കാമെന്നതായിരുന്നു പ്രഖ്യാപിത ഉദ്ദേശ്യം.

## ഇഎസ്എ: കേരളത്തിന്റെ പശ്ചാത്തലം പ്രത്യേകം പരിഗണിക്കും

ന്യൂഡൽഹി: പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള പരിസ്ഥിതി ലോലമേഖല (ഇഎസ്എ) നിശ്ചയിച്ചുകൊണ്ടുള്ള അന്തിമവിജ്ഞാപനത്തിൽ കേരളത്തിന്റെ പശ്ചാത്തലം പ്രത്യേകം പരിഗണിക്കുമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ്.

കേരളത്തിൽ 98 വില്ലേജുകളിലായി 8590.69 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ഇഎസ്എയിൽ ഉൾപ്പെടുന്നതെന്ന് രേഖപ്പെടുത്തി സംസ്ഥാന സർക്കാർ ഈ മാസം രണ്ടിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിക്ക് അന്തിമറിപ്പോർട്ട് കൈമാറിയിട്ടുണ്ട്.

നിലവിൽ വിഷയം കമ്മിറ്റിയുടെ പരിഗണനയിലാണ്. ദുരന്തസാധ്യതയും ആവാസവ്യവസ്ഥയുടെ സംരക്ഷണവും കണക്കിലെടുത്തും അതിനൊപ്പം മേഖലയുടെ വികസനതാത്പര്യങ്ങളും ആവശ്യങ്ങളും പരിഗണിച്ചുമാണ് കമ്മിറ്റി തീരുമാനമെടുക്കുക. കമ്മിറ്റി റിപ്പോർട്ട് ലഭിച്ചയുടൻ ആദ്യവിജ്ഞാപനം പുറപ്പെടുവിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ സംസ്ഥാനങ്ങൾക്കായും പ്രത്യേക വിജ്ഞാപനം ഇറക്കുന്ന കാര്യം മന്ത്രാലയം പരിഗണിക്കുന്നുണ്ട്. നിലവിലെ പരിസ്ഥിതി ലോല മേഖലയിൽ നിന്ന് 1403.01 ചതുരശ്ര കിലോമീറ്റർ ഒഴിവാക്കണമെന്നാണ് കേരളം ശിപാർശ ചെയ്തിരിക്കുന്നത്.

## അമ്മിണി കെ. ഇട്ടിച്ചെറിയ അന്തരിച്ചു



ചിക്കാഗോ: ഐപിസി ഹെബ്രോൺ ഗോസ്പൽ സെന്റർ സഭാംഗമായ ഇവാഞ്ചലിസ്റ്റ് റോയി ഇട്ടിച്ചെറിയായുടെ മാതാവ് വേലൂർ എസ്റ്റേറ്റിൽ അമ്മിണി കെ. ഇട്ടിച്ചെറിയ (82) അന്തരിച്ചു. പരേതനായ കുഞ്ഞൂഞ്ഞ് ഇട്ടിച്ചെറിയായുടെ ഭാര്യയാണ്. കൊട്ടാരക്കര ആയൂർ ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ് പരേത. ജോൺസൺ ഇട്ടിച്ചെറിയ, ഇവ. റോയി ഇട്ടിച്ചെറിയ, രാജിമോൾ അനിൽ എന്നിവർ മക്കളും ഫെയ്ത് റോയി, അനിൽ തങ്കച്ചൻ എന്നിവർ മരുമക്കളുമാണ്. ചിക്കാഗോ സാഹിത്യവേദി പ്രവർത്തകൻ ചാക്കോ ഇട്ടിച്ചെറിയയുടെ സഹോദരന്റെ ഭാര്യയാണ് പരേത.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

KERALA EXPRESS പ്രവാസി താളുകൾ

# ഫൊക്കാന വാഷിങ്ടൺ ഡിസി റീജിയൻ ഉദ്ഘാടനം വർണ്ണാഭമായി

**സരൂപ അനിൽ**

വാഷിങ്ടൺ ഡിസി: വാഷിങ്ടൺ ഡിസിയിൽ നടന്ന ഫൊക്കാന റീജിയണൽ ഉദ്ഘാടനം ജനാവലികൊണ്ടും കലാപരിപാടികളുടെ മേന്മകൊണ്ടും ഏറെ ശ്രദ്ധേയമായി. അടുത്ത കാലത്ത് ആദ്യമായാണ് വാഷിങ്ടൺ ഡിസി ഏരിയായിൽ ഇത്രയും വിപുലമായ രീതിയിൽ റീജിയണൽ പരിപാടി നടത്തുന്നത്. വിമൻസ്ഫോറം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം പാർവതി സുധീറിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച യോഗത്തിൽ നാഷണൽ കമ്മിറ്റി അംഗം മനോജ് മാത്യു സ്വാഗതപ്രസംഗം നിർവഹിച്ചു. ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. റീജിയണൽ വൈസ് പ്രസിഡണ്ട് ബെൻ പോൾ അദ്ധ്യക്ഷത വഹിച്ചു.

വസുദൈവ കുടുംബകം എന്ന മഹത്തായ സങ്കല്പം ഉൾക്കൊണ്ടുകൊണ്ടാണ് താൻ ഫൊക്കാന പ്രസിഡണ്ട് പദത്തിൽ ഇരിക്കുന്നതെന്ന് സജിമോൻ ആന്റണി സദസ്സിനെ അഭിസംബോധന ചെയ്ത വേളയിൽ സൂചിപ്പിച്ചു. ലോകം ഒരു കുടുംബമാണ്, സമഗ്ര വികസനവും എല്ലാ ജീവികളോടുമുള്ള ബഹുമാനവും ആദരവും പുലർത്തി ഒറ്റക്കെട്ടായി നീങ്ങുന്നതാണ് ഫൊക്കാനയുടെ പ്രവർത്തനരീതി. നമ്മുടെ സംസ്കാരം നിലനിർത്താനും അത് നമ്മുടെ വരുംതലമുറയിലേക്ക് പകർന്നു നല്കാനും ആണ് ഫൊക്കാനയെപ്പോലുള്ള കേന്ദ്രസംഘടനകൾ. അതോടൊപ്പമുള്ള വാക്കാണ് സർവ്വീസ് അഥവാ സേവനം. നമ്മൾ ഓരോരുത്തരെയും ബന്ധിപ്പിക്കുന്ന വാക്ക്. സംസ്കാരവും സേവനവും എവിടെ ഉണ്ടോ അവിടെ മറ്റുള്ളവരോടുള്ള ആദരവ് ഉണ്ട്. അതില്ലാതെ പോകുമ്പോഴാണ് ചിലപ്പോൾ ചില ആളുകൾ ചില കോപ്രായങ്ങൾ കാട്ടി നടക്കുന്നത്.

ഫൊക്കാന മെഡിക്കൽ കാർഡ് രാജഗിരിക്കു പുറമെ പാലാ മെഡിസിറ്റി, ബീലിവേഴ്സ് ഹോസ്പിറ്റൽ തിരുവല്ല എന്നിവയുമായി ധാരണയായി. ഫൊക്കാന മെംബേഴ്സിനായി ക്ലബ് കാർഡ് ഉണ്ടാക്കുന്നുണ്ട്. മൂന്നാമത്തേത് ഫൊക്കാന ഹെൽത്ത് ക്ലിനിക്കാണ്. അതിന് പ്രശ്നങ്ങളുണ്ട്. വിസിറ്റിംഗ് വിസയിൽ വരുന്നവർക്കും ഇൻഷുറൻസ് ഇല്ലാത്തവർക്കും വേണ്ടിയാണത്. ടോസ്റ്റ് മാസ്ടേഴ്സുമായി സഹകരിച്ച് ക്ലാസുകൾ ആരംഭിക്കും. അങ്ങനെയുള്ള ഇരുപത്തഞ്ച് പദ്ധതികൾ സജിമോൻ വിവരിച്ചു.

റീജിയണൽ വൈസ് പ്രസിഡണ്ട് ബെൻ പോൾ രണ്ട് വർഷം വാഷിങ്ടൺ ഡിസി ഏരിയായിൽ റീജിയണൽ കമ്മിറ്റി നടപ്പാക്കാൻ പോകുന്ന കാര്യങ്ങൾ വിവരിച്ചു. സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി ഫൊക്കാനയെ തകർക്കാൻ ശ്രമിക്കുന്നവർക്ക് ലോകമലയാളികൾ മാപ്പ് കൊടുക്കില്ലെന്ന് ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അറിയിച്ചു. ഫൊക്കാനയുടെ പ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹം വിശദമായി സംസാരിച്ചു.

വാഷിങ്ടൺ എന്നും ഫൊക്കാനയ്ക്ക് വേരുള്ള മണ്ണാണ്. ഫൊക്കാന തുടങ്ങിയപ്പോഴും വാഷിങ്ടൺ ഡിസി ആയിരുന്നു അതിന്റെ പ്രധാനകേന്ദ്രം. ഇന്നും അതിനു മാറ്റമൊന്നും സംഭവിച്ചിട്ടില്ല. താൻ എന്നും ഫൊക്കാനയ്ക്ക് ഒപ്പം കാണുമെന്ന് വൈസ് പ്രസിഡണ്ട് വിപിൻ രാജ് അഭിപ്രായപ്പെട്ടു. 'ഞാൻ എന്നും ഫൊക്കാനയ്ക്ക് ഒപ്പം' എന്ന് വികാരാധീനനായി പറഞ്ഞാണ് അദ്ദേഹത്തിന്റെ ആശംസാപ്രസംഗം അവസാനിപ്പിച്ചത്. ഫൊക്കാനയെ അതിന്റെ പഴയ പ്രൗഢിയിൽ എത്തിച്ച സജിമോൻ ആന്റണിക്ക് പൂർണ്ണ പിന്തുണ നല്കുന്നുവെന്ന് ഫൊക്കാനയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ തോമസ് തോമസ് ആശംസാപ്രസംഗത്തിൽ അറിയിച്ചു. ഒരു കുടുംബസംഗമത്തിന്റെ ഊഷ്മളത നല്കുന്ന രീതിയിൽ പരിപാടി ആസൂത്രണം ചെയ്ത വാഷിങ്ടൺ ഡിസി കമ്മിറ്റിയെ അദ്ദേഹം അഭിനന്ദിച്ചു.

നാഷണൽ കമ്മിറ്റി മെംബർ ഷിബു സാമുവേൽ, ഓഡിറ്റർ സ്റ്റാൻലി ഏതുണിക്കൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. റീജിയണൽ ഉദ്ഘാടനം മനോഹരമാക്കിത്തീർത്ത റീജിയണൽ വൈസ് പ്രസിഡണ്ട് ബെൻ പോളിനെയും വൈസ് പ്രസിഡണ്ട് വിപിൻ രാജിനെയും മനോജ് മാത്യുവിനെയും അഭിനന്ദിച്ചു.

191 തവണ രക്തദാനം നിർവഹിച്ച തോമസ് വിതയത്തിനെ ഫൊക്കാന ഡിസി റീജിയൻ ഈ പരിപാടിയിൽ പൊന്നാട അണിയിച്ച് ആദരിച്ചു. കാലാകാലങ്ങളായി ഫൊക്കാന ന്യൂസ് കൈകാര്യം ചെയ്തുവരുന്ന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനെ, അദ്ദേഹം ഫൊക്കാനയ്ക്കു നല്കിയ സമഗ്ര സംഭാവനകളെ മാനിച്ച് പൊന്നാട അണിയിച്ചു ആദരിച്ചു. അർഹിക്കുന്ന അംഗീകാരങ്ങൾ നല്കുന്നതിൽ ഫൊക്കാന എന്നും മുന്നിൽ നിൽക്കുന്ന സംഘടനയാണെന്നുള്ളതിന് തെളിവാണ് ഇതെന്ന് സജിമോൻ ആന്റണി പറയുകയുണ്ടായി.

ആദ്യകാല ഫൊക്കാനാ നേതാക്കളായ വർഗീസ് സ്കറിയ, തോമസ് തോമസ്, ജെയിംസ് ജോസഫ് എന്നിവരെ സ്റ്റാൻഡിംഗ് ഓവഷൻ നല്കി ആദരിക്കുകയുണ്ടായി. ഡോ. മാത്യു തോമസ് (ഡോ. ടീ), ബിജോയി വിതയത്തിൽ, ബിജോയി പട്ടംപാടി, പെൻസു ജേക്കബ്, ജിജോ ആലപ്പാട്ട്, കുട്ടി മേനോൻ, മനോജ് ശ്രീനിലയം, ജോസഫ് തോമസ് തുടങ്ങിയ നിരവധി നേതാക്കൾ പങ്കെടുത്തു.

ഫൊക്കാന വിമൻസ് ഫോറത്തിന്റെ പദ്ധതികളെപ്പറ്റി വിമൻസ്ഫോറം കോ-ചെയർ സരൂപാ അനിൽ വിശദീകരിച്ചു. വാഷിങ്ടൺ ഡിസി വിമൻസ് ഫോറം എക്സിക്യൂട്ടീവുകളുടെ സജീവ പങ്കാളിത്തം ഫൊക്കാന സ്ത്രീകൾക്ക് നല്കുന്ന പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിലായിരുന്നു.

പരിപാടിക്ക് മിഴിവേകാൻ പാകത്തിൽ കലാപരിപാടികളും അവതരിപ്പിക്കുകയുണ്ടായി. നന്ദിപ്രസംഗം അവതരിപ്പിച്ചത് റീജിയണൽ സെക്രട്ടറി ജോബി സെബാസ്റ്റ്യൻ ആയിരുന്നു. വിമൻസ് ഫോറം കോ-ചെയർ സരൂപാ അനിൽ പരിപാടിയുടെ അവതാരകയായിരുന്നു.







# ഓർമ ഇന്റർനാഷണൽ ഇലക്ഷൻ: നോമിനേഷനുകൾ ക്ഷണിച്ചു

**പി.ഡി. ജോർജ് നടവയൽ**

ഫിലാഡൽഫിയ/പാലാ: ഓവർസീസ് റസിഡന്റ് മലയാളി അസോസിയേഷൻ ഇന്റർനാഷണലിന്റെ 2025 വർഷത്തേക്ക് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനമായി. ട്രസ്റ്റീബോർഡ് ചെയർമാൻ ജോസ് ആറ്റുപുറത്തെ ഇലക്ഷൻ കമ്മീഷനായി നിയമിച്ചുവെന്ന് ട്രസ്റ്റീബോർഡ് സെക്രട്ടറി ജോയ് പി.വി. അറിയിച്ചു. ഓർമ ഇന്റർനാഷണലിലെ അംഗങ്ങൾക്ക് ഓർമ ഇന്റർനാഷണലിലെ യോഗ്യരായ ഏതെങ്കിലും അംഗത്തിനെയോ തന്നെത്തന്നെയോ നാമനിർദേശം ചെയ്യാനും വോട്ട് ചെയ്യാനും കഴിയും. പൂരിപ്പിച്ച ബാലറ്റ് പേപ്പറുകൾ 2024 ഡിസംബർ 28-ന് ശനിയാഴ്ച ഉച്ചയ്ക്ക് 12 മണിക്കകം (ഈസ്റ്റേൺ സ്റ്റാഡേർഡ് ടൈം യുഎസ്എ) attupuram.jose@gmail.com എന്ന ഇ-മെയിലിലോ വാട്സാപ്പ് ഫോൺനമ്പർ 1 267 231 4643-ലോ ലഭിക്കണം. ഡിസംബർ 30-ന് പുതിയ ഭാരവാഹികളുടെ പേരുവിവരം പ്രഖ്യാപിക്കും.



ജോസ് ആറ്റുപുറം



ജോയ് പി.വി.

501(സി)3 സ്റ്റാറ്റസുള്ള സംഘടനയായി അമേരിക്കയിൽ 2009-ൽ രജിസ്റ്റർ ചെയ്ത രാജ്യാന്തര മലയാളി സംഘടനയാണ് ഓർമാ ഇന്റർനാഷണൽ. മലയാളികൾ ലോകവ്യാപകമായി വളരുന്ന ആധുനിക ലോകക്രമത്തിൽ, മലയാളി പാരമ്പര്യമോ പൈതൃകമോ ഉള്ള എല്ലാ ആളുകളുടെയും സാമൂഹിക, സാംസ്കാരിക ഐക്യവേദിയായും നവീനാശയങ്ങളുടെ പങ്കുവെക്കൽ മുഖ്യ കാര്യപരിപാടിയാക്കിയും ലോകമെമ്പാടുമുള്ള മലയാളി കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും ഒപ്പം പ്രവർത്തിക്കുക എന്നതാണ് ലക്ഷ്യം. അംഗങ്ങളുടെ സംവേദനാത്മക മഹത്വത്തെ ഉപയോഗപ്പെടുത്തി പൗരാണികവും ആധുനികവുമായ മെച്ചപ്പെട്ട മാനുഷിക വീക്ഷണങ്ങളിൽ അവരെ പ്രചോദിപ്പിച്ചുകൊണ്ട്, ജീവകാരുണ്യ കുടുംബ മൂല്യങ്ങൾ തീവ്രമാക്കുന്നതിനും നൂതനമായ വളർച്ചയ്ക്ക് അവരെ പ്രാപ്തരാക്കുന്നതിനുമുള്ള മലയാളി കുടുംബങ്ങളുടെയും സുഹൃത്തുക്കളുടെയും ഭൂഖണ്ഡാന്തര സാഹോദര്യമാണ് ഓർമാ ഇന്റർനാഷണൽ. ഇതിന്റെ ഭാഗമായി നടത്തിയ ഓർമാ രാജ്യാന്തര പ്രസംഗ മത്സര പരമ്പര അനേകം യുവ മലയാളി പ്രസംഗകരെ മുൻനിരയിൽ എത്തിക്കുന്നതിനു ഉപകരിച്ചു എന്നത് അനുപമമായ പ്രവർത്തന പന്ഥാവായിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ ഓർമാ ഇന്റർനാഷണലിന്റെ പ്രൊവിൻസുകളും റീജിയണുകളും ചാപ്റ്ററുകളും യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

ഇലക്ഷൻ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് വാട്സാപ്പ് ഫോൺ നമ്പർ 1-267 231 4643 ബന്ധപ്പെടുക.

# ബ്രോങ്ക്സ് സെ. മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

**ഉമ്മൻ കാപ്പിൽ**

ബ്രോങ്ക്സ്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കമ്മിറ്റിയിൽ നിന്നുള്ള ഒരു സംഘം നവംബർ 24-ന് സെ. മേരീസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. കോൺഫറൻസ് ടീമിൽ ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി), ജോൺ താമരവേലിൽ (ട്രഷറർ), ഡോ. ഷെറിൻ ഏബ്രഹാം (ജോ. സെക്രട്ടറി), ജേക്കബ് ഏബ്രഹാം (ഫിനാൻസ്), തോമസ് ഏബ്രഹാം (അജു. ഫിനാൻസ്) എന്നിവർ ഉണ്ടായിരുന്നു.



ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ (ഇടവക വികാരി) ഊഷ്മളമായ സ്വാഗതം ആശംസിച്ചു. ജെയ്സൺ തോമസ് ടീം അംഗങ്ങളെ പരിചയപ്പെടുത്തി. തന്റെ മാതൃ ഇടവകയായ സെ. മേരീസിൽ നിന്ന് എല്ലാവരും രജിസ്റ്റർ ചെയ്യണമെന്ന് ജെയ്സൺ അഭ്യർത്ഥിച്ചു. കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രസംഗകർ തുടങ്ങി വിശദവിവരങ്ങൾ ജെയ്സൺ തോമസ് പങ്കിട്ടു. ജോൺ താമരവേലിൽ രജിസ്ട്രേഷൻ വിശദാംശങ്ങൾ പങ്കുവെക്കുകയും ഭാഗഭാക്കാകാൻ എത്രയും വേഗം രജിസ്റ്റർ ചെയ്യാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഭാരിച്ച ചെലവുകൾക്കിടയിലും കഴിഞ്ഞ വർഷത്തെ നിരക്ക് അതേപടി നിലനിർത്തിയിട്ടുണ്ടെന്ന് ഡോ. ഷെറിൻ ഏബ്രഹാം അറിയിച്ചു. സുവനീറിന്റെ വിശദാംശങ്ങളോടൊപ്പം ആകർഷണീയമായ ആനുകൂല്യങ്ങളുള്ള സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ച് ഡോ. ഏബ്രഹാം വിവരിച്ചു. നമ്മുടെ കുട്ടികൾ ആത്മീയ കൂട്ടായ്മയിൽ വളരാൻ നമ്മൾ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് അനുയോജ്യമായ അനുഭവമാണ് കോൺഫറൻസ് ഒരുക്കുന്നതെന്ന് ഡോ. ഏബ്രഹാം കൂട്ടിച്ചേർത്തു.

തോമസ് ഏബ്രഹാം എന്റർടൈൻമെന്റ് നൈറ്റിനെപ്പറ്റി സംസാരിക്കുകയും ഇടവകയുടെ സജീവപങ്കാളിത്തം ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ കോൺഫറൻസിലെ തന്റെ അനുഭവവും തോമസ് പങ്കുവെച്ചു. പള്ളിയുടെ നാല് ചുവരുകൾക്കുള്ളിൽ മാത്രമല്ല, ഭദ്രാസനത്തിലുടനീളം സൗഹൃദം സ്ഥാപിക്കുന്നത് എത്ര പ്രധാനമാണെന്ന് തോമസ് എല്ലാവരെയും ഓർമ്മിപ്പിച്ചു.

സ്പോൺസർഷിപ്പുകൾ, സുവനീർ പരസ്യങ്ങൾ, രജിസ്ട്രേഷൻ എന്നിവയിലൂടെ കോൺഫറൻസിനെ പിന്തുണയ്ക്കാൻ പ്രതിജ്ഞാബദ്ധരായ സഭാംഗങ്ങളുടെ പേരുകൾ ജയ്സൺ അറിയിച്ചു. ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ ഇടവകയുടെ ഒരു മികച്ച ആത്മീയ മിഷനായി കോൺഫറൻസിനെ കാണണമെന്ന് ഓർമ്മിപ്പിച്ചു. നിരവധി സ്പോൺസർഷിപ്പുകളിലൂടെയും രജിസ്ട്രേഷനുകളിലൂടെയും ഇടവക നല്കിയ മികച്ച പിന്തുണയ്ക്ക് ഇടവക വികാരിയോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം നിസ്സീമമായി കടപ്പാട് അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി), റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ), റവ. ഡീക്കൺ ജോൺ (ജോഷ്വ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൺ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യപ്രസംഗകർ. ‘നമ്മുടെ പൗരത്വം സ്വർഗത്തിലാണ്. അവിടെ നിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു’ (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള ‘The Way of the Pligrim’ (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും. FYC/Registration link: www.-fycnead.org

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ)-914 806 4595, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917 533 3566 എന്നിവരുമായി ബന്ധപ്പെടുക.

**മഞ്ജുളചിന്തകൾ**

# ചാലിനീന്യായം



പാസ്റ്റർ ജോൺസൺ സഖറിയ

ചാലിനീ എന്ന വാക്കിന് മുറം എന്നാണർത്ഥം. അരമനയിൽ എത്താറില്ലെങ്കിലും അടുക്കളയിൽ തന്റെ സ്ഥാനം ഒട്ടും ചെറുതല്ല. ആരെയും ഒന്ന് പാറ്റി ഇളക്കുവാനുള്ള അവസരം മുറം മുടക്കാറുമില്ല. മുറത്തിൽ വീഴുന്ന ധാന്യങ്ങൾക്കോ ഒരു സ്ഥിരതയുമില്ലെന്നേ. മുറത്തിന്റെ ചലന വേഗതയ്ക്കനുസരിച്ച് ധാന്യങ്ങൾ ഓടിക്കളിക്കും. അൽപ്പം മുൻപ് കിഴക്കുഭാഗത്തു കിടന്നവൻ ഇതാ പടിഞ്ഞാറും തെക്കും വടക്കുമായി ചിതറിക്കിടക്കുന്നു. മുറത്തിന്റെ ചാഞ്ചാട്ടം അനുസരിച്ച് പിന്നേയും ഓടിനടക്കുന്ന ധാന്യങ്ങൾ! ധാന്യങ്ങൾ മുറത്തിലായാൽ ഒരിക്കലും അവകൾക്ക് അവരുടേതായ വ്യക്തിത്വം വെളിപ്പെടുത്തുവാൻ സാധിക്കയില്ല. എങ്ങോട്ടും എപ്പോൾ വേണമെങ്കിലും മാറാം എന്ന അർത്ഥം വരുന്ന ന്യായത്തെയാണ് ചാലിനീന്യായം എന്ന് വിളിക്കുന്നത്.

“കുറിയും മുറിയും നെറിയുമില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും മാറുന്ന” ഈ രീതിയെ ഈ ന്യായം സൂചിപ്പിക്കുന്നു. ഇവരെയാണ് ആരുടെയോ കൈകളിലിരിക്കുന്ന മുറത്തിലെ ധാന്യങ്ങൾ എന്ന് വിളിക്കുന്നത്. ഈ ധാന്യങ്ങൾ നല്ലതാണ്. ആർക്കും പ്രയോജനമുള്ളതാണ്. എന്നാൽ അവരുടേതായ വ്യക്തിത്വം, പുരുഷത്വം, മനുഷ്യത്വം ഇവകളെല്ലാം എന്തിനുവേണ്ടിയോ ആരുടെയൊക്കെ മുന്നിൽ അടിയാൻ ചമഞ്ഞു അടിയറവച്ചതിനാൽ പലരുടേയും മുറങ്ങളിൽ കിടന്നുപിടയുകയാണ്. ഇങ്ങനെയുള്ളവരാണ് പാറ്റി കളിച്ച് രസിക്കുന്ന കൗലിടയന്മാരും അല്പന്മാരായ നേതാക്കന്മാരും ഇന്ന് സമൂഹത്തിലെ പ്രമാണികളുമാണ്. ഒരു ചെടിയിൽതന്നെ പല നിറത്തിലുള്ള പൂക്കൾ വിരിയുന്ന ഇക്കാലത്ത് നിമിഷങ്ങൾക്കുള്ളിൽ നിറം മാറ്റി തറയാകുവാൻ പലർക്കും ഒരു അഭിമാനപ്രശ്നവുമില്ലെന്നുള്ളതാണ് പലരുടെയും വിജയരഹസ്യം!

“സത്യം ചെയ്തിട്ട് ചേതം വന്നാലും മാറാത്തവൻ” എന്ന വചന ധ്വനി ഇന്നും കാതിൽ മുഴങ്ങുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് ഒരിക്കലും ചാലിനീന്യായത്തെ പിന്താങ്ങുവാൻ കഴിയുകയില്ല. സ്ഥാനമാന വരുമാന മാർഗ്ഗങ്ങൾക്കുപോലും ഇടിവ് സംഭവിച്ചാലും പറഞ്ഞ വാക്ക് മാറ്റി പറയാതെ അഭിമാനത്തോടെ തല ഉയർത്തിത്തന്നെ നിന്ന ഭക്തന്മാർ ഒരിക്കൽ കുറവായിരുന്നില്ല. സ്വന്തം മകളെ യാഗം അർപ്പിക്കേണ്ടി വന്നിട്ടും യിപ്താഹ് തന്റെ തീരുമാനത്തിൽ നിന്നും പിന്മാറിയില്ല. “നാക്ക് മാറ്റുവാൻ കഴിയത്തില്ല പറഞ്ഞ വാക്കേ മാറ്റുവാൻ കഴിയുകയുള്ളൂയെന്ന്” പറഞ്ഞ ഒരു രാഷ്ട്രീയ നേതാവിനെ ചിലരെങ്കിലും ഇന്നും ഓർക്കുന്നുണ്ടാവാം. പറഞ്ഞ വാക്കുകൾ റെക്കോർഡ് ചെയ്തു കേൾപ്പിച്ചാലും ഇത് ഞാൻ പറഞ്ഞതല്ല ആരോ എന്റെ എന്റെ വാക്കുകളെ വളച്ചൊടിച്ചു എഡിറ്റ് ചെയ്തതാണെന്ന് പോലും പറയുന്ന രീതി ഇന്ന് എവിടെയുമുണ്ട്.

വിദഗ്ദ്ധന്മാർ ഇന്ന് വളരെയുണ്ട്. എന്നാൽ വിശുദ്ധന്മാർ വളരെ വിരളമാണ്. ജീവിച്ചിരിക്കുന്നവരെ വിശുദ്ധന്മാരായി പ്രഖ്യാപിക്കുവാൻ മതങ്ങൾക്കുപോലും കഴിയാത്തതുകൊണ്ടല്ലേ മരണാനന്തരം കാലങ്ങൾക്കു ശേഷം ചിലരെയെങ്കിലും വിശുദ്ധന്മാരായി വിളംബരം ചെയ്യുന്നത്? വാക്സാമർത്ഥ്യമുള്ള അനേകർ ഇന്ന് വേദികളിലും കമ്പോളങ്ങളിലും നിറഞ്ഞുനിൽക്കുകയാണ്. എന്നാൽ പറഞ്ഞ വാക്കുകളിൽ ഉറച്ചു നിൽക്കുന്നവരെ കാണാൻ ബദ്ധപ്പെടേണ്ടിയിരിക്കുന്നു. സൗകര്യം പോലെ പല നേട്ടങ്ങൾ അന്യായമായി കൈവരിക്കേണ്ടതിനു എന്തും മാറ്റിപ്പറയുവാൻ മടിയില്ലാത്ത മുറത്തിലെ മുഖ്യന്മാരെ അകറ്റിനിർത്തിയിട്ടു വിശുദ്ധന്മാരെയും വിശ്വസ്ഥന്മാരെയും ചേർത്തുനിർത്തിയാൽ നീതിയുടെ ഫലങ്ങൾ നമുക്ക് അനുഭവിക്കുവാൻ കഴിയും. അതല്ലേ നല്ലത്? ആകയാൽ സകല വ്യാജങ്ങൾ എന്നു മാത്രമല്ല വ്യാജഭാവങ്ങൾ പോലും മാറ്റി വാക്കിലും പ്രവൃത്തിയിലും വിശ്വസ്തരായിരിക്കാം. ദൈവം വിശ്വസ്തന്മാരെ കാക്കുന്നു.



# പഴഞ്ചൻ പ്രണയം



രാജു മൈലപ്ര

ആദ്യമായി കണ്ട സിനിമ ഏതാണെന്ന് ഒരോർമ്മയുമില്ല. എന്നാൽ, 'പത്തു കല്പനകൾ', 'ജ്ഞാനസുന്ദരി' എന്നീ സിനിമകൾ വീട്ടുകാരോടൊപ്പം പത്തനംതിട്ട വേണുഗോപാൽ ടാക്കീസിൽ പോയി കണ്ടതിന്റെ ചെറിയൊരോർമ്മ മനസ്സിലുണ്ട്.

വീട്ടുകാരോട് എന്തെങ്കിലും വിശ്വസനീയമായ കള്ളം പറഞ്ഞ് സിനിമ കാണാൻ തുടങ്ങിയ കാലവും മറന്നുപോയി.

എന്നാൽ, കോളജിൽ പഠിക്കുന്ന കാലത്ത് ലിസിയെന്ന സ്നേഹിതയോടൊപ്പം ക്ലാസ് കട്ട് ചെയ്തു ഒരു മാറ്റിനി ഷോയ്ക്കു പോയതിന്റെ മധുരസ്മരണകൾ ഇന്നും മങ്ങാതെ, മായാതെ മനസ്സിൽ പ്രകാശം പരത്തി നിൽക്കുന്നു.

പുതിയ തലമുറയ്ക്ക് അതൊന്നും വലിയ കാര്യമൊന്നും അല്ലെങ്കിൽത്തന്നെയും അക്കാലത്ത് അത് ആത്മഹത്യാപരമായ ഒരു സാഹസമായിരുന്നു. ഈ ലോകത്തിലെ എല്ലാ കണ്ണുകളും തങ്ങളിലേക്കു ഫോക്കസു ചെയ്തിരിക്കുകയാണെന്നൊരു തോന്നലുണ്ടാകും.

കാശുള്ള കുടുംബത്തിലെ പെൺകുട്ടിയായിരുന്നതുകൊണ്ട് രണ്ട് ബാൽക്കണി ടിക്കറ്റിനുള്ള പത്തു രൂപാ അവൾ വെച്ചുനീട്ടിയത് യാതൊരു ഉളുപ്പും കൂടാതെ ഞാൻ രണ്ടു കൈയും നീട്ടി സ്വീകരിച്ചു.

'തുലാഭാരം' എന്ന ഒരു കണ്ണീർപ്പടമായിരുന്നു കണ്ടത്. കാമുകി കാമുകന്മാർ മുട്ടിയുരുമ്മി ഒരുമിച്ചൊരു സിനിമ കാണുമ്പോൾ അവിടെ കണ്ണീരിനെന്തു സ്ഥാനം?

“തൊട്ടു തൊട്ടില്ല, തൊട്ടു തൊട്ടില്ല
മൊട്ടിട്ടുവല്ലോ മേലാകെ...”

മധുവും ഷീലയും ശാരദയുമെല്ലാം കോളജ് വിദ്യാർത്ഥികളായി വെള്ളിത്തിരയിൽ നിറഞ്ഞാടുകയായിരുന്നു.

അപ്രതീക്ഷിതമായിരുന്നു ലിസിയുടെ ഭാഗത്തു നിന്നുള്ള ഒരു നീക്കം. അവൾ വലംകൈ കൊണ്ട് എന്റെ ഇടതുകൈയിൽ മൃദുവായി ഒന്നു സ്പർശിച്ചു.

ഞാനൊരു മധുവായി, അവൾ ഷീലയും.

പ്രേമം എന്ന വികാരത്തിന്റെ മധുരമനോഹരമായ അനുഭൂതി അന്നാണ് ഞാൻ ആദ്യമായി അനുഭവിച്ചറിഞ്ഞത്. വെറുതെയാണോ കവി

'ഇതിഹാസങ്ങൾ ജനിക്കും മുൻപേ
ഈശ്വരൻ ജനിക്കും മുൻപേ
പ്രകൃതിയും കാലവും ഒരുമിച്ചു പാടി
പ്രേമം ദിവ്യമാമൊരനുഭൂതി...' എന്നു പാടിയത്.

ഒരിക്കലെങ്കിലും ഒന്നു പ്രേമിക്കാതെ മരിക്കുന്നത് വലിയൊരു നഷ്ടമാണ്. അതുകൊണ്ട് ഇതുവരെ പ്രേമിക്കാത്തവർ ആരെങ്കിലും ഉണ്ടെങ്കിൽ ഒന്നു ശ്രമിച്ചു നോക്കുന്നത് നല്ലതായിരിക്കും. പ്രേമത്തിനു കണ്ണും മൂക്കുമൊന്നുമില്ല. പ്രായം ഒരു പ്രശ്നമല്ല.

ഞങ്ങളുടെ അനുരാഗനദി കുറേക്കാലം അങ്ങനെ ഒഴുകിയെങ്കിലും കോളജ് ജീവിതം അവസാനിക്കുന്നതിനു മുൻപുതന്നെ, ലിസിയുടെ തന്തപ്പടി സുന്ദരനും സൽസ്വഭാവിയും സമ്പന്നനുമായ ഒരു യുവാവുമായി അവളെ വിവാഹം കഴിപ്പിച്ചയച്ചു.

സിനിമാ ടിക്കറ്റെടുക്കാൻ പത്തു രൂപ കൈയിലില്ലാത്ത ഒരു മണക്കൂസിന്റെ കൂടെ തന്റെ ജീവിതം തുലച്ചുകളയുവാൻ ആ ബുദ്ധിമതി തയ്യാറായില്ല.

അന്ന് കാമുകിയുടെ മുഖത്ത് ആസിഡ് ഒഴിക്കുക, പെട്രോൾ ഒഴിച്ചു കത്തിക്കുക തുടങ്ങിയ കലാപരിപാടികളൊന്നും തുടങ്ങിയിരുന്നില്ല. അല്ലെങ്കിൽത്തന്നെ അതിനുള്ള ധൈര്യമൊന്നും എനിക്കുണ്ടായിരുന്നില്ല.

എങ്കിലും
'മറക്കാൻ കഴിയുമോ പ്രേമം
മനസ്സിൽ വരയ്ക്കും വർണ്ണചിത്രങ്ങൾ
മായ്ക്കാൻ കഴിയുമോ...' ശ്രീകുമാരൻ തമ്പി എഴുതിയത് എത്ര ശരിയാണ്.

അതൊക്കെ കഴിഞ്ഞിട്ട് എത്രയോ കാലമായിരിക്കുന്നു. ഭാര്യയായി, കുട്ടികളായി, കുട്ടികൾക്കു കുട്ടികളായി.

ഈയടുത്തകാലത്ത് ഒരു ഗാഢനിദ്രയ്ക്കിടയിൽ, ക്ഷണിക്കാതെ കയറിവന്ന ഒരു സ്വപ്നത്തിനിടയിൽ,

'എന്റെ പൊന്നു ലിസി' എന്നു പ്രേമാർദ്രമായി വിളിച്ചുകൊണ്ട് ഞാൻ എന്റെ ഭാര്യ പുഷ്പയെ ഒന്നു കെട്ടിപ്പിടിച്ചു. കണ്ണുതുറന്നപ്പോൾ ഞാൻ തറയിൽ കിടക്കുകയാണ്. എന്താണ് സംഭവിച്ചതെന്ന് എനിക്കൊരു പിടിയും കിട്ടിയില്ല. തപ്പിതടഞ്ഞ് ഞാൻ ബെഡിലേക്ക് കയറുവാൻ ഒരു ശ്രമം നടത്തി.

പെട്ടെന്ന് പുഷ്പ ഒരു നാഗവല്ലിയായി മാറി. “പരട്ട കിളവാ? കുഴീലേക്കു കാലും നീട്ടിയിരിക്കുന്ന ഇങ്ങേർക്കു നാണമില്ലേ? യാര് ലിസി, ശൊല്ല്-ഇങ്ങേര് അവക്കടെ കൂടെ രാപാർക്ക്. പൈത്യ പയലേ!”

എന്റെ പിറവംകാരി ഭാര്യക്ക് മലയാളം കൂടാതെ ഇത്തരം ഒരു ഭാഷകൂടി അറിയാമെന്നുള്ളത് എനിക്ക് പുതിയൊരറിവായി.

ഞാൻ മനസ്സിനെ ഒന്ന് റിവൈൻഡ് ചെയ്തു. സംഭവങ്ങളുടെ ഒരു മങ്ങിയ രൂപം മനസ്സിൽ തെളിഞ്ഞുവന്നു.

എങ്കിലും എന്റെ കർത്താവേ! മുട്ടിനു സഹിക്കാൻ വയ്യാത്ത വേദനയാണെന്നു പറഞ്ഞു നടക്കുന്ന ഇവളുടെ കാലിന് ഇത്ര ശക്തിയോ?

ഞാനൊരു വിശദീകരണത്തിനോ ന്യായീകരണത്തിനോ മുതിർന്നില്ല. സോഫയിൽ കിടന്നുറങ്ങുന്നതും അത്ര മോശപ്പെട്ട കാര്യമൊന്നുമല്ല!

*** *** ***

ഇനി കാര്യത്തിലേക്കു കടക്കാം. റിട്ടയർമെന്റ് കാലമായതുകൊണ്ട് ടിവി കാണുവാനുള്ള സമയവും സൗകര്യവുമൊക്കെയുണ്ട്. കോമഡി ടച്ചുള്ള കഥകൾ കാണുവാനാണ് താല്പര്യം. എങ്കിലും ലോകമലയാളികൾ നെഞ്ചിലേറ്റിയ 'റിപ്പീറ്റ് വാല്യൂ'യുള്ള നമ്മുടെ സ്വന്തം 'അക്കരകാഴ്ചകളെ' വെല്ലാൻ തക്ക കരുത്തും കാമ്പുമുള്ള ഒരു റിയലിറ്റി കോമഡി സീരിയൽ ഇതുവരെ മലയാളത്തിൽ ഇറങ്ങിയിട്ടില്ല എന്നതാണ് വാസ്തവം. അക്കരക്കാഴ്ചകൾക്ക് ഇതുവരെ അർഹിക്കുന്ന ഒരു അംഗീകാരം ഇവിടെ കൊടുത്തിട്ടില്ല.

മുറ്റത്തെ മുല്ലയ്ക്ക് മണമില്ലല്ലോ!

ഇടയ്ക്ക് ഓർക്കാപ്പുറത്ത് ചില കേട്ടിട്ടില്ലാത്ത പുതിയ സിനിമകൾ യൂട്യൂബിൽ കയറിവരാറുണ്ട്.

അങ്ങനെയാണ് 'പഴഞ്ചൻ പ്രണയം' എന്ന സിനിമ ഒന്നു നോക്കിക്കളയാം എന്നു കരുതിയത്.

സത്യം പറയട്ടെ, വലിയ പ്രതീക്ഷകളോടെയൊന്നുമല്ല സിനിമ കാണാൻ തുടങ്ങിയത്. പക്ഷേ, കണ്ടു തുടങ്ങിയപ്പോൾ, തീരുന്നതു വരെ ഒറ്റയിരിപ്പിൽ കണ്ടു.

പ്രശസ്തരായ വലിയ താരനിരയൊന്നുമില്ല. വളരെ കുറച്ചു കഥാപാത്രങ്ങൾ. ഡാൻസും അടിപിടിയും അട്ടഹാസവും നെടുങ്കൻ ഡയലോഗുകളും ഒന്നുമില്ലാതെ, ഒതുക്കത്തിൽ പറഞ്ഞുപോകുന്ന ഒരു കഥ.

വിൻസി അലോഷ്യസ് എന്ന ഒരു നടിയാണ് മായ എന്ന നായികാ കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്. ഓവർ ആക്ടിംഗ് ലവലേശം പോലുമേശാത്ത അവരുടെ അഭിനയം എന്നെ അത്ഭുതപ്പെടുത്തി. റോണി ഡേവിഡ്, മോഹൻ എന്ന നായകനെ മികവുറ്റതാക്കി.

മിനിസ്ക്രീനിലൂടെ നമുക്കു പരിചിതനായ അസീസ് നെടുമങ്ങാട്, മണിയൻ എന്ന സ്വല്പം കോമഡി ചട്ടുള്ള കഥാപാത്രത്തെ അതിഗംഭീരമാക്കി.

ഒരു വാക്കുപോലും ഉരിയാടാതെ, അച്ഛന്റെ റോൾ അഭിനയിച്ച പവിത്രൻ എന്ന നടനും മികച്ച അഭിനയം കാഴ്ചവെച്ചു.

കഥയുടെ വഴിത്തിരിവാകുന്ന ഒരു സീനിൽ മാത്രം ഒരു ചെറിയ കല്ലുകടി എനിക്കനുഭവപ്പെട്ടു. കാലം മാറിയില്ലേ, ഇതൊന്നും അത്ര വലിയ കാര്യമൊന്നുമല്ല എന്നു കരുതിയാൽ മതി.

തീർച്ചയായും കണ്ടിരിക്കേണ്ട ഒരു പടം എന്നൊന്നും ഞാൻ പറയില്ല. ചെറുപ്പക്കാർക്ക് അത്ര കണ്ട് ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല.

സൗകര്യപ്പെടുമെങ്കിൽ 'പഴഞ്ചൻ പ്രണയം' എന്ന ഈ സിനിമ കാണുക. രാത്രിയിൽ ശാന്തമായ ഒരന്തരീക്ഷത്തിൽ കാണുന്നതാണ് നല്ലത്.

ഏതായാലും അഭിനേതാക്കൾക്കും അണിയറ പ്രവർത്തകർക്കും പ്രത്യേകിച്ച്, സംവിധായകൻ ബിനീഷ് കളരിക്കലിന് എന്റെ അഭിനന്ദനങ്ങൾ!




## അന്തർവാഹിനിയിൽ നിന്ന് മിസൈൽപരീക്ഷണം നടത്തി

ന്യൂഡൽഹി: ആണവശേഷിയുള്ള ബാലിസ്റ്റിക് മിസൈലിന്റെ പരീക്ഷണം അന്തർവാഹിനിയിൽ നടത്തി ഇന്ത്യൻ നാവികസേന. 3500 കിലോമീറ്റർ ദൂരപരിധിയുള്ള കെ-4 മിസൈൽ, പുതുതായി കമ്മീഷൻ ചെയ്ത ആണവോർജ അന്തർവാഹിനിയായ ഐഎൻഎസ് അരിഘാതിൽ നിന്നാണ് വിക്ഷേപിച്ചത്.

ബംഗാൾ ഉൾക്കടലിൽ വിശാഖപട്ടണം തീരത്താണ് മിസൈൽ പരീക്ഷണം നടന്നത്. നാവികസേനയുടെ ആണവ പ്രതിരോധശേഷി അളക്കുന്നതിൽ നിർണായകമായ ഈ പരീക്ഷണത്തിന്റെ കൂടുതൽ വിശദാംശങ്ങൾ അധികൃതർ പങ്കുവെച്ചിട്ടില്ല.

അന്തർവാഹിനിയിൽ നിന്നു വിക്ഷേപിച്ച മിസൈൽ പരീക്ഷണം വിജയമായോയെന്നു വിശദമായി പരിശോധിച്ചുവരികയാണെന്ന് അധികൃതർ പറഞ്ഞു. 6000 ടൺ ഭാരമുള്ള ഇന്ത്യയുടെ രണ്ടാമത്തെ ആണവമിസൈൽ അന്തർവാഹിനിയായ ഐഎൻഎസ് അരിഘാതിൽ കഴിഞ്ഞ ഓഗസ്റ്റിലാണ് കമ്മീഷൻ ചെയ്തത്.

2016-ൽ കമ്മീഷൻ ചെയ്യപ്പെട്ട ഇന്ത്യയുടെ ആദ്യ ആണവമിസൈൽ അന്തർവാഹിനിയായ ഐഎൻഎസ് അരിഘാതിൽ 750 കിലോമീറ്റർ ദൂരപരിധിയുള്ള കെ-15 മിസൈലുകൾ മാത്രമാണ് വിക്ഷേപിക്കാൻ സാധിച്ചിരുന്നത്.

ഖരഇന്ധനത്തിൽ പ്രവർത്തിക്കുന്ന കെ-4 മിസൈൽ ഇന്ത്യയുടെ ഡിഫൻസ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷ (ഡിആർഡിഒ) നാണ് വികസിപ്പിച്ചെടുത്തത്.

നിലവിൽ റഷ്യ, അമേരിക്ക, ചൈന തുടങ്ങിയ രാജ്യങ്ങൾക്ക് അന്തർവാഹിനികളിൽ നിന്നു വിക്ഷേപിക്കാൻ കഴിയുന്ന 5000 കിലോമീറ്ററിലേറെ ദൂരപരിധിയുള്ള ആണവബാലിസ്റ്റിക് മിസൈലുകളുണ്ട്.

# വിസ്മയം പോലെ ലഭിക്കും നിമിഷങ്ങൾ!





ആസ്വാദനം



സുനിൽ പി. ഇളയിടം

അമേരിക്കയിലെ സാംസ്കാരിക കൂട്ടായ്മയായ അല (ALA) സംഘടിപ്പിച്ച സാഹിത്യോത്സവത്തിൽ പങ്കെടുക്കാനാണ് അമേരിക്കയിൽ എത്തിയത്. ന്യൂജേഴ്സിയിലും സിയാറ്റിലിലുമായി നടന്ന കലാ - സാഹിത്യോത്സവം. അൽപ്പം പോലും അതിശയോക്തിയില്ലാതെ, അനന്യം എന്നു വിശേഷിപ്പിക്കാവുന്നതായിരുന്നു അലയുടെ സാഹിത്യോത്സവം. സംഘാടനമികവ്, സമയനിഷ്ഠ, അവതരണങ്ങളുടെ ഗൗരവം, സംവാദങ്ങളുടെ വിഷയസ്വീകരണത്തിൽ തെളിഞ്ഞുകണ്ട സൂക്ഷ്മത, ശ്രദ്ധയുള്ള സദസ്സ് എന്നിങ്ങനെ നിരവധി ഘടകങ്ങൾ ഒത്തുചേർന്നുണ്ടായ അനന്യത. അതിനെല്ലാമുപരിയായി വന്നു ചേർന്നവരിൽ നിറഞ്ഞു കണ്ട സ്നേഹവും സമർപ്പണവും.

ഞാൻ! ഞാൻ! എന്ന ഹുംകൃതിയുടെ കറ പുരളാത്ത പരിശ്രമത്തിന്റെ സൗന്ദര്യം ആയിരക്കണക്കിനു മൈലുകൾക്കപ്പുറം, ലോകത്തിന്റെ മറ്റൊരു കോണിൽ ഇത്രയും മിഴിവുറ്റ നിലയിൽ ഒരു സാഹിത്യോത്സവം സംഘടിപ്പിക്കുക എത്രയോ പ്രയാസകരമാണ്.

അലയുടെ പ്രവർത്തകർക്ക് സ്നേഹാഭിവാദനം!

മലയാളം ജൻമം നൽകിയ എക്കാലത്തെയും വലിയ കവികളിലൊരാളായ ബാലചന്ദ്രൻ ചുള്ളിക്കാടാണ് ന്യൂജേഴ്സിയിൽ സാഹിത്യോത്സവം ഉദ്ഘാടനം ചെയ്തത്.


തുടർന്ന് രണ്ടു ദിവസവും ഏഴെട്ടു സെഷനുകളിലായി വിവിധ പ്രമേയങ്ങളെ മുൻനിർത്തിയുള്ള സംവാദങ്ങൾ, കാവ്യാവതരണങ്ങൾ, പ്രഭാഷണങ്ങൾ.

പ്രമോദ് പയ്യന്നൂർ സംവിധാനം ചെയ്ത മതിലുകൾക്കപ്പുറം എന്ന നാടകം. അവതരണമികവും രംഗപീഠത്തിന്റെ ചാരുതയും കൊണ്ട് അത് സമുന്നതമായിരുന്നു.അനന്തമായ സ്നേഹത്തിന്റെ അലയടികളിലൂടെ ആ നാടകം കാണികളെ കൈപിടിച്ചു നടത്തി. ബഷീറിന്റെ വിഖ്യാതമായ മതിലുകൾക്ക് പ്രമോദ് പയ്യന്നൂർ നൽകിയ നാടകാവിഷ്കാരം. ബഷീറിന്റെ സാഹിത്യ പ്രപഞ്ചത്തിൽ നിന്ന് തെരഞ്ഞെടുത്ത സന്ദർഭങ്ങളെ മതിലുകളുമായി കൂട്ടിയിണക്കി പ്രമോദ് പയ്യന്നൂർ സൃഷ്ടിച്ച രംഗപാഠം. ചരാചരങ്ങളുടെ അനന്തമായ സ്നേഹത്തിലേക്കും അതിനടിയിലെ അഗാധശോകത്തിലേക്കും ഒരു പോലെ തുറന്നു കിടന്ന വാതിൽ. അതിലൂടെ, കണ്ണീരും പുഞ്ചിരിയുമായി, ജീവിതത്തിന്റെ മഹാവിസ്മയങ്ങളിലേക്ക് കാണികൾ നിശ്ശബ്ദം നടന്നു പോയി.

പരിമിതമായ സമയത്തിനുള്ളിലാണ് നാടകത്തിന്റെ ഒരുക്കങ്ങളും റിഹേഴ്സലുമെല്ലാം നടന്നതെങ്കിലും അരങ്ങിൽ അതൊന്നും അനുഭവപ്പെട്ടതേയില്ല. രംഗവേദിയിൽ അഭിനേതാക്കൾ എല്ലാവരും അതുല്യമായ നിലയിൽ ജീവൻ പകർന്നു. സംഗീതം മുതൽ ശബ്ദസജ്ജീകരണം വരെ എല്ലാം പരസ്പരം പൂരിപ്പിച്ചു.

'ദൈവമേ! എനിക്കു കരച്ചിൽ വരുന്നു' എന്ന് നാരായണിക്കൊപ്പം വിതുമ്പി.

വേദിയിൽ,അനാഥമായ സ്നേഹത്തിന്റെ നിത്യസ്മാരകം പോലെ ഉണങ്ങിയ ഒരു ചുള്ളിക്കമ്പ് ആകാശത്തേക്ക് ഉയർന്നു താഴുന്നുണ്ടായിരുന്നു. രക്തനക്ഷത്രം പോലുള്ള ചുവന്ന പൂവ് അവിടെ വിടർന്നു നിന്നു. എല്ലാ മതിലുകളുടെയും ഇരുപുറങ്ങളിലും നിന്ന് സ്നേഹത്തിന്റെ ആകാശപ്പരപ്പിലേക്ക് മനുഷ്യർ തലയുയർത്തി നോക്കി!





ലോകാലോകങ്ങളുടെ തമ്പുരാനേ പ്രമോദിനു നന്ദി.

നാടകത്തിൽ പങ്കാളികളായവർക്കും

അനന്തമായ സ്നേഹത്തിന്റെ അലമാലകൾക്കും നന്ദി. അലയ്ക്കും.....

## സിനിമ കഥ



# ടൊവിനോയുടെ നായികയായി തൃഷ

ടൊവിനോ തോമസ് നായകനായി എത്തുന്ന ചിത്രമാണ് 'ഐഡന്റിറ്റി'. തെന്നിന്ത്യൻ സൂപ്പർ ലേഡി തൃഷയാണ് നായികയായി എത്തുന്നത്. 'ഐഡന്റിറ്റി' 2025 ജനുവരി മാസം തീയേറ്ററുകളിലേക്ക് എത്തും. ബിഗ് ബജറ്റ് ആക്ഷൻ സിനിമയായ 'ഐഡന്റിറ്റി' രാഗം മൂവിസിന്റെ ബാനറിൽ രാജു മല്യത്ത്, കോൺഫിഡന്റ് ഗ്രൂപ്പിന്റെ ബാനറിൽ ഡോ. റോയി സി. ജെ.എന്നിവർ ചേർന്നാണ് നിർമ്മിക്കുന്നത്.

നടൻ വിനയ് റായും, ബോളിവുഡ് താരം മന്ദിര ബേദിയും മറ്റൊരു പ്രധാന വേഷങ്ങളിലെത്തുന്നു. അജു വർഗീസ്, ഷമ്മി തിലകൻ, അർജുൻ രാധാകൃഷ്ണൻ, വിശാഖ് നായർ എന്നിവരും മുഖ്യ വേഷങ്ങളിലെത്തുന്നു. ചിത്രത്തിന്റെ ആൾ ഇന്ത്യ വിതരണാവകാശം റെക്കോർഡ് തുകയ്ക്കാണ് ശ്രീ ഗോകുലം മൂവിസ് സ്വന്തമാക്കിയിരിക്കുന്നത്. ശ്രീ ഗോകുലം മൂവിസിനു വേണ്ടി ഡ്രീം ബിഗ് ഫിലിംസ് ഐഡന്റിറ്റി ജനുവരിയിൽ തീയേറ്ററുകളിൽ എത്തിക്കുന്നത്. ജി.സി.സി വിതരണാവകാശം ഫാഴ്സ് ഫിലിംസ് കരസ്ഥമാക്കി. സംവിധായകരായ അഖിൽ പോൾ - അനസ്ഖാൻ എന്നിവർ ചേർന്നാണ് ഐഡന്റിറ്റിയുടെ തിരക്കഥയും രചിച്ചിരിക്കുന്നത്. അഖിൽ ജോർജ് ക്യാമറ ചലിപ്പിച്ച ചിത്രത്തിന്റെ എഡിറ്റിങ് നിർവഹിക്കുന്നത് ചമൻ ചാക്കോ ആണ്. മ്യൂസിക് ആൻഡ് ബാക്ക്ഗ്രൗണ്ട് ജേക്സ് ബിജോയ്.

# ഭാവി വരനൊപ്പമുള്ള ചിത്രം പങ്കുവെച്ച് കീർത്തി സുരേഷ്

തന്റെ ഭാവി വരനായ ആന്റണി തട്ടിലിനൊപ്പമുള്ള ചിത്രം പങ്കുവെച്ച് നടി കീർത്തി സുരേഷ്. നടിയുടെ വിവാഹ വാർത്തകൾ സോഷ്യൽ മീഡിയയിൽ ചർച്ചയാകുമ്പോഴാണ് ആന്റണിക്കൊപ്പമുള്ള ചിത്രം താരം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നത്. ദീപാവലി വേളയിൽ എടുത്ത ചിത്രമാണെന്ന് കരുതുന്നു. '15 വർഷങ്ങൾ... ഇനിയും തുടരുന്നു,' എന്ന അടിക്കുറിപ്പോടെയാണ് ചിത്രം പോസ്റ്റ് ചെയ്തിരിക്കുന്നത്. ആന്റണിക്കും കീർത്തിക്കും ആശംസകളുമായി ഒരുപാട് താരങ്ങളും എത്തിയിട്ടുണ്ട്.

കൊച്ചി സ്വദേശിയായ ബിസിനസുകാരൻ ആന്റണി തട്ടിലാണ് വരൻ.

'ആന്റണിക്ക് കേരളത്തിലും ചെന്നൈയിലും സ്വന്തം ബിസിനസ് ആണ്. വിവാഹത്തിന്റെ തീയതി തീരുമാനിക്കുന്നേയുള്ളൂ. അടുത്ത മാസമാകും ചടങ്ങ്. ഗോവയിൽ വച്ച് അടുത്ത ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സാന്നിധ്യത്തിലാകും വിവാഹം നടക്കുക'. കീർത്തിയെ പ്ലസ്ടു പഠിക്കുമ്പോൾ തുടങ്ങിയ പരിചയമാണെന്നാണ് വിവാഹത്തെക്കുറിച്ച് സുരേഷ് കുമാർ പറഞ്ഞത്.





# പതിനെട്ട് വയസ്സുകാരന്റെ രഹസ്യങ്ങൾ

നർമ്മം മർമ്മം



രാജീവ് പണിക്കർ

വാരാന്ത്യം

**വെ**റുതെ അങ്ങോട്ട് പഠിക്ക്യാന്നു പറഞ്ഞാ പണ്ടേ എനിക്കിഷ്ടല്ല.. അക്ഷരങ്ങൾ അച്ചടിച്ചു വെച്ച പുസ്തകത്താളുകളിൽ പലതും പഠിക്കാനുണ്ടാവും. പക്ഷേ, അത് പോരെന്നും ലൈഫിൽ ഇനീം കൊറേ പഠിക്കാന്ണ്ട് ന്നും അന്നേ മനസ്സിലാക്കിയ ആളായിരുന്നു ഞാൻ. ക്ലാസു കട്ട് ചെയ്യാൻ പഠിക്കുക, സിനിമ കാണാൻ പോകുക, നല്ല ഫുഡ്ഡടിക്കുക, സെവൻസ് ഫുട്ബോൾ കളിക്കാൻ പോകുക, ഊത്ത പിടിക്കാൻ പോകുക അങ്ങനെയങ്ങനെ പലപല രീതിയിൽ ആയിരുന്നു കോളേജ് കാലഘട്ടത്തിൽ പഠനം മുന്നോട്ടു പോയിരുന്നത്.

അങ്ങനെ പഠിച്ചോണ്ടിരുന്ന കാലത്ത് ഒരൂസം ക്ലാസ് കട്ട് ചെയ്ത് ഒരു സിനിമയ്ക്ക് പോയി.

സത്യത്തിൽ, ആ സിനിമയുടെ പേര് ഓർക്കാൻ പോലും കൊള്ളത്തില്ല. എന്നാലും ഒരു അക്കാദമിക് ഇന്ററസ്റ്റിന് പറയാം. സുരേഷ് ഗോപിയുടെ രജപുത്രൻ. ഏറ്റവും ഫ്രണ്ടിലിരുന്നു കണ്ടുകൊണ്ട് സ്ക്രീനിൽ സുരേഷ് ഗോപിയും കോട്ടും മാത്രമേ കാണാനുണ്ടായിരുന്നുള്ളു. ഊളപ്പടം ആയിരുന്നെങ്കിലും സിനിമ കഴിഞ്ഞ് ക്ലാസിന്റെ ടൈം ക്രമീകരിച്ച് പതിവ് സമയത്ത് തന്നെ ഞാൻ വീട്ടിൽ എത്തി. ആർക്കും ഒരു സംശയത്തിനും ഇട കൊടുക്കാതെ, പഠനവും ഭക്ഷണവും ഒക്കെ കഴിഞ്ഞ് നൈസായി കിടന്നുറങ്ങി.

പിറ്റേന്ന് രാവിലെ ക്ലാസീ പോകാൻ ഇറങ്ങുമ്പോ ഇലപ്പൊതിയിൽ ചോറും പൊതിഞ്ഞ് ബാഗിൽ വെച്ച് അമ്മ വളരെ നൈസ് ആയി പറഞ്ഞു..

'സിനിമേം മറ്റും കാണാൻ പോവാണെങ്കി ചോറ് വഴീ കളയാതെ കൂടെയുള്ള ആർക്കെങ്കിലും കൊടുക്കണം. കളയരുത്.'

ഞാൻ ഞെട്ടി.

സിനിമ കണ്ടു എന്ന് മനസ്സിലാക്കിയത് പോകട്ടെ.. തലേന്നു തന്നുവിട്ട ചോറ് കഴിക്കാൻ സ്ഥലവും സമയവും കിട്ടാതെ വഴിയിൽ കളഞ്ഞു എന്നും അമ്മ മനസ്സിലാക്കിയിരിക്കുന്നു...

വേറെ ഒന്നും പറഞ്ഞില്ല എങ്കിലും കുറെ നാളത്തേക്ക് എന്റെ പഠനാനുഭവങ്ങളെ ഈ അനുഭവം പാടേ തകർത്തു!

കുറെ നാള് കഴിഞ്ഞ് ഒരിക്കൽ നല്ല മൂഡിൽ വർത്തമാനം ഒക്കെ പറഞ്ഞ് കൂട്ടും കൂടി ഇരുന്ന സമയത്ത് അമ്മയോട് നൈസ് ആയി ഞാൻ ചോദിച്ചു..

'അന്ന് ഞാൻ സിനിമയ്ക്ക് പോയി എന്നും ചോറ് കളഞ്ഞു എന്നും അമ്മ എങ്ങന്യാ മനസ്സിലാക്കിയത്?'

അമ്മ ഉറക്കെ ചിരിച്ചു.. പിന്നെ പറഞ്ഞു..

'നീ ഉറക്കത്തിൽ സിനിമേലെ എന്തോ കാര്യം പറഞ്ഞു.. അപ്പോ എനിക്കറിയാൻ ഉള്ള കാര്യം ഒക്കെ ഞാൻ ചോദിച്ചു... നീ എല്ലാം മണി മണി പോലെ പറഞ്ഞു. എന്നാലും ഈ പൊളിഞ്ഞു പാളീസായ പടം മാത്രേ നിനക്ക് കാണാൻ കിട്ടിയുള്ളോ?'

കൂട്ടത്തിൽ ഇങ്ങനെയൊരു കാച്ചും..

'സിനിമ മാത്രോന്നുമല്ല പറഞ്ഞത്'

സിനിമ കാണാൻ പോയയന്ന് ഞാൻ ഞെട്ടിയതിനേക്കാൾ നാലിരട്ടി ഞാൻ ഞെട്ടി. ഒരു പതിനെട്ട് വയസ്സുകാരന്റെ രഹസ്യങ്ങൾ എല്ലാം നൈസ് ആയി ഉറക്കത്തിൽ ചോദിച്ച് മനസ്സിലാക്കിയിരിക്കുന്നു! സിനിമ മാത്രമല്ല പോലും!'

കൂടെയാരെങ്കിലും കെടപ്പുണ്ടെങ്കി രാത്രി എത്ര സമയം കഴിഞ്ഞാലും (ആനക്കാട്ടിൽ ഈപ്പച്ചൻ പറഞ്ഞ പോലെ) അന്ന് തീർന്നതാ തിരുമേനീ എന്റെ ഒറക്കം!

---

കവിത



സംഗമേശ്വരൻ മാണിക്യം
ന്യൂജേഴ്സി





# പ്രണയമേ

**നാ**യയും കൊതുകും തമ്മിൽ
കലശലായ പ്രണയം...
പലയിടങ്ങളിലും അവർ
രഹസ്യമായി സന്ധിച്ചു
പ്രണയത്തിൻ നിമിഷത്തിലൊന്നിൽ
അത് സംഭവിച്ചു...
നായ സ്നേഹപൂർവ്വം
കൊതുകിനെ ഒന്ന് കടിച്ചു...
കൊതുക് തിരിച്ചും
ഒന്ന് മൃദുവായി കടിച്ചു ...
കൊതുകിനു പേ പിടിച്ചു ...
നായക്ക് ഡെങ്കിയും ...

---



# ചിലനേരങ്ങളിൽ

കവിത



ആർച്ച ആശ

**ഒ**ളിച്ചിരുന്നിടയ്ക്കിടെ
ഉള്ളം പുകച്ചു നീറ്റുന്നോരോ-
ർമ്മകൾക്കൊക്കെയും
ചിലനേരങ്ങളിൽ
ഭൂതകാലത്തിൻ വേരുമാന്തി
എന്നോ ഉണങ്ങി
പൊറ്റ പിടിച്ച വ്രണങ്ങളെ
പുനരുജ്ജീവിപ്പിക്കാൻ കഴിയും.

---

# ജാലവിദ്യ

കവിത



സിനി തോമസ്



**പി**ന്നെയും പിന്നെയും
സ്നേഹിക്കുന്ന ജാലവിദ്യ
വശമുള്ളവരെ കണ്ടിട്ടുണ്ടോ ...
എത്ര ചേർത്തു പിടിച്ചിട്ടും
കുറുമ്പ് കാട്ടി മുഖം വീർപ്പിച്ച്
കുതറിയോടുന്ന നിങ്ങളെ
പതറിപോകാതെ പിറകേ ഓടി
അലിവിന്റെ തണുപ്പിൽ പുതപ്പിച്ചു
ഉറയൂരിക്കളഞ്ഞ സ്നേഹത്തിനെ
അല്ലിയല്ലിയാക്കി അടർത്തി തരുന്ന
ചിലരില്ലേ
അവർക്ക് സ്നേഹമെന്നത്
ഒരു വാക്ക് മാത്രമല്ല
ഇറങ്ങിയോടുന്ന
വഴികളിൽ വഴുതി വീണിട്ടും
മുട്ടുപൊട്ടിയിട്ടും
പിടഞ്ഞെഴുന്നേറ്റു
തനിയേയിഴഞ്ഞു
അടുത്തേക്ക് വരുന്ന
ഒരു കുട്ടി കൂടിയാണ്...
നീയെന്തുകൊണ്ട്
അതറിയുന്നില്ല

# സാൻഫ്രാൻസിസ്കോ ഇന്ത്യൻ കോൺസുലേറ്റ് സംസ്ഥാന രൂപീകരണദിനമാഘോഷിച്ചു



**സജൻ മൂലപ്ലാക്കൽ**

സാൻഫ്രാൻസിസ്കോ: ഇന്ത്യൻ കോൺസുലേറ്റ് ഓഫ് സാൻഫ്രാൻസിസ്കോ സാൻഫ്രാൻസിസ്കോ ബേ ഏരിയയിലെ ഇന്ത്യൻ അസോസിയേഷനുകളുമായി ചേർന്ന് സംസ്ഥാന രൂപീകരണദിനം ആഘോഷിച്ചു. നവംബർ മാസത്തിൽ രൂപീകൃതമായ കേരളം ഉൾപ്പെടെയുള്ള പത്തോളം സംസ്ഥാനങ്ങളുടെ രൂപീകരണ ദിവസമാണ് വിപുലമായ ആഘോഷങ്ങളോടെ കൊണ്ടാടിയത്.

സാൻഫ്രാൻസിസ്കോ കോൺസുലേറ്റ് ജനറൽ ഡോ. ശ്രീകാർ റെഡ്ഡി സ്വാഗതം പറഞ്ഞ ചടങ്ങിൽ സാൻഫ്രാൻസിസ്കോ ബേ ഏരിയയിലെ വിവിധ സിറ്റികളിലെ ജനപ്രതിനിധികൾ പങ്കെടുത്തു. മിൽപിൽസ് സിറ്റി വൈസ് മേയർ എവെലിൻ ചവാ, കാലിഫോർണിയ അസംബ്ലി മെംബർ പാട്രിക് അഹേൻ, ഫ്രേമുണ്ട് സിറ്റി മേയർ ഡോ. രാജ് സെൽവൻ, സെറാടോഗ സിറ്റി കൗൺസിൽ മെംബർ ടിന വലിയ, സണ്ണിവെയിൽ സിറ്റി വൈസ് മേയർ മുരളി ശ്രീനിവാസൻ, സാന്തക്ലാര സിറ്റി കൗൺസിൽ മെംബർ രാജ് ചഹാൽ, അഡ്വൈസർ ടു പ്രസിഡണ്ട് ബൈഡൻ ഓൺ ഏഷ്യൻ അമേരിക്കൻസ് കമ്യൂണിറ്റീസ് അജയ് ഭുട്ടോറിയ, മിൽപിൽസ് യൂണിഫൈഡ് സ്കൂൾ ഡിസ്ട്രിക്ട് ബോർഡ് മെംബർ ഡോ. അനു നക്ക, സാന്റാമോൺ കൗൺസിൽ മെംബർ ശ്രീധർ വേറോസ്, സാൻ ഹൊസെ സിറ്റി കൗൺസിൽ മെംബർ അർജുൻ ബത്ര എന്നിവർ ആശംസകൾ നേർന്നു.









വിവിധ ഇന്ത്യൻ അസോസിയേഷനുകളെ പ്രതിനിധീകരിച്ച് അസോസിയേഷൻ ഓഫ് ഇൻഡോ അമേരിക്കൻ (എഐഎ) പ്രതിനിധി വിജയ ആസുരി, ഫോഗ് പ്രതിനിധി ഡോ. റൊമേഷ് ജാപ്ര എന്നിവർ സംസാരിച്ചു.

കേരളത്തെ പ്രതിനിധീകരിച്ച് പ്രമുഖ മലയാളി അസോസിയേഷനുകളായ ഫോമാ, മങ്ക, ബേ മലയാളി, എൻഎസ്എസ്, ഡബ്ല്യുഎംസിസി, മോഹം, തപസ്യ, ലയൺസ് ക്ലബ് തുടങ്ങിയ വിവിധ സംഘടനാനേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാന രൂപീകരണ ദിനാഘോഷത്തിൽ പങ്കാളികളായ കേരളം, കർണാടകം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഹരിയാന, പഞ്ചാബ്, മധ്യപ്രദേശ്, ഝാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളുടെ കലാ-സാംസ്കാരികത വിളിച്ചോതുന്ന കലാപ്രകടനങ്ങളും പ്രദർശന ബൂത്തുകളും മനോഹരമായി. കേരളത്തെ പ്രതിനിധീകരിച്ച് ബേ ഏരിയ മേളം ഗ്രൂപ്പ് അവതരിപ്പിച്ച ചെണ്ടമേളവും സ്കൂൾ ഓഫ് ഇന്ത്യൻ ഡാൻസ് അവതരിപ്പിച്ച മനോഹരമായ നൃത്തരൂപവും കേരളത്തനിമ വിളിച്ചോതുന്നവയായിരുന്നു.

സാൻഫ്രാൻസിസ്കോ ഇന്ത്യൻ കോൺസുലേറ്റ് ഡെപ്യൂട്ടി ജനറൽ രാകേഷ് അഡ്‌ലഖ കോ-ഓർഡിനേറ്റ് ചെയ്ത പ്രോഗ്രാമുകളുടെ അവതാരകയായത് കോൺസുലേറ്റ് കമ്യൂണിറ്റി/കൾച്ചറൽ ഓഫീസറും മലയാളിയുമായ അമ്പിളി നായർ ആയിരുന്നു.

## ഫോമാ സൺഷൈൻ റീജിയന് നവനേതൃത്വം

ഫ്ളോറിഡ: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ദേശീയ സംഘടനയായ ഫോമായുടെ ഏറ്റവും വലിയ റീജിയൺ ആയ ഫ്ളോറിഡ സൺഷൈൻ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും ജനപ്രിയമാക്കുന്നതിനുമായി റീജിയണൽ വൈസ് പ്രസിഡണ്ട് ജോമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഒരു പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു.

റീജിയനിലുള്ള എല്ലാ അംഗങ്ങളെയും ചേർത്തുപിടിച്ചുകൊണ്ട് മാതൃകാപരമായ, ജനോപകാര പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് റീജിയൻ ആർവിപി ജോമോൻ ആന്റണി, നാഷണൽ കമ്മിറ്റി മെംബേഴ്സായ സുനിതാ മേനോൻ, സാജൻ മാത്യു, ടിറ്റോ ജോൺ, എക്സ് ഒഫീഷ്യോ ബിജു തോണിക്കടവിൽ, യൂത്ത് റെപ്രസെന്റേറ്റീവ് എബിൻ ഏബ്രഹാം എന്നിവർ സംയുക്തമായി പ്രസ്താവിച്ചു.

ഫോമാ സൺഷൈൻ റീജിയൻ ചെയർ ആയി ഫോമായുടെ മുൻ വൈസ് പ്രസിഡണ്ട് വിൻസൺ പാലത്തിങ്കൽ; ഫോമായുടെ വിവിധ കമ്മിറ്റികളിൽ ചെയർ ആയും വൈസ് ചെയറായും പ്രവർത്തന പാരമ്പര്യമുള്ള നെവിൻ ജോസ് സെക്രട്ടറി; ഫോമായുടെ വിവിധ സബ് കമ്മിറ്റികളിലും റീജിയനിലെ അസോസിയേഷനുകളിലും പ്രവർത്തിച്ചു മികവു തെളിയിച്ചിട്ടുള്ള നോബിൾ ജനാർദ്ദനൻ വൈസ് ചെയർ; ബിനു മടത്തിലേത്ത് ട്രഷറർ; ഷീല ഷാജു വിമൻസ് റെപ്രസെന്റ്റീവ് എന്നീ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

സൺഷൈൻ റീജിയന്റെ പിആർഒ ആയി പത്രപ്രവർത്തകനും സാഹിത്യകാരനുമായ രാജു മൈലപ്ര സേവനമനുഷ്ഠിക്കും.

റീജിയന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുവാൻ വിപുലമായ മറ്റു കമ്മിറ്റികളും ഉടൻ രൂപീകരിക്കും.





സൺഷൈൻ റീജിയന്റെ പ്രവർത്തനോദ്ഘാടനം ജനുവരി 25-ന് പ്രൗഢഗംഭീരമായ പരിപാടികളോടെ ടാമ്പായിൽ വെച്ച് നടത്തപ്പെടും.

**ഫോട്ടോ: ജോമോൻ ആന്റണി, റീജിയണൽ വൈസ് പ്രസിഡണ്ട്**

# 'സിസ്റ്റർ മേരീ ബനീഞ്ഞാ അവാർഡ്' പ്രൊ. കോശി തലയ്ക്കലിന്

പി.ഡി. ജോർജ് നടവയൽ

ഫിലാഡൽഫിയ: പ്രപഞ്ച ചൈതന്യ സ്തുതിയുടെ ആന്ദോളനമാണ് പ്രൊ. കോശി തലയ്ക്കലിന്റെ സാഹിത്യ രചനകൾ എന്നതിനാൽ, മലയാളത്തിലെ മിസ്റ്റിക് കവയിത്രി സിസ്റ്റർ മേരി ബനീഞ്ഞയുടെ നാമം വഹിക്കുന്ന




'സിസ്റ്റർ മേരീ ബനീഞ്ഞാ അവാർഡ്' പ്രൊ. കോശി തലയ്ക്കലിന് അമേരിക്കൻ മലയാള സാഹിത്യ പ്രവർത്തന മേഖലയെ പ്രതിനിധീകരിച്ച് ട്രൈസ്റ്റേറ്റ് കേരളാ ഫോറം, 'കേരളം-ദിനോത്സവം' 24 വേദിയിൽ സമ്മാനിച്ചു. പ്രൊ. കോശി തലയ്ക്കൽ 2019-ൽ രചിച്ച 'ജൂസപ്പെ' എന്ന കവിത, അദ്ദേഹത്തിന്റെ സാഹിത്യ സപര്യയുടെ ഏറ്റവും നല്ല ദൃഷ്ടാന്തമായി എടുത്തു കാട്ടിയാണ് അവാർഡു നിർണ്ണയം നടത്തിയത്. പ്രശസ്ത വാഗ്മിയും കവിയും നിരൂപകനും കഥാകാരനും ഗാനരചയിതാവുമായ പ്രൊ. കോശി തലയ്ക്കൽ, പ്രഥമമായും തനി കാവ്യ യോഗിയാണെന്ന് 'ഫിലാഡൽഫിയ മലയാള സാഹിത്യ




വേദി' (Literary Association for Malayalam, Philadelphia; LAMP) ട്രൈസ്റ്റേറ്റ് കേരളാ ഫോറം സമിതിയ്ക്കു നൽകിയ നിർദ്ദേശത്തിൽ പ്രസ്താവിച്ചത് ശരിവെച്ചാണ് അവാർഡ് നിർണ്ണയം അംഗീകരിച്ചത്.

മുതിർന്ന മാധ്യമ പ്രവർത്തകൻ വിൻസന്റ് ഇമ്മാനുവേൽ അവാർഡ് സമ്മാനം നിർവഹിച്ചു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം 'കേരളം ദിനോത്സവം 24' ചെയർമാൻ ജോർജ് നടവയൽ ആമുഖ പ്രസ്താവന നടത്തി. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ അഭിലാഷ് ജോൺ അദ്ധ്യക്ഷനായി. ജോയിന്റ് സെക്രട്ടറി ജോൺ പണിക്കർ സ്വാഗതവും ജോയിന്റ് ട്രഷറർ രാജൻ സാമുവേൽ നന്ദിയും പറഞ്ഞു. സെക്രട്ടറി ബിനു മാത്യു, ട്രഷറർ ഫീലിപ്പോസ് ചെറിയാൻ, ജോർജ് ഓലിക്കൽ, അലക്സ് ബാബു, അൻസു ആലപ്പാട്ട് എന്നിവർ യോഗ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ബിസിനസ് പ്രമുഖരായ മണിലാൽ മത്തായി, അറ്റോണി ജോസഫ് കുന്നേൽ, പമ്പ, കോട്ടയം അസോസിയേഷൻ, ഓർമാ ഇന്റർനാഷണൽ, ഫൊക്കാനാ, ഫോമാ, പിയാനോ, തിരുവല്ലാ അസോസിയേഷൻ, റാന്നി അസോസിയേഷൻ, ഫിലാഡൽഫിയാ മലയാള സാഹിത്യവേദി, ഫിൽമാ എന്നിങ്ങനെ വിവിധ സംഘടനകളുടെ ഭാരവാഹികളും പ്രവർത്തകരും സന്നിഹിതരായിരുന്നു; ആശംസകൾ നേർന്നു സംസാരിച്ചു.

"ആദ്ധ്യാത്മിക പ്രണയത്തിന്റെ അനാമിക സൗന്ദര്യമാണ് മേരി ബനീഞ്ഞാക്കവിതകൾ", 'മലയാളത്തിന്റെ മിസ്റ്റിക് കവിയാണ് സിസ്റ്റർ മേരി ബനീഞ്ഞ'. ആ പാതയിലേക്കുള്ള അനുരണനം പ്രൊ. കോശി തലയ്ക്കലിന്റെ കാവ്യസപര്യയിലും കാണാം. അതിനാലാണ് പ്രൊ. കോശി തലയ്ക്കലിന് 'സിസ്റ്റർ മേരീ ബനീഞ്ഞാ അവാർഡ് സമ്മാനിക്കുന്നതെന്ന് ട്രൈസ്റ്റേറ്റ് കേരളാ ഫോറം 'കേരളം ദിനോത്സവ സമിതി' പ്രസ്താവിച്ചു.

പ്രശസ്ത നിരൂപകനായ ഡോക്ടർ കുര്യാസ് കുമ്പളക്കുഴി രചിച്ച 'ബനീഞ്ഞാക്കവിതകൾ: സമ്പൂർണ്ണ സമാഹാരം' എന്ന ഗ്രന്ഥത്തിന്റെ പ്രസാധകക്കുറിപ്പിൽ ഡിസി ബുക്സ് വിലയിരുത്തിയ പ്രസ്താവനകൾ ട്രൈസ്റ്റേറ്റ് അവാർഡ് സമിതി കടം കൊണ്ടു.

'മേരി ജോൺ തോട്ടം' എന്ന പേരിലാണ് സിസ്റ്റർ മേരി ബനീഞ്ഞ കവിതാലോകത്തേയ്ക്ക് കടന്നുവന്നത്. പിന്നീട് സന്യാസിനിയായി തീർന്ന ശേഷം സിസ്റ്റർ മേരി ബനീഞ്ഞ എന്ന നാമധേയം സ്വീകരിച്ചു. കവിതകളിൽ അവർതന്നെ കഥാപാത്രമാണ്, ചിലപ്പോൾ പ്രത്യക്ഷമായും ചിലപ്പോൾ പരോക്ഷമമായും. അവരുടെ വ്യക്തിഗതമായ ദുഃഖം നമ്മുടെ അനുഭൂതിയായി മാറുന്നു. കവി കന്യാസ്ത്രീ ആകുന്നതും കന്യാസ്ത്രീ കവിയാകുന്നതും ഏതു നാട്ടിലും അപൂർവമാണ്. സന്യാസിനിത്വം അവരുടെ കവിതയ്ക്ക് ഒരു അപൂർവ്വത നേടിക്കൊടുത്തിട്ടുണ്ട്. ആദ്ധ്യാത്മിക പ്രണയത്തിന്റെ അനാമിക സൗന്ദര്യമാണ് മേരി ബനീഞ്ഞാക്കവിതകൾ. മാർത്തോമ്മാ വിജയം, ഗാന്ധിജയന്തി (മഹാകാവ്യങ്ങൾ), ആത്മാവിന്റെ സ്നേഹ ഗീത, ഈശ്വര പ്രസാദം, മാഗി, വിധി വൈഭവം, ഭാരത മഹാലക്ഷ്മി, ചെറുപുഷ്പത്തിന്റെ സ്മരണകൾ, അമൃതധാര, ആദ്യത്തെ കല്ല് ആരെറിയും?, സത്യദർശനം, തീർത്ഥയാത്ര (ഖണ്ഡ കാവ്യങ്ങൾ) കവിതാരാമം, ഗീതാവലി, മധുമഞ്ജരി, കവനമേള, കരയുന്ന കവിതകൾ (സമാഹാരങ്ങൾ), കൂടാതെ സമാഹരിക്കപ്പെടാത്ത ഇരുനൂറിലധികം കവിതകളും വാനമ്പാടി എന്ന ആത്മകഥയും കൂടിച്ചേരുന്നതാണ് ബനീഞ്ഞാക്കവിതകൾ.

ദിവ്യവും ശ്രേഷ്ഠവുമായ പ്രത്യക്ഷാനുഭവങ്ങളെ അനുവാചകർക്ക് വെളിപ്പെടുത്തിത്തരുന്നു ബനീഞ്ഞാക്കൃതികൾ.

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും

സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും

അമർന്നുപോയി കാലചക്ര വിഭ്രമത്തിലെങ്കിലീ

നമുക്കു പിന്നെയെന്തു ശങ്ക, മാറ്റമൊന്നുമില്ലതിൽ.

ഒരിക്കലീ ജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം

തിരിക്കണം വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ,

തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ

കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം."

ഡോക്ടർ കുര്യാസ് കുമ്പളക്കുഴിയുടെ വാക്കുകൾ അവാർഡു നിർണ്ണയത്തിന് സഹായകമായി.

'മലയാളത്തിലെ ഏക മിസ്റ്റിക് കവി' സിസ്റ്റർ മേരി ബനീഞ്ഞയാണ്. 'ലോകമേ യാത്ര' എന്ന കവിത എഴുതിയ 1928 മുതൽ, 'ആത്മാവിനെ സ്നേഹഗീത' പൂർത്തിയാക്കിയ 1936 വരെയുള്ള കാലമാണ് ബനീഞ്ഞയുടെ കാവ്യജീവിതത്തിലെ ഏറ്റവും സമ്പന്നമായ ഘട്ടം. ആധ്യാത്മികമോ യോഗാത്മകമോ ആയ വിഷയങ്ങൾ കാവ്യ വിഷയമാകുമ്പോഴേ, അവരുടെ സർഗാത്മകത പൂർണ്ണ ശക്തിയോടെ ഉണരുമായിരുന്നുള്ളൂ. മലയാളത്തിൽ ഒറ്റപ്പെട്ട കവി വ്യക്തിത്വമാണ് സിസ്റ്റർ മേരി ബനീഞ്ഞയുടേത്.



പ്രൊ. കോശി തലയ്ക്കലിന് 'സിസ്റ്റർ മേരീ ബനീഞ്ഞാ അവാർഡ് നൽകണം എന്നു നിശ്ചയിച്ചവരും പ്രശസ്ത കവയിത്രി സുഗതകുമാരി, 1985-ൽ കുറിച്ച വരികൾ ആവർത്തിച്ചു:-

"തപസ്സിന്റെ വഴി, ത്യാഗത്തിന്റെയും യാതനയുടെയും ശാന്തിയുടെയും വഴിയാണ്. നിത്യദുഃഖങ്ങൾ മറന്ന് സംസാരഭാരങ്ങൾ ദൂരെക്കളഞ്ഞ്, ഈശ്വരനെ മാത്രം പ്രിയനായി വരിച്ച്, ആനന്ദത്തിൽ മുഴുകുവാൻ പുണ്യാത്മാക്കൾക്കേ കഴിയൂ....

(ശേഷം 28-ാം പേജിൽ)

**സിസ്റ്റർ മേരീ ബനീഞ്ഞാ അവാർഡിനു കാരണമായ 'ജൂസപ്പെ' എന്ന കവിത:**

## ജൂസപ്പെ

**(പ്രൊ. കോശി തലയ്ക്കൽ)**

ജൂസപ്പേ, നിനക്കായി
മലർക്കെത്തുറക്കുന്നൂ
സ്വർഗ ഗോപുര വാതിൽ
സഹർഷം മാലാഖമാർ.
താത സന്നിധി വിട്ടു
വരവായ് തേജോമയ
പുത്രനീ ധന്യാത്മാവെ
പൊന്മുടി ചൂടിക്കുവാൻ
നിന്റെ മേൽ പിടിക്കുന്ന
സ്നേഹത്തിൻ കൊടി, രക്ത
വർണ്ണാഭമാർന്നായാഗ
സ്മൃതിയായ് വിരാജിപ്പൂ.
ബർഗായിലാരും നിന്നെ
യാത്രയാക്കുവാൻ, തുള്ളി
കണ്ണുനീർ പൊഴിക്കുവാൻ
ഇല്ലാതെ പോയെന്നാലും
നിന്റെ ജീവിതം സ്വർഗ-
മാഘോഷിച്ചീടും; ദീർഘ
കാലമായ് ഒരു ദേഹി
വന്നതാണല്ലോ വീട്ടിൽ!
തന്റെ കൈകളാൽ തിരു
കർമ്മമേറ്റവർ രോഗ
ഗ്രസ്തരായ് ഇളവിട്ടു
പോകുന്നതെല്ലാം നോക്കി
നൊന്തു നിൽക്കവേ, സ്വന്തം
ജീവനിൽ പടരുന്ന
മൃത്യുവിൻ ഗന്ധം തിരി-
ച്ചറിയാനാവാതെ പോയ്.
ചാരത്തു പ്രാണൻ കിട്ടാ-
തുഴറും യുവാവിനായ്
സ്വന്തജീവിതം കാക്കും
യന്ത്രമേകുവാൻ ചൊന്ന്,
മൃത്യുവേ വരിച്ചോരു
ധന്യനാം പുരോഹിതാ
നിൻ പാദപാംസുക്കൾ കൊ-
ണ്ടാകട്ടെൻ നീരാജനം.
സ്നേഹിതനായി പ്രാണ-
നേകുവതേക്കാളേറെ
സ്നേഹമേയില്ലെന്നോതി-
ത്തന്ന തൻ ഗുരുവിനെ
ചരണം പ്രതിയനു-
ഗമിക്കാൻ കൊതിച്ച നിൻ
ജനനം ഇതിഹാസ-
മാക്കി നീ രചിച്ചല്ലോ.
ഞങ്ങളല്പന്മാർ കുരി-
ശ്ശെടുത്തു തമ്മിൽ തല്ലി-
ക്കീറുന്ന വിശുദ്ധന്മാർ.
വചനം സ്വകാര്യ സ്വ-
ത്താക്കുന്ന പ്രവാചകർ
വിശ്വാസ മർമ്മങ്ങളെ
വിറ്റു കാശാക്കുന്നവർ
സ്വന്ത കണ്ണിലെ മര-
ക്കോലിനെ കാണാതന്യ
കണ്ണിലെ കരടിനെ
തേടുന്ന കുരുടന്മാർ...
മാരികൾ വരും, മഹാ
മാരികൾ വരും, പോകും
നാൾ വരെ, പരസ്പരം
സ്നേഹിച്ചു കഴിയുവോർ,
പിന്നെയും തുടരും പോർ-
വിളികൾ, പൂർവാധികം
ശക്തിയിൽ നിണം കണ്ടു
പുളയ്ക്കും നരാധമർ.
മതിയെൻ വിലാപങ്ങൾ
ധന്യ മാനവാ, നിന്റെ
സ്മൃതിയിൽ കളങ്കമായ്
തീരരുതെൻ കണ്ണുനീർ!!
നിനയാ നേരത്തെഴു-
നൂറു കോടിയെ കരി
നിഴലിൽ വിഴുങ്ങിയ
വൈറസ്സിൻ മഥനത്തിൽ
ഞങ്ങൾക്കു കാലം തന്നോ-
രമൃതിൻ കണമാണു
വൈദിക തപോധനൻ
ജൂസപ്പെ ബെരാർ ഡെല്ലി!!
ജൂസപ്പേ, നിനക്കായി
മലർക്കെത്തുറക്കുന്നൂ
സ്വർഗ ഗോപുര വാതിൽ
പോവുക പുണ്യാത്മാവേ...

# ഫൊക്കാന ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയൻ ഉദ്ഘാടനവും കലാമേളയും

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: വലിയ പങ്കാളിത്തവും ശ്രദ്ധേയമായ പ്രസംഗങ്ങളും മികച്ച കലാപരിപാടികളും കൊണ്ട് ഫൊക്കാന ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയന്റെ (റീജിയൻ-3) പ്രവർത്തനോദ്ഘാടനവും കലാമേളയും വേറിട്ടതായി. സൗഹൃദ കൂട്ടായ്മയുടെ ഏറ്റവും മികച്ച വേദിയൊരുക്കാൻ ആർവിപി ആന്റോ വർക്കിക്കും സഹപ്രവർത്തകർക്കും കഴിഞ്ഞു. ഇത്തരമൊരു സംഗമം വളരെ വർഷങ്ങൾക്കിടയിൽ ആദ്യമാണെന്ന് ഏവരും അഭിപ്രായപ്പെട്ടു. ഒരു മിനികൺവൻഷന്റെ പ്രതീതി ഉളവാകുന്നതായിരുന്നു റീജിയണൽ ഉദ്ഘാടനപരിപാടികൾ.

യോർക്ക് ടൗൺ ഹൈറ്റ്സിൽ സെന്റ് ഗ്രിഗോറിയോസ് ചർച്ചിന്റെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ആദ്യന്തം ഹൃദ്യമായ പരിപാടി. ചെണ്ടമേളത്തോടെ അതിഥികളെ വരവേറ്റു. സാജൻ മാത്യു ആമുഖപ്രസംഗം നടത്തുകയും എംസി ഷൈനി ഷാജനെ പരിചയപ്പെടുത്തുകയും ചെയ്തു. അമേരിക്കൻ ദേശീയഗാനം അലീന മാത്യുവും ഇന്ത്യൻ ദേശീയഗാനം അഖിൽ വിജയകുമാറും ആലപിച്ചു. ഫാ. നൈനാൻ ടി. ഈശോ അനുഗ്രഹപ്രഭാഷണം നടത്തി.







സൗഹൃദസംഗമത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്ത ആർവിപി ആന്റോ വർക്കി തന്നെ പിന്തുണച്ച എല്ലാവർക്കും നന്ദി പറഞ്ഞു. റീജിയണൽ തലത്തിലെ ഭാരവാഹികളെ മത്സരമില്ലാതെ തെരഞ്ഞെടുക്കണമെന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടുവെച്ചു. റീജിയണൽ തലത്തിലാകുമ്പോൾ എല്ലാവരും സുഹൃത്തുക്കളും എന്നും കാണുന്നവരുമായിരിക്കും. അപ്പോൾ മത്സരം ഒരു കല്ലുകടിയായി കിടക്കും. ദേശീയതലത്തിൽ എല്ലാവരും ഒന്നിച്ചു പ്രവർത്തിക്കുന്നവരാണെങ്കിലും വിവിധ സ്റ്റേറ്റുകളിൽ നിന്നും കാനഡയിൽ നിന്നുമുള്ളവരാണ്. എന്നും കാണുന്നവരൊന്നുമല്ല. കലാപരിപാടികൾ അവതരിപ്പിക്കുന്ന ആറ് ഡാൻസ് സ്കൂളുകൾക്കും ഗായകർക്കും അദ്ദേഹം നന്ദി പറഞ്ഞു. ഓഡിറ്റോറിയം നല്കിയ സെന്റ് ഗ്രിഗോറിയോസ് ചർച്ചിനും വികാരി ഫാ. നൈനാൻ ടി. ഈശോയ്ക്കും നന്ദി പറഞ്ഞു.

ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി, റോക്ക് ലാൻഡ് ലെജിസ്ലേറ്റർ ഡോ. ആനി പോൾ, റീജിയണൽ വൈസ് പ്രസിഡണ്ട് ആന്റോ വർക്കി, ട്രഷറർ ജോയി ചാക്കപ്പൻ, വിമൻസ്ഫോറം ചെയർ രേവതി പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, മറ്റു ഭാരവാഹികൾ തുടങ്ങിയവർ നിലവിളക്ക് കൊളുത്തി പ്രവർത്തനോദ്ഘാടനം നിർവഹിച്ചു.

ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണിയുടെ പ്രസംഗം സംഘടനയുടെ പ്രവർത്തന രൂപരേഖ വരച്ചുകാട്ടുന്നതായിരുന്നു. ഇലക്ഷൻ സമയത്ത് താൻ പറഞ്ഞ ഡ്രീം ഇന്ന് ഫൊക്കാന കുടുംബത്തിന്റെ ഡ്രീംമാണെന്ന് സജിമോൻ പറഞ്ഞു. നല്ലൊരു ഇലക്ഷൻ കഴിഞ്ഞു. ആന്റോ പറഞ്ഞതുപോലെ, ഇലക്ഷനാകുമ്പോൾ ചിലര് ജയിക്കും, ചിലർ തോല്ക്കും. അതൊന്നും വലിയ കാര്യമല്ല. അതൊക്കെ അവിടെതീർന്നു. അതിനുശേഷം ഒറ്റകുടുംബം എന്ന ആശയത്തിൽ അടിയുറച്ച് എല്ലാവരെയും ചേർത്തുനിർത്തി ഫൊക്കാന ജൈത്രയാത്ര തുടരുന്നു. ഇരുപതാമത്തെ ടീമിനെ ലീഡ് ചെയ്യാൻ എനിക്കു ഭാഗ്യമുണ്ടായി. അതിനു മുമ്പ് അതിലൂടെ കടന്നുപോയ പത്തൊമ്പത് ടീം ലീഡേഴ്സിനെ ഓർക്കുന്നു; അവരെ നമിക്കുന്നു.

സ്റ്റാറ്റസ് ഓഫ് യൂണിയൻ ഓഫ് ഫൊക്കാന ഈസ് ഗ്രേറ്റ്. ഡ്രീമിനോടൊപ്പം പറഞ്ഞ രണ്ടാമത്തെ വാക്കാണ് കുടുംബം. അതോടൊപ്പം കൾച്ചർ അഥവാ സംസ്കാരം. നമ്മൾ ഇവിടെ വന്നത് ജോലി ചെയ്ത് കുടുംബത്തെ സംരക്ഷിക്കാനും സമൂഹത്തിനു നന്മ ചെയ്യാനുമാണ്. ഈ നാടിന് കോൺട്രിബ്യൂട്ട് ചെയ്യാനും വന്ന നാടിന് കോൺട്രിബ്യൂട്ട് ചെയ്യാനുമാണ്. നമ്മുടെ സംസ്കാരം നിലനിർത്താനാണ് ഫൊക്കാനയെ പോലുള്ള കേന്ദ്രസംഘടനകൾ. അതോടൊപ്പമുള്ള വാക്കാണ് സർവീസ് അഥവാ സേവനം. നമ്മൾ ഓരോരുത്തരെയും ബന്ധിപ്പിക്കുന്ന വാക്ക്. സംസ്കാരവും സേവനവും എവിടെ ഉണ്ടോ അവിടെ മറ്റുള്ളവരോടുള്ള ആദരവ് ഉണ്ട്. അതില്ലാതെ പോകുമ്പോഴാണ് ചിലപ്പോൾ ചില ആളുകൾ ചില കോപ്രായങ്ങൾ കാട്ടി ഏതെങ്കിലും മീഡിയയിലൊക്കെ എഴുതി ഞെളിഞ്ഞിരിക്കുന്നത്. അതിനെയൊക്കെ പ്രോത്സാഹിപ്പിക്കരുത്. ഫൊക്കാനയിൽ 75 സംഘടനകളുണ്ട്. എട്ടോ പത്തോ പുതിയ സംഘടനകളുടെ അപേക്ഷ വരുന്നുണ്ട്.

കഴിഞ്ഞ 41 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനയ്ക്ക് ഒരു സ്ഥാനമുണ്ട്. നമുക്ക് ശേഷവും അത് ഉണ്ടാകും. ഡ്രീം ടീം 22 പദ്ധതികളുമായി വന്നു. അതിന്റെ എണ്ണം കൂടുന്നു. അതുപോലെ 220-ഓളം വനിതാ ലീഡേഴ്സിന്റെ ഒരു ടീമാണ് ഉണ്ടാക്കിയിരിക്കുന്നത്. (ശേഷം 30-ാം പേജിൽ)

# ക്രിസ്മസ് ഭക്ഷ്യമേളക്ക് തട്ടുകട തെരുവൊരുക്കാൻ ലീഗ് സിറ്റി മലയാളികൾ

ജീമോൻ റാന്നി

ടെക്സസ്: മലയാളി സമാജം ഓഫ് ലീഗ് സിറ്റിയുടെ ഈ വർഷത്തെ ക്രിസ്മസ് ന്യൂഇയർ കൂട്ടായ്മ വിന്റർ ബെൽസ്-2024, ഡിസംബർ 27-ന് വൈകിട്ട് 5 മണിക്ക് ഹെറിറ്റേജ് പാർക്ക് ബാപ്റ്റിസ്റ്റ് ചർച്ച് വെബ്സ്റ്ററിൽ വെച്ച് നടത്തപ്പെടുമെന്ന് പ്രസ് മീറ്റിൽ ഭാരവാഹികൾ അറിയിച്ചു. എന്നും വേറിട്ട പരിപാടികളും ആശയങ്ങളും ഒരുക്കി മറ്റു പ്രവാസി മലയാളി സംഘടനകളുടെ ഇടയിൽ വ്യത്യസ്തമായി നില്ക്കുന്ന ഒരു സംഘടനയാണ് മലയാളി സമാജം ഓഫ് ലീഗ് സിറ്റി. ഈ വർഷം തട്ടുകട തെരുവൊരുക്കി കേരളത്തിന്റെ നൂറോളം തനത് ഭക്ഷ്യവിഭവങ്ങൾ തത്സമയം ഒരുക്കി മലയാളികൾക്ക് ഗൃഹാതുരത്വം ഉണർത്തുന്ന രീതിയിലായിരിക്കും സംഘടിപ്പിക്കുക.

കേരള ശൈലിയിൽ ഒരുക്കിയ പുൽക്കൂട്, നൂറുകണക്കിനുള്ള ചെറുനക്ഷത്രങ്ങൾ, മറ്റ് അലങ്കാരങ്ങൾ ഇവയെല്ലാം ഒരുക്കിയാണ് മഞ്ഞിൽ മലകൾ താണ്ടി സ്ലെയിൽ എത്തുന്ന സാന്തയെ വരവേൽക്കുക.




ഇതോടനുബന്ധിച്ച് നൂറിലധികം കലാകാരന്മാരെ ഉൾപ്പെടുത്തി നടത്തുന്ന ലൈറ്റ് & സൗണ്ട് സ്റ്റേജ് ഷോ 'പ്രജാപതി', പ്രശസ്ത സിനി ആർട്ടിസ്റ്റ് സാബു തിരുവല്ല അവതരിപ്പിക്കുന്ന കോമഡി ഷോ, ലീഗ് സിറ്റി മലയാളികൾ അവതരിപ്പിക്കുന്ന ഹാസ്യ കഥാപ്രസംഗം, കോമഡി സ്കിറ്റ്, നൃത്ത പരിപാടികൾ, കൂടാതെ ലീഗ് സിറ്റിയുടെ സ്വന്തം ഗായകരെ അണിനിരത്തിയുള്ള ഗാനനിശയോടൊപ്പം വൈവിദ്ധ്യമാർന്ന മറ്റു പരിപാടികളും ഉൾക്കൊള്ളിച്ച് ആഘോഷിക്കുവാൻ യോഗത്തിൽ തീരുമാനിച്ചു. അഞ്ഞൂറിലധികം പേർ ഒത്തുകൂടുന്ന ഈ സംഗമം പ്രവാസി മലയാളികളുടെ ഒരു വലിയ സ്നേഹക്കൂട്ടായ്മയുടെ ഉത്തമ ഉദാഹരണമാണ്. കൂടുതൽ വിവരങ്ങൾക്ക് സംഘാടകരുമായി ബന്ധപ്പെടേണ്ട നമ്പരുകൾ: പ്രസിഡണ്ട് ബിനീഷ് ജോസഫ് 409 256 0873, വൈസ് പ്രസിഡണ്ട് ലിഷ ടെൽസൺ 973 477 7775, വൈസ് പ്രസിഡണ്ട് സോജൻ ജോർജ് 409 256 9840, സെക്രട്ടറി ഡോ. രാജ്കുമാർ മേനോൻ 262 744 0452, ജോ. സെക്രട്ടറി സിഞ്ചു ജേക്കബ് 240 426 1845, ജോ. സെക്രട്ടറി ബിജോ സെബാസ്റ്റ്യൻ 409 256 6427, ട്രഷറർ രാജൻകുഞ്ഞ് ഗീവർഗീസ് 507 822 0051, ജോ. ട്രഷറർ മാത്യു പോൾ 409 454 3472.

# ഫൊക്കാന ലോക മലയാളികളുടെ അഭിമാനസ്തംഭം: ഡോ. സജിമോൻ ആന്റണി

സന്തോഷ് നായർ

ചിക്കാഗോ: ലോകത്ത് ഏറ്റവും അറിയപ്പെടുന്ന പ്രവാസി സംഘടനയാണ് ഫൊക്കാന. അതുകൊണ്ടുതന്നെ ഈ സംഘടന ലോക മലയാളികളുടെ അഭിമാനസ്തംഭമാണ് എന്ന് നാഷണൽ പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. ഫൊക്കാന മി




ഡ്‌വെസ്റ്റ് റീജിയന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ചിക്കാഗോയിൽ വെച്ച് നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംഘടനയും സംഘടനയിലെ അംഗങ്ങളും പരസ്പര ബഹുമാനവും സഹവർത്തിത്വവും സഹായവും മുറുകെപ്പിടിച്ചാണ് പ്രവർത്തിക്കുന്നതും മുമ്പോട്ടു പോകുന്നതും ഈ ആശയങ്ങളും ആദർശങ്ങളും തന്നെയാണ് ഫൊക്കാന ഡ്രീം ടീം തയ്യാറാക്കിയ കർമ്മപദ്ധതികൾക്ക് പിന്നിലുള്ളതെന്നും ഡോ. സജിമോൻ ആന്റണി വ്യക്തമാക്കി.

യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് ഫൊക്കാനാ മിഡ്‌വെസ്റ്റ് റീജിയൻ വൈസ് പ്രസിഡണ്ട് സന്തോഷ് നായരാണ്. ഹാളിൽ നിറഞ്ഞുകൂടിയ മലയാളി സമൂഹത്തെ ഫൊക്കാനയ്ക്കുവേണ്ടി അഭിവാദ്യം ചെയ്ത സന്തോഷ് നായർ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി അമേരിക്കൻ മണ്ണിലെ എല്ലാ മലയാളികളുടെയും സാമൂഹിക, സാംസ്കാരിക ഉന്നമനത്തിനു വേണ്ടി കൈക്കൊണ്ടിട്ടുള്ള ധീരമായ നിലപാടുകളാണ് ഫൊക്കാനയെ ഒരു മഹാപ്രസ്ഥാനമാക്കി മാറ്റിയതെന്ന് ചൂണ്ടിക്കാട്ടി. സംഘടനയുടെ ചരിത്രത്തിൽ ഇന്നുവരെ നടന്നിട്ടുള്ളതിൽ വെച്ച് ഏറ്റവും ജനാധിപത്യപരവും സുതാര്യവുമായ തെരഞ്ഞെടുപ്പിലൂടെയാണ് ഡോ. സജിമോൻ ആന്റണി നേതൃത്വം നൽകിയ ഡ്രീം ടീം വിജയംനേടി സംഘടനയെ നയിക്കുവാൻ നിയോഗിക്കപ്പെട്ടതെന്നും ഫൊക്കാനയ്ക്ക് പകരംവെക്കാൻ ഫൊക്കാന മാത്രമേയുള്ളൂ എന്നും സന്തോഷ് നായർ അഭിപ്രായപ്പെട്ടു.

ഇല്ലിനോയി സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് കെവിൻ ഓലിക്കൽ യോഗത്തിൽ മുഖ്യാതിഥിയായിരുന്നു. ലോകശക്തിയായി നിലകൊള്ളുന്ന അമേരിക്ക എന്ന രാജ്യം എല്ലാ പൗരന്മാർക്കും തുല്യ അവകാശവും തുല്യ നീതിയും നല്കുന്നു. ഇത്തരം ഒരു രാജ്യത്തിന്റെ ഭാവി ഭാഗധേയം നിർണയിക്കുന്നതിൽ അമേരിക്കൻ ജനതയോടൊപ്പം തന്നെ നിർണായക പങ്കുവഹിക്കാൻ പ്രവാസി ഇന്ത്യൻ സമൂഹത്തിനും പ്രത്യേകിച്ച് മലയാളികൾക്ക് സാധിക്കുമെന്നും പറഞ്ഞ അദ്ദേഹം ഇത്തരത്തിൽ ഇന്ത്യൻ സമൂഹത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ ഫൊക്കാന നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും ആശംസകൾ രേഖപ്പെടുത്തി.

യോഗത്തിൽ അനുഗ്രഹപ്രഭാഷണം നിർവഹിച്ചത് സെന്റ് മേരീസ് ഇടവക പള്ളി വികാരി ഫാ. സിജു മുടക്കോടിൽ ആണ്. ഫൊക്കാന നാഷണൽ നേതാക്കളെ ചിക്കാഗോയിലേക്ക് സ്വാഗതം ചെയ്യുന്നതിൽ തനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ടെന്ന് സ്വാഗതപ്രസംഗകൻ കൂടിയായ ഫൊക്കാന നാഷണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ് വ്യക്തമാക്കി. അമേരിക്കൻ മലയാളികളുടെ ഒത്തൊരുമയുടെ പ്രതീകമാണ് ഫൊക്കാനയെന്നും സംഘടനയുടെ സ്വീകാര്യത അനുദിനം വർദ്ധിച്ചു വരുന്നതിനുള്ള തെളിവാണ് കൂടുതൽ






സംഘടനകൾ ഫൊക്കാനയുടെ ഭാഗമാകുന്നത് എന്നതിൽനിന്നും നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതെന്നും പ്രവീൺ തോമസ് തന്റെ സ്വാഗതപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. തനിക്കും താൻ ഉൾപ്പെട്ട ഡ്രീം ടീമിനും വോട്ട് ചെയ്ത് വിജയത്തിലേക്ക് എത്തിച്ച ചിക്കാഗോയിലെ വോട്ടർമാർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ടാണ് പ്രവീൺ തോമസ് തന്റെ സ്വാഗതപ്രസംഗം അവസാനിപ്പിച്ചത്.

സംഘടനയുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള കർമ്മപദ്ധതികൾ യോഗത്തിൽ വെച്ച് ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ വിശദീകരിച്ചു. ഫൊക്കാന ഒന്നേയുള്ളൂ എന്നും അതിന്റെ യശസ്സിന് കളങ്കം വരുത്തുവാൻ ആരെയും അനുവദിക്കാതെ അംഗങ്ങളെല്ലാവരും ഒറ്റക്കെട്ടായി തന്നെ മുന്നോട്ടു പോകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഡ്രീം ടീം അവതരിപ്പിച്ചിട്ടുള്ളത് മികച്ച പദ്ധതികളാണെന്നും അവ മികച്ച രീതിയിൽ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടെന്നും വിശദീകരിച്ച ശ്രീകുമാർ ഉണ്ണിത്താൻ എല്ലാ റീജിയനുകളിലെയും മീറ്റിങ്ങുകളിൽ വൻ ജനപങ്കാളിത്തമാണ് ഉണ്ടാകുന്നതെന്നും ചൂണ്ടിക്കാട്ടി.

സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഹെൽത്ത് കാർഡ് പദ്ധതിയുടെയും വരാനിരിക്കുന്ന ഗ്ലോബൽ വില്ലേജ് പദ്ധതിയുടെയും മേന്മകൾ വിശദീകരിച്ചാണ് ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ സതീശൻ നായർ സംസാരിച്ചത്. നർമ്മത്തിലൂന്നിയ സംഭാഷണംകൊണ്ട് സദസ്സിനെ കൈയിലെടുത്ത് ട്രസ്റ്റി ബോർഡ് മെംബർ തോമസ് തോമസും പുതിയ ഭാരവാഹികൾക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. മുൻ റീജിയണൽ വൈസ് പ്രസിഡണ്ട് ഫ്രാൻസിസ് കിഴക്കേക്കുറ്റും യോഗത്തെ അഭിസംബോധന ചെയ്തു. എന്നും ഫൊക്കാനയ്ക്കൊപ്പം താൻ ഉണ്ടാകുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു. കൂടുതൽ യുവാക്കളെ രംഗത്തേക്ക് കൊണ്ടുവരാനാണ് ഫൊക്കാന നേതൃത്വം ശ്രമിക്കുന്നതെന്നും ഇതിന് എല്ലാ ചെറുപ്പക്കാരുടെയും പിന്തുണ വേണമെന്നും യൂത്ത് റെപ്രസെന്റ്റീവ് വരുൺ നായർ അഭ്യർത്ഥിച്ചു.

ഫൊക്കാന ദേശീയ നേതൃത്വത്തിന് എന്നും അകമഴിഞ്ഞ പിന്തുണ നല്കുന്ന മിഡ്‌വെസ്റ്റ് റീജിയന്റെ അകമഴിഞ്ഞ പിന്തുണ ഡ്രീം ടീമിന് വാഗ്ദാനം ചെയ്തും എല്ലാ വിജയാശംസകളും നേർന്നുമാണ് മുൻ ഫിനാൻസ് കമ്മിറ്റി ചെയർമാനും എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടുമായ ജെയ്ബു കുളങ്ങര സംസാരിച്ചത്. പുതിയ ടീമിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുകയും എല്ലാവരെയും ചേർത്തുപിടിക്കുന്ന ഫൊക്കാന പ്രസിഡണ്ടിന്റെ ശൈലി മാതൃകാപരമാണെന്ന് ചൂണ്ടിക്കാട്ടിയും പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മുൻ പ്രസിഡണ്ടും എൻആർഐ റിപ്പോർട്ടർ ചീഫ് എഡിറ്ററുമായ ബിജു കിഴക്കേക്കുറ്റ് യോഗത്തിൽ ആശംസകൾ നേർന്നു. അടുത്ത തലമുറയ്ക്ക് നമ്മുടെ നാടിന്റെ പൈതൃകവും സംസ്കാരവും മണ്ണിന്റെ മണവും ഗന്ധവും പകർന്നു നല്കുന്ന ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ഏവരാലും അംഗീകരിക്കപ്പെടേണ്ടതാണെന്നാണ് ഗീതാമണ്ഡലം പ്രസിഡണ്ട് ആനന്ദ് പ്രഭാകർ അഭിപ്രായപ്പെട്ടത്. ഫൊക്കാനാ റീജിയണൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണയുമായി വിമൻസ്ഫോറം എപ്പോഴും ഉണ്ടാകുമെന്ന ഉറപ്പാണ് വിമൻസ് ഫോറം റീജിയണൽ കോ-ഓർഡിനേറ്റർ സുജ ജോണിന് നല്കാനുണ്ടായിരുന്നത്. പുതിയ കമ്മിറ്റിക്ക് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്ത മുൻ ട്രസ്റ്റി ബോർഡ് അംഗവും മലയാളി അസോസിയേഷൻ പ്രസിഡണ്ടും ബ്രദേഴ്സ് ക്ലബിന്റെ മുൻ പ്രസിഡണ്ടുമായ ടോമി അംബേനാട്ടും യോഗത്തിൽ സംസാരിച്ചു.

ഫൊക്കാനയ്ക്ക് സർവ്വവിധ പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ട് എന്നും താൻ സംഘടനയുടെ ഒപ്പമുണ്ടായിരിക്കുമെന്ന് ഫൊക്കാന സീനിയർ നേതാവ് ജോർജ് പണിക്കർ അറിയിച്ചു. ഇലക്ഷൻ വരും പോകും, ജയവും തോൽവിയും ഉണ്ടാകും. പക്ഷേ, സംഘടനയാണ് വലുതെന്ന് പണിക്കർ പറഞ്ഞു.

മികച്ച ടീം വർക്കാണ് ഇപ്പോൾ ഫൊക്കാനയിൽ ഉള്ളതെന്ന് വിമൻസ് ഫോറം നാഷണൽ എക്സിക്യൂട്ടീവ് മെംബർ സുനിതാ ചാക്കോ അഭിപ്രായപ്പെട്ടു. ചിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ആൽവിൻ ഷിക്കോർ, കേരള മലയാളി അസോസിയേഷൻ പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ, ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷനെ പ്രതിനിധീകരിച്ച് ജിതേഷ് ചുങ്കത്ത്, അനിൽകുമാർ പിള്ള, ജോർജ് പണിക്കർ, ബെഞ്ചമിൻ തോമസ് (വേൾഡ് മലയാളി കൗൺസിൽ പ്രസിഡണ്ട്), ചിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ട് സണ്ണി വള്ളിക്കളം, വാചകം ചീഫ് എഡിറ്റർ ജോസ് ചെന്നിക്കര, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോ പ്രസിഡണ്ട് സുശീൽകുമാർ എന്നിവരും യോഗത്തിൽ പ്രസംഗിച്ചു.

റീജിയണൽ ഭാരവാഹികളായ സായ് പുല്ലാപ്പള്ളിയിൽ, മനോജ് വഞ്ചിയിൽ, സേവ്യർ ഒറവനാക്കുളത്തിൽ, ബോബി വർഗീസ്, ലിനു എം. ജോസഫ്, നിരൻ മുണ്ടിയിൽ, ലീല ജോസഫ്,

(ശേഷം 30-ാം പേജിൽ)

വാൽക്കണ്ണാടി

# സത്യാനന്തര കാലഘട്ടത്തിലാണോ നാം ജീവിക്കുന്നത്?

കോരസൺ


രാവിലെ ജോലിക്കു പോകുവാൻ ട്രെയിനിൽ കയറി സ്ഥിരം സ്ഥലം പിടിച്ചിരുന്നു. ട്രെയിനിന്റെ താളത്തിനു പതിവുള്ളപോലെ ഒന്ന് കണ്ണടയ്ക്കാൻ ശ്രമിച്ചപ്പോൾ ഒരു വലിയ ബഹളംകേട്ടു ഞെട്ടി! അല്പം തൊലിവെളുപ്പുള്ള ഒരു കറുത്ത വർഗ്ഗക്കാരൻ എഴുന്നേറ്റു നിന്ന് ഉച്ചത്തിൽ പ്രസംഗിക്കുകയാണ്. ട്രെയിനിൽ തിങ്ങി നിറഞ്ഞുനിന്ന, പല രാജ്യങ്ങളിൽ നിന്നും കുടിയേറ്റക്കാരായി എത്തിയവരോടാണ് അയാളുടെ സന്ദേശം. നിങ്ങളൊക്കെ നിങ്ങളുടെ നാടുകളിലേക്ക് തിരിച്ചുപോകൂ. നിങ്ങൾ ഈ രാജ്യത്തിന് ഒരു ഭാരമാണ്, നിങ്ങൾ ഈ രാജ്യത്തെ കൊള്ളയടിച്ചു സമ്പത്ത് നിങ്ങളുടെ രാജ്യത്തേക്ക് കൊണ്ടുപോകുകയാണ്. ഞങ്ങൾക്ക് ഇവിടെ ജോലിയില്ല, ജീവിക്കാൻ നന്നേ കഷ്ടപ്പെടുകയാണ്, നികുതിയടച്ചു കൈയിൽ കിട്ടാൻ പണം കുറവ്, ചെലവുകൾ കൂടുന്നു, സർക്കാർ ഉള്ള പണമെല്ലാം നിയമാനുസൃതമല്ലാതെ ഇവിടെ കടന്നുവന്നവർക്കായി ചെലവഴിക്കുകയാണ്.

അയാൾ നിരത്തുന്ന വാദങ്ങൾക്ക് അനുബന്ധമായുള്ള വിശദീകരണങ്ങളും അക്കമിട്ടു നിരത്തുന്നുണ്ട്. അതുകൊണ്ടുതന്നെ എല്ലാവരും അത് ശ്രദ്ധിക്കുന്നുമുണ്ട്. അയാളുടെ മുഖത്ത് വല്ലാത്ത അസഹിഷ്ണുതയും വൈരാഗ്യവും നിഴലിക്കുന്നുണ്ട്. ആർക്കും അകാശമായി കൈയിൽ കൊണ്ടുനടക്കാവുന്ന തോക്കുകളുള്ള രാജ്യത്ത് അടുത്ത നടപടി എന്താണെന്ന് ആകുലപ്പെട്ട് ആളുകൾ ഭയന്ന് ഇരിക്കുകയാണ്. ഉള്ളിൽ ഒളിപ്പിച്ചുവെച്ചിരുന്ന വർഗ്ഗീയ വിദ്വേഷം പരസ്യമായി പുറത്തിറങ്ങുകയാണ്. അമേരിക്കയെ സാധാരണക്കാർക്ക് ജീവിക്കാൻ പ്രയാസമാക്കിയ എല്ലാ ഉത്തരവാദിത്വവും കുടിയേറ്റക്കാരിൽ അയാൾ ചുമത്തുകയാണ്.

രാഷ്ട്രീയ ലക്ഷ്യങ്ങൾവെച്ച് ഇല്ലാത്ത 'സത്യങ്ങൾ' പറഞ്ഞു ഭീതിപരത്തി ആളുകളെ തമ്മിൽ ഭിന്നിപ്പിക്കാനും ആൾക്കൂട്ടങ്ങൾ അവരുടെ സത്യങ്ങൾ മുദ്രാവാക്യങ്ങളായി നിരന്തരം മുഴക്കി ചെയ്യുന്ന അഭ്യാസങ്ങൾ ഇന്ന് ലോകത്ത് പലയിടത്തും വ്യാപകമായി. ആരാണ് ഈ ജനങ്ങൾ? അത് വെറും ആൾക്കൂട്ടമാണോ? തെറ്റായ മുദ്രവാക്യങ്ങളുമായി തെരുവിൽ ഇറങ്ങുന്നവരല്ല ജനം. വലിയ പുരുഷാരം ചെറിയ മനുഷ്യർക്കുമേൽ നടത്തുന്ന അനീതി, അതാരാണ് ഏറ്റെടുക്കേണ്ടത്?

ഏതാണ് സത്യം, ആരാണ് ശരി എന്ന് ഒരു സംശയം ഉണ്ടാക്കിയാൽ കാര്യം എളുപ്പമായി. ആദത്തിനും ഹവ്വായ്ക്കും ഏദൻതോട്ടത്തിൽ വെച്ചുണ്ടായ അനുഭവം ഇന്ന് നമ്മുടെ ഇടയിലും നടക്കുന്നു. കല്പനകൾ ഒക്കെ ദൈവം പറഞ്ഞാലും അത് സംവിധാനത്തിന്റെ വ്യവസ്ഥിതി നിലനർത്താനുള്ള ചില നിർദ്ദേശങ്ങളാണ്. അതുകൊണ്ട് ആത്യന്തികമായ മരണം ഒന്നും സംഭവിക്കയില്ല; ചില താല്ക്കാലിക ഒഴിവാക്കലുകൾ. വേലിക്കു പുറത്തു താമസം ഒക്കെയായി ചില ചില്ലറ നീക്കുപോക്കുകളിൽ നീതി തീർപ്പാക്കപ്പെടും.

സത്യയുഗം, യുഗചക്രത്തിലെ നാല് യുഗങ്ങളിൽ ആദ്യത്തേതും ഏറ്റവും പൂർണ്ണവുമായ യുഗങ്ങളെ സൂചിപ്പിക്കുന്ന ഒരു ഹൈന്ദവ സങ്കല്പ്പമാണ്. ഇത് സത്യം, നീതി, ധർമ്മം, യോജിപ്പ് എന്നിവയാൽ സവിശേഷതയാണ്. ബുദ്ധിയുള്ളവരും പരിഷ്കൃതരുമായ മനുഷ്യർ സത്യയുഗത്തിൽ ആധിപത്യം പുലർത്തി. അവരുടെ സംസ്കാരം സാങ്കേതികവിദ്യയിലും വ്യവസായത്തിലും അധിഷ്ഠിതമല്ല. എല്ലാവരുടെയുമായ ഭൂമി സ്വാഭാവികമായി ആവശ്യങ്ങളുടെ സമൃദ്ധി ഉല്പാദിപ്പിക്കുകയും വിഭവങ്ങളുടെയും പ്രദേശത്തിന്റെയും പേരിൽ യുദ്ധം ആവശ്യമില്ലാത്തതുമായ ഒരു കാലത്ത് ഉയർന്ന തത്വങ്ങളുള്ള ലളിതമായ ജീവിതമായിരുന്നു അത്. സത്യയുഗത്തിൽ കുറ്റകൃത്യം, വഞ്ചന, അസത്യം എന്നിവയെക്കുറിച്ചുള്ള ഒരു ആശയവും ഉണ്ടായിരുന്നില്ല. മനുഷ്യർ ആത്മീയമായി മുന്നേറി ദൈവത്തോട് ഏറ്റവും അടുത്തിരുന്നു. അവരുടെ ഹൃദയത്തിൽ വഞ്ചന ഇല്ലായിരുന്നു. അത് എന്നേ അവസാനിച്ചു.



ലേഖകൻ

നമ്മൾ ജീവിക്കുന്നത് സത്യാനന്തര കാലഘട്ടത്താണെന്നാണ് പറയപ്പെടുന്നത്. 'പോസ്റ്റ് ട്രൂത്ത്' എന്ന് നിർവചിച്ചിരിക്കുന്നത് 'വികാരത്തെയും വ്യക്തിപരമായ വിശ്വാസത്തെയും ആകർഷിക്കുന്നതിനേക്കാൾ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ വസ്തുനിഷ്ഠമായ വസ്തുതകൾക്ക് സ്വാധീനം കുറവുള്ള സാഹചര്യങ്ങളുമായി ബന്ധപ്പെട്ടതോ സൂചിപ്പിക്കുന്നതോ ആണ്.' (lexico.com) നിലവിലെ രാഷ്ട്രീയ രംഗത്ത് എന്താണ് സംഭവിക്കുന്നതെന്ന് തോന്നുന്നതിന്റെ ഉചിതമായ വിവരണമായിരിക്കാം ഇത്. 'സത്യാനന്തരം' എന്നത് നമ്മൾ യഥാർത്ഥത്തിൽ ജീവിക്കുന്ന ലോകത്തെ വിവരിക്കാൻ ഉപയോഗിക്കുന്ന ഒരു പദമല്ല.

സത്യം, ദൈവത്തിന്റെ പര്യായമായി-തെറ്റുപറ്റാത്തതും മാറ്റമില്ലാത്തതും പൂർണ്ണമായും നല്ലതും പൂർണ്ണമായും ശുദ്ധവും ആശ്രയിക്കാൻ കഴിയുന്ന ഒന്നായി, എതിർക്കപ്പെടുമ്പോൾ പോലും എന്റെ ജീവിതത്തിൽ അതിന്റെ സാന്നിദ്ധ്യം അറിയിക്കാൻ ഒരു വഴി കണ്ടെത്തുന്നത് പോലെ അതൊരു മൂലധനം, അതൊരു കേവല വാല്യൂ ആയി നിലനിൽക്കട്ടെ. അനന്തമായ നല്ലവനായി മനസ്സിലാക്കിയ ദൈവത്തെ വിശ്വസിക്കാൻ കഴിയാത്ത ഒരു ലോകത്തിലാണ് ഞാൻ ജീവിക്കുന്നത് എന്ന് എനിക്കു സമ്മതിക്കേണ്ടിവരുന്നു. എനിക്കു മറ്റുള്ളവരെ വിശ്വസിക്കാൻ കഴിയാത്തിടത്ത് അവിശ്വാസത്തിന്റെയും ഭയത്തിന്റെയും കടലിൽ മുങ്ങിത്താഴുന്നതായി തോന്നുന്ന ഒരു ലോകം. നാം കാര്യങ്ങളുടെ മർത്യബോധം ഉപേക്ഷിക്കുകയും തെറ്റായ വിശ്വാസത്തിന്റെ നുണയിൽ നിന്ന് സത്യത്തിലേക്ക് തിരിയുകയാണ് വേണ്ടത്. അതിനു നിരന്തരമായ അന്വേഷണവും വസ്തുതകൾ കണ്ടെത്തുകയും വേണം.

'മറ്റുള്ളവരോട്' ഭയവും വെറുപ്പും ഉണർത്താനും അതുവഴി വിവേചനാപരമായ നയങ്ങളെ ന്യായീകരിക്കാനും ലക്ഷ്യമിട്ട് 'വ്യാജ വാർത്ത'കൾക്കും 'ബദൽ വസ്തുതകൾക്കും' സോഷ്യൽ മീഡിയയെ മുഖപത്രമായി ഉപയോഗിക്കുന്ന സത്യാനന്തര രാഷ്ട്രീയമാണ് ഈ പുതിയ ജനകീയതയ്ക്ക് അടിവരയിടുന്നത്. പോസ്റ്റ് ട്രൂത്ത് എന്നത് 21-ാം നൂറ്റാണ്ടിലെ പൊതുസത്യ ക്ലെയിമുകളുടെ വ്യാപകമായ ഡോക്യുമെന്റേഷനും ആശങ്കകളും സൂചിപ്പിക്കുന്ന ഒരു പദമാണ്. സത്യത്തിന് നാല് മുഖങ്ങളുണ്ട്. കഷ്ടതയുടെ സത്യം, കഷ്ടതയുടെ കാരണത്തിന്റെ സത്യം, കഷ്ടപ്പാടുകളുടെ അവസാനത്തിന്റെ സത്യം, കഷ്ടപ്പാടുകളുടെ അവസാനത്തിലേക്ക് നയിക്കുന്ന പാതയുടെ സത്യം. കൂടുതൽ ലളിതമായി പറഞ്ഞാൽ കഷ്ടപ്പാടുകൾ നിലനിൽക്കുന്നു, അതിന് ഒരു കാരണമുണ്ട്. അതിന് അവസാനമുണ്ട്. അതിന്റെ അന്ത്യം വരുത്താൻ അതിനു കാരണമുണ്ട്.

ഇവിടെ സത്യങ്ങളില്ല, വ്യാഖ്യാനങ്ങളേയുള്ളു. ഫാക്ച്വൽ ട്രൂത്ത്-വസ്തുത, (empirical truth) അനുഭവപരമായ സത്യം ഇത് തിരിച്ചറിയണം. കള്ളം പറയുന്നവന് ശരി എന്നൊരു വസ്തുത അപ്പുറത്തുണ്ട് എന്ന ബോധ്യം ഉണ്ട്.

എന്നാൽ 'ബുൾഷിറ്റ്'-വെറും തള്ളൽ മാത്രം. കൊടുക്കുന്നവന് വ്യക്തമായ തെറ്റിദ്ധരിപ്പിക്കാനുള്ള ലക്ഷ്യം ഉണ്ട്. അവർ നിങ്ങളുടെ കെട്ടുതാലി പറിച്ചുകൊണ്ടുപോകും. അവർ നിങ്ങളുടെ വളർത്തുമൃഗങ്ങളെ പിടിച്ചു തിന്നും എന്നൊക്കെ തള്ളിവിടുമ്പോൾ അവർക്ക് നിങ്ങളുടെ വിശ്വാസത്തിൽ പിടിച്ചുകയറി കള്ളങ്ങൾ സത്യങ്ങളെന്നു ബോധിപ്പിക്കാനാവും. ഇതൊക്കെ നമ്മൾ ചിരിച്ചുതള്ളിയേക്കാം. പക്ഷേ, അപകടകരമായ ഒരു കാര്യം, വലിയകൂട്ടം ഇത് സത്യമാണോ എന്ന് ചിന്തിച്ചുതുടങ്ങുന്നു.

രാഷ്ട്രീയ ശരികളും സത്യത്തിന്റെ നിഴലെഴുത്തും സത്യവുമായി അതിനു പുലബന്ധം ഉണ്ടാവില്ല. ശരികൾ വായിക്കാൻ ശ്രമിക്കുമ്പോൾ മാധ്യമങ്ങൾ നല്കുന്ന പൊളിറ്റിക്കലി കറക്ട് റിപ്പോർട്ടിംഗ് എല്ലാ കരുതൽ സന്നാഹങ്ങളും തകർക്കും. ഓരോ മനുഷ്യക്കൂട്ടങ്ങളെയും ബോധപൂർവം വിഘടിച്ചു നിർത്താൻ പാകത്തിൽ വിശ്വാസം ആണെന്നു ധരിപ്പിച്ചു മതം, നിരന്തരം വിഷം കലർന്ന സത്യം കുത്തിനിറയ്ക്കുമ്പോൾ നമ്മുടെ മനുഷ്യത്വം ഉരിഞ്ഞുകളയപ്പെടുകയാണ്. ശരി എന്താണെന്ന് ഇടയ്ക്കു തെളിഞ്ഞുവരുമ്പോഴും എന്താണ് സത്യമെന്ന് ഇടയ്ക്കു ബോദ്ധ്യംവരുമ്പോഴും നുണകൾ നുണഞ്ഞു പോകാനാണ് ആൾക്കൂട്ടം നമ്മോട് ആവശ്യപ്പെടുന്നത്. ഒക്കെ കൂട്ടത്തിന്റെ ശരികൾക്കു മുന്നിൽ അടിയറവ് പറഞ്ഞ് ഒറ്റപ്പെടാതിരിക്കാനാണ് താല്പര്യം.

'സത്യമെവിടെ സൗന്ദര്യമെവിടെ സ്വാതന്ത്ര്യമെവിടെ നമ്മുടെ രക്തബന്ധങ്ങളെവിടെ? നിത്യസ്നേഹങ്ങളെവിടെ? ഹിന്ദുവായി, മുസൽമാനായി ക്രിസ്ത്യാനിയായി നമ്മളെ കണ്ടാലറിയാതായി, ലോകം ഭ്രാന്താലയമായി' വയലാർ രാമവർമ്മയുടെ അനശ്വര വരികൾ വല്ലാണ്ട് ചൊടിപ്പിക്കാറുണ്ട്.

(vkorason@yahoo.com)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.71 |
| യൂറോ | 89.14 |
| സ്റ്റെർലിംഗ്പൗണ്ട് | 107.63 |
| സ്വിസ് ഫ്രാങ്ക് | 95.66 |
| സിംഗപ്പൂർ ഡോളർ | 62.97 |
| കനേഡിയൻ ഡോളർ | 60.37 |
| ഒമാൻ റിയാൽ | 220.02 |
| ബഹ്റൈൻ ദിനാർ | 224.73 |
| സൗദി റിയാൽ | 22.55 |
| യു.എ.ഇ. ദിർഹം | 23.06 |
| കുവൈത്ത് ദിനാർ | 275.58 |



# ബാലഭാസ്കറിന്റെ മരണം; കൊലപാതകമെന്ന് അച്ഛൻ

തിരുവനന്തപുരം: വയലിനിസ്റ്റ് ബാലഭാസ്കറിനെ കൊന്നതുതന്നെയെന്ന നിഗമനത്തിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നതായി അച്ഛൻ ഉണ്ണി. മകന്റെ മരണവുമായി ബന്ധപ്പെട്ടു തൃപ്തികരമായ അന്വേഷണം നടന്നിട്ടില്ല. കേസ് ഒത്തുതീർപ്പാക്കാനുള്ള നീക്കമാണ് അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥനായ സിബിഐ ഡിവൈഎസ്പി നടത്തിയതെന്ന ഗുരുതരമായ ആരോപണവും ഉണ്ണി ഉന്നയിച്ചു. ബാലഭാസ്കറിന്റെ ഡ്രൈവറായിരുന്ന അർജുൻ പെരിന്തൽമണ്ണയിലെ വ്യാപാരിയെ ആക്രമിച്ചു സ്വർണം കവർച്ച നടത്തിയ കേസിൽ പിടിയിലായതിനു പിന്നാലെ മാധ്യമ പ്രവർത്തകരെ കണ്ട ഉണ്ണി സിബിഐ അന്വേഷണ ഉദ്യോഗസ്ഥനെതിരെ ഗുരുതരമായ ക്രമക്കേടാണ് ഉന്നയിച്ചത്.

സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ടു അർജുനും വിഷ്ണുവിനും മറ്റും പങ്കുണ്ടെന്ന് ഡിആർഐയാണ് ആദ്യം കണ്ടെത്തി അറിയിച്ചത്. ഇക്കാര്യം സിബിഐയ്ക്കു മൊഴി നൽകിയപ്പോൾ, വിശദമായി അന്വേഷിക്കാൻ താത്പര്യമില്ലാത്തതുപോലെയായിരുന്നു ഡിവൈഎസ്പിയുടെ സമീപനം.



അർജുൻ ആണ് അപകടത്തിൽപ്പെട്ട വാഹനം ഓടിച്ചിരുന്നതെന്നു അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. എന്നാൽ, അപകട സമയം വാഹനം ഓടിച്ചിരുന്നത് ബാലഭാസ്കറാണെന്നും ഇതിന് 1.30 കോടി രൂപ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് അർജുൻ തൃശൂർ എംഎസ്ടി കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. അവസാനം 1.30 കോടി അഡ്ജസ്റ്റ് ചെയ്ത് ഒരു കോടി നഷ്ടപരിഹാരം നൽകിയാൽ മതിയെന്നു ഒത്തുതീർപ്പിന് അർജുൻ എത്തി.

ബാലുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് പിൻവലിച്ചാൽ വാഹനാപകട കേസ് അർജുൻ പിൻവലിക്കുമെന്ന ഒത്തുതീർപ്പു ഫോർമുലയുമായി സിബിഐ ഡിവൈഎസ്പി സമീപിച്ചിരുന്നതായും ഉണ്ണി ആരോപിച്ചു. സ്വാധീനങ്ങൾക്കു വഴങ്ങിയാണ് സിബിഐ അന്വേഷണം അവസാനിപ്പിച്ചത്. അർജുനും വിഷ്ണുവിനും പിന്നിൽ വൻ സാമ്പത്തിക ശക്തികളാണുള്ളത്. ഇവരുടെ ഇടപെടലിലാണ് അന്വേഷണങ്ങളെല്ലാം ചാരമായത്.

ഇപ്പോൾ സ്വർണക്കേസുമായി ബന്ധപ്പെട്ട് അർജുൻ പിടിയിലായ സാഹചര്യത്തിൽ ബാലഭാസ്കറിന്റെ മരണവുമായി ബന്ധപ്പെട്ട ദുരൂഹത വർധിക്കുകയാണ്. ഇപ്പോഴത്തെ കേസുമായി ബന്ധപ്പെട്ടുള്ള അന്വേഷണം സിബിഐ നടത്തണമെന്ന് ആവശ്യപ്പെട്ടു കോടതിയെ സമീപിക്കുന്ന കാര്യം ആലോചിച്ചു വരികയാണ്.

അർജുൻ മുൻപും പല കേസുകളിലും പ്രതിയായിരുന്നു. അപകടത്തിനു ശേഷമാണ് ഈ കേസുകളെകുറിച്ച് അറിയുന്നത്. എടിഎം കവർച്ച കേസ്, ഭവനഭേദന കേസ് തുടങ്ങിയ ഒട്ടേറെ കേസുകളിൽ അർജുൻ പ്രതിയായിരുന്നു. വിഷ്ണു ഇപ്പോഴും ബാലഭാസ്കറിന് 50 ലക്ഷം രൂപ നൽകാനുണ്ടെന്നു അന്വേഷണ സംഘത്തെ അറിയിച്ചിരുന്നു. ഇത് ബാലുവിന്റെ ഭാര്യ ലക്ഷ്മിക്കു നൽകാമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ, ലക്ഷ്മിക്കു ഇവർ പണം നൽകിയോ എന്ന് അറിയില്ല. ലക്ഷ്മി ഇപ്പോൾ തന്നെ ബോയ്കോട്ട് ചെയ്തിരിക്കുകയാണെന്നും ഉണ്ണി പറഞ്ഞു.

# അലക്സ് എസ്തപ്പാൻ കാവുംപുറത്ത് കാനാ പ്രസിഡണ്ട്

**സാലസ് കാലായിൽ**

ചിക്കാഗോ: ന്യൂയോർക്കിലെ മലയാളി സാമൂഹിക സാംസ്കാരിക മേഖലകളിലെ സജീവസാന്നിദ്ധ്യവും ന്യൂയോർക്ക് കേരളാ സെന്റർ പ്രസിഡണ്ടുമായ അലക്സ് എസ്തപ്പാൻ കാവുംപുറത്ത് പ്രസിഡണ്ടായി ക്നാനായ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയ്ക്ക് പുതിയ നേതൃത്വം നിലവിൽവന്നു. കാനായുടെ നാഷണൽ കോ-ഓർഡിനേറ്റർ കൂടിയാണ് അദ്ദേഹം. അലക്സ് എസ്തപ്പാന് ഒപ്പം ജോസഫ് മുല്ലപ്പള്ളി (ഫോർട്ട് ലോഡ്രഡേൽ)-വൈസ് പ്രസിഡണ്ട്, സാലസ് കാലായിൽ (ചിക്കാഗോ)-സെക്രട്ടറി, പീറ്റർ ലൂക്കോസ് ഇലക്കാട്ട് (ചിക്കാഗോ)-ജോ. സെക്രട്ടറി, ഉപ്പച്ചൻ പതിയിൽ (ചിക്കാഗോ)-ട്രഷറർ, മാത്യു വാഴപ്പള്ളിൽ (ന്യൂയോർക്ക്)-നാഷണൽ കോ-ഓർഡിനേറ്റർ, ജോസ് കല്ലിടിക്കിൽ (ചിക്കാഗോ)-പിആർഒ എന്നിവരാണ് എക്സിക്യൂട്ടീവിലെ ഇതര അംഗങ്ങൾ.


അലക്സ് എസ്തപ്പാൻ


ജോസഫ് മുല്ലപ്പള്ളി


സാലസ് കാലായിൽ


പീറ്റർ ലൂക്കോസ്


ഉപ്പച്ചൻ പതിയിൽ


മാത്യു വാഴപ്പള്ളിൽ


ജോസ് കല്ലിടിക്കിൽ

ഇവർക്കൊപ്പം ലൂക്കോസ് പാറേട്ട് (സാൻഫ്രാൻസിസ്കോ), ടോമി കാലായിൽ (ചിക്കാഗോ), ജോയി ഒറവന്നക്കളം (സാൻ അന്റോണിയോ) എന്നിവർ ഉപദേശക സമിതി അംഗങ്ങളായും സിറിയക് പറത്തറ (സാൻ ഹൊസ്സെ), മാത്യു തേരാഡി (സൗത്ത് ബെൻഡ് ഇൻഡ്യാനാ), ടോമി പുല്ലുകാട്ട്, ജോയി മുതുകാട്ട്, ഫിലിപ്പ് പുല്ലാപ്പള്ളി (മൂവരും ചിക്കാഗോ) എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു. 2025 ജനുവര് 1-ന് പുതിയ എക്സിക്യൂട്ടീവ് ചുമതലയേല്ക്കും. രണ്ട് വർഷമാണ് ഇവരുടെ കാലാവധി.

# കുട്ടികളുടെ സാമൂഹിക മാധ്യമ ഉപയോഗം വിലക്കുന്ന ബിൽ ഓസ്ട്രേലിയയിൽ പാസാക്കി

മെൽബൺ: പതിനാറിൽ താഴെ പ്രായമുള്ളവർക്ക് സാമൂഹികമാധ്യമ ഉപയോഗം വിലക്കുന്ന നിർണായക ബിൽ ഓസ്ട്രേലിയൻ പാർലമെന്റ് നവംബർ 28-ന് പാസാക്കി. ഭരണ-പ്രതിപക്ഷ പിന്തുണയോടെയാണ് ഇരുസഭകളിലും ബിൽ പാസായത്. നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഇതിനു മുൻകൈയെടുക്കുന്ന ആദ്യരാജ്യമാകും ഓസ്ട്രേലിയ.

കുട്ടികൾ സാമൂഹികമാധ്യമങ്ങളിൽ അക്കൗണ്ട് തുടങ്ങാതിരിക്കാൻ കമ്പനികൾ നടപടിയെടുക്കണമെന്ന് ബിൽ വ്യവസ്ഥചെയ്യുന്നു. ഇത് നടപ്പാക്കാൻ സാമൂഹികമാധ്യമ കമ്പനികൾക്ക് ഒരുവർഷത്തോളം സമയമനുവദിക്കും. അതുകഴിഞ്ഞേ നിരോധനം പ്രാബല്യത്തിൽവരൂ.

കുട്ടികൾ അക്കൗണ്ട് തുറക്കുന്നത് തടയാത്ത കമ്പനികൾ അഞ്ചുകോടി ഓസ്ട്രേലിയൻ ഡോളർ (274 കോടി രൂപ) പിഴയൊടുക്കേണ്ടിവരും. എന്നാൽ, കൗമാരക്കാർ വിരസതയകറ്റാനും പഠനപ്രവർത്തനങ്ങൾക്കും ആശ്രയിക്കുന്ന യുട്യൂബ്, വാട്സാപ്പ് പോലുള്ളവയ്ക്ക് നിയമത്തിന്റെ കാർക്കശ്യത്തിൽനിന്ന് ഇളവുകിട്ടാൻ ഇടയുണ്ട്.

2021 മുതൽ ചൈന കുട്ടികളുടെ സാമൂഹികമാധ്യമ ഉപയോഗത്തിന് പരിധിവെച്ചിട്ടുണ്ട്. ദിവസം 40 മിനിറ്റിൽ കൂടുതൽ ഇവയിൽ ചെലവിടാൻ പതിനാലിൽതാഴെ പ്രായമുള്ളവരെ അനുവദിക്കുന്നില്ല.

കുട്ടികളുടെ ഓൺലൈൻ ഗെയിമിങ് സമയത്തിനും ചൈന പരിധിയേർപ്പെടുത്തിയിട്ടുണ്ട്.






OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# ആർട്ട് ലവേഴ്സ് ഓഫ് അമേരിക്കയുടെ ആർട്ട് ലിറ്ററേച്ചർ ഫെസ്റ്റിവൽ നടന്നു

സിയാറ്റിൽ: ആർട്ട് ലവേഴ്സ് ഓഫ് അമേരിക്ക (അല)യുടെ നേതൃത്വത്തിൽ സിയാറ്റിലിൽവെച്ച് നവംബർ 23-ന് ശനിയാഴ്ച ആർട്ട് ലിറ്ററേച്ചർ ഫെസ്റ്റിവൽ (എഎൽഎഫ്) നടന്നു. കേരളത്തിൽ നിന്ന് ബാലചന്ദ്രൻ ചുള്ളിക്കാടും സുനിൽ പി. ഇളയിടവും ഫെസ്റ്റി

ലിഷർ

വലിൽ പങ്കെടുത്തു. ഇവരെ കൂടാതെ പ്രശസ്ത എഴുത്തുകാരായ അമിനെറ്റാ ഫോർണാ, വിജയ് ബാലൻ, നിർമ്മല ഗോവിന്ദരാജൻ എന്നിവരും സിയാറ്റിൽ ഇന്ത്യ കോൺസൽ ജനറൽ പ്രകാശ് ഗുപ്തയും ഫെസ്റ്റിവലിൽ പങ്കെടുത്തു.

എഎൽഎഫ് പോലെ അമേരിക്കൻ മലയാളി സമൂഹം സിയാറ്റിലിൽ നടത്തുന്ന വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങളെ കോൺസൽ ജനറൽ പ്രത്യേകം അഭിനന്ദിച്ചു. വൈക്കം മുഹമ്മദ് ബഷീറിന്റെ രചനകളെ ആസ്പദമാക്കി അമേരിക്കൻ മലയാളി കലാകാരന്മാരെ അണിനിരത്തി പ്രമോദ് പയ്യന്നൂർ ഒരുക്കിയ 'മതിലുകൾക്കപ്പുറം' എന്ന നാടകത്തോടു കൂടിയാണ് എഎൽഎഫിന് തിരശ്ശീല വീണത്.

എഎൽഎഫുമായി ബന്ധപ്പെടുത്തി നടത്തിയ സർഗ്ഗോത്സവം പരിപാടിയിലെ വിജയികൾക്ക് ബാലചന്ദ്രൻ ചുള്ളിക്കാടും സുനിൽ പി. ഇളയിടവും അവാർഡുകൾ സമ്മാനിച്ചു. വിവിധ മത്സരവിഭാഗങ്ങളിൽ നിന്നും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

മലയാളം കവിതാരചന-സീനിയർ വിഭാഗം: പ്രശാന്ത് ഗോപിനാഥ്-അനുഭവങ്ങളെ ഭാഗിക്കുമ്പോൾ, സ്റ്റെഫിൻ ജോസഫ് അന്ന-കടലാസുവഞ്ചികൾ, അശ്വതി പി-എന്റെ സ്കൂൾ-ജൂണിലെ ഓർമ്മകൾ.

മലയാളം കഥാരചന-സീനിയർ വിഭാഗം: പ്രശാന്ത് ഗോപിനാഥ്-മരം പെയ്യുമ്പോൾ, അനൂപ് കോയാടൻ-ജനാല, ജിനു ജോർജ്-നോവോർമകൾ.







മലയാളം കവിതാപാരായണം-സബ്ജൂണിയർ: ചിന്മയി ഹരിഹരൻ, എലൈനാ കിരൺ ബെർട്ടിൽ, ശ്രീഹാൻ പ്രശാന്ത് ആൻഡ് മാനവി നായർ.

മലയാളം കവിതാപാരായണം-ജൂണിയർ: നിരഞ്ജന ബിനു, സാധിക എസ്. പിള്ള, ഫൈഹ ലിഷാർ.

ചിത്രരചന സീനിയർ-തീം: ശരത്കാലം: ശില്പ ചന്ദ്രൻ അരുൺ വിജയ്, കലേഷ് സദാശിവൻ, സാജു വല്ലിക്കാട്ട്.



ചിത്രരചന ജൂണിയർ-തീം: ശരത്കാലം: ആയത് മൈമൂന, ഇഷിക അരുൺ വിജയ്, ശ്രീഹാൻ പ്രശാന്ത്.

റീൽസ് സീനിയർ-തീം: അമേരിക്കൻ മലയാളി: മല്ലു സിങ്ങർ, ശില്പ ആനന്ദ്, ഭവ്യ അനൂപ്.

സർഗ്ഗോത്സവം പരിപാടിയിലെ ജൂണിയർ/സബ് ജൂണിയർ വിഭാഗങ്ങളിലെ എല്ലാ വിജയികളും കേരളാ അസോസിയേഷൻ ഓഫ് വാഷിങ്ടൺ (കെഎഡബ്ല്യു) മലയാളം സ്കൂൾ വിദ്യാർത്ഥികളാണ്.

ഈ പരിപാടിയിലേക്ക് കുട്ടികളെ പങ്കെടുപ്പിച്ച അച്ഛനമ്മമാർക്കും അതിനുള്ള എല്ലാവിധ സഹായങ്ങളും ഒരുക്കി നല്കിയ കെഎഡബ്ല്യു മലയാളം സ്കൂളിനും എഎൽഎ സിയാറ്റിൽ ചാപ്റ്റർ പ്രത്യേകമായ നന്ദി അറിയിച്ചു.

### മുകളേൽ ഫൗണ്ടേഷൻ എവർ റോളിങ് ട്രോഫി:

# ഏറ്റവും മികച്ച നാടകം അമ്പലപ്പുഴ അക്ഷരജ്വാലയുടെ "അനന്തരം"

കോട്ടയം: ദർശന സാംസ്കാരിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 14-ാമത് ദർശന അഖില കേരള പ്രഫഷണൽ നാടകമത്സരത്തിൽ ഏറ്റവും മികച്ച നാടകമായി അമ്പലപ്പുഴ അക്ഷരജ്വാലയുടെ "അനന്തരം" തെരഞ്ഞെടുക്കപ്പെട്ടു.

രണ്ടാംസ്ഥാനം പാലാ കമ്മ്യൂണിക്കേഷൻസിന്റെ "ലൈഫ് ഈസ് ബ്യൂട്ടിഫുൾ" കരസ്ഥമാക്കി. ജനപ്രിയ നാടകത്തിനുള്ള മറ്റത്തിൽപറമ്പിൽ ഫ്യൂവൽസ് അവാർഡ് ഓച്ചിറ സരിഗയുടെ "സത്യമംഗലം ജംഗ്ഷൻ" നേടി.

ഒന്നാം സ്ഥാനത്തിന് അർഹമായ നാടകത്തിനു 25,000 രൂപയും മുകളേൽ ഫൗണ്ടേഷൻ എവർ റോളിങ് ട്രോഫിയും, രണ്ടാം സ്ഥാനം നേടിയ നാടകത്തിനു 20,000 രൂപയും ജൂബിലി ഹീറോ ട്രോഫിയും പ്രശസ്തി പത്രവും, ജനപ്രിയനാടകത്തിന് മറ്റത്തിൽപറമ്പിൽ ഫ്യൂവൽസ് അവാർഡും ലഭിക്കും.

ചാക്കോ മറ്റത്തിൽപറമ്പിൽ

അമ്പലപ്പുഴ അക്ഷരജ്വാലയുടെ 'അനന്തരം', പാലാ കമ്മ്യൂണിക്കേഷൻസിന്റെ 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ' എന്നീ നാടകങ്ങൾ സംവിധാനം ചെയ്ത സുരേഷ് ദിവാകരൻ മികച്ച സംവിധായകനായി തെരഞ്ഞെടുക്കപ്പെട്ടു. മികച്ച നടനായി അനന്തരം എന്ന നാടകത്തിലെ റഷീദ് മുഹമ്മദ്, മികച്ച നടിയായി കാളിദാസ കലാകേന്ദ്രത്തിന്റെ 'അച്ഛൻ' എന്ന നാടകത്തിലെ രാജി കനകവല്ലി, ഗാന്ധിഭവൻ തിയറ്റേഴ്സിന്റെ 'യാത്ര' എന്ന നാടകത്തിലെ സീതമ്മ വിജയൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഓച്ചിറ സരിഗയുടെ 'സത്യമംഗലം ജംഗ്ഷൻ' എന്ന നാടകത്തിലെ കലാഭവൻ ബ്രിജേഷ് മികച്ച ഹാസ്യനടനാണ്. മികച്ച രചന കെ.സി. ജോർജ് കട്ടപ്പന (നാടകം സത്യമംഗലം ജംഗ്ഷൻ- ഓച്ചിറ സരിഗ). മികച്ച സംഗീത സംവിധായകൻ കേരളപുരം ശ്രീകുമാർ (സത്യമംഗലം ജംഗ്ഷൻ).



സുരേഷ് ദിവാകരൻ
മികച്ച സംവിധായകൻ



റഷീദ് മുഹമ്മദ്
മികച്ച നടൻ



സീതമ്മ വിജയൻ
മികച്ച നടി



രാജി കനകവല്ലി
മികച്ച നടി



കെ.സി. ജോർജ് കട്ടപ്പന
മികച്ച രചന

മികച്ച രണ്ടാമത്തെ നടനായി പാലാ കമ്മ്യൂണിക്കേഷൻസിന്റെ 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ' നാടകത്തിലെ ഖാലിദ് കെടാമംഗലം, മികച്ച രണ്ടാമത്തെ നടിയായി അമ്പലപ്പുഴ അക്ഷരജ്വാലയുടെ 'അനന്തരം' നാടകത്തിലെ ജൂലി, ബിനു എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. മികച്ച രംഗസജ്ജീകരണം രാഹുൽ, സജീവൻ, അഭയൻ (അനന്തരം).

ദർശനയുടെ 10 ദിവസം നീണ്ടുനിന്ന നാടകമത്സരത്തിൽ ഡോ. അജു കെ. നാരായണൻ, തേക്കിൻകാട് ജോസഫ്, ബാബു കുരുവിള എന്നിവർ ജൂറി അംഗങ്ങൾ ആയിരുന്നു.

# SEEKING BRIDEGROOM

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

*Christian Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5', did B.S in engineering) from one with similar background & professional qualifications. If interested, please respond to email:
**Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# SEEKING BRIDE

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

# SEEKING BRIDEGROOM CONTD.....

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## ജോസഫ് കുര്യൻ

**കുമരകം:** പുത്തൻപുരയ്ക്കൽ ജോസഫ് കുര്യൻ (ബേബിച്ചൻ-64) അന്തരിച്ചു. ഭാര്യ നീണ്ടൂർ ചാത്തംപടത്തിൽ മിനി. മക്കൾ: നിബിൻ (അയർലൻഡ്), ജെനി (ബെംഗ്ളൂരു), ജെസിലിൻ (അയർലൻഡ്). മരുമക്കൾ: അക്സ കുന്നുംപുറത്ത് (ചിങ്ങവനം), നിതിൻ മാത്യു പുറത്തൂട്ട് (യുഎസ്).

**പെരുമ്പാവൂർ:** യാക്കോബായ സുറിയാനി സഭ അങ്കമാലി ഭദ്രാസനത്തിലെ സീനിയർ വൈദികൻ പെരുമാനി ഐക്കരക്കുടിയിൽ ഫാ. ജെ. പൗലോസ് (87) അന്തരിച്ചു.

**കോഴിക്കോട്:** കോഴിക്കോട് രൂപതയിലെ മേരിക്കുന്ന് സെ. പോൾസ് മൈനർ സെമിനാരി റെക്ടറായിരുന്ന ഫാ. വർഗീസ് ആലുക്കൽ (82) അന്തരിച്ചു.

## പെണ്ണമ്മ വർഗീസ്



**കോട്ടയം:** മലയാളി സമാജം ഓഫ് ലീഗ് സിറ്റിയുടെ വൈസ് പ്രസിഡണ്ടും സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെ ബോർഡ് ഓഫ് ഡയറക്ടറുമായ സോജൻ ജോർജിന്റെ മാതാവും കോട്ടയം ആർപ്പൂക്കര മണത്തലച്ചിറയിൽ പരേതനായ എം.കെ. വർഗീസിന്റെ (റിട്ട. കെഎസ്ആർടിസി ഓഫീസർ) ഭാര്യയുമായ പെണ്ണമ്മ വർഗീസ് (ഏലിക്കുട്ടി-85) അന്തരിച്ചു. മറ്റുമക്കൾ: സിസ്റ്റർ ലീസ (അസം), സണ്ണി വർഗീസ് (റിട്ട. ആർമി), ജാൻസി വർഗീസ് (കോട്ടയം), സജി വർഗീസ് (ഭോപ്പാൽ), ബിൻസി വർഗീസ് (യുകെ). മരുമക്കൾ: മാത്യു, ജസ്റ്റിൻ (യുകെ), ക്ലാരമ്മ സണ്ണി (റിട്ട. ടീച്ചർ), ജിജി മാത്യു(ടീച്ചർ), സുജ (യുഎസ്).

**വടവാതൂർ:** കടപ്പിലാൻ കുടുംബാംഗം പറപ്പുഴ ഗ്രേസി ജോൺ (67) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** കുരയ്ക്കവയലിൽ വർഗീസ് കുര്യൻ (കുഞ്ഞൂഞ്ഞുകുട്ടി-86) അന്തരിച്ചു.

**മാവേലിക്കര:** ഡാഡ് ബ്രഷ് ഇൻഡസ്ട്രീസ് മാനേജിങ് പാർട്നർ കല്ലുമല മാമൂട്ടിൽ എം.എം. ഏബ്രഹാം (68) അന്തരിച്ചു.

**മാന്നാനം:** പെരുമാലിൽ കൈതക്കരി ക്ലാരമ്മ മാത്യു (68) അന്തരിച്ചു.

**കിഴക്കേ കൂടല്ലൂർ:** പുളിക്കീൽ ഏലിക്കുട്ടി ജോസഫ് (76) അന്തരിച്ചു.

## എം.എം. ജോൺ

**പെരുവ:** വെള്ളൂർ എച്ച്.എൻ.എൽ റിട്ട. ഉദ്യോഗസ്ഥൻ കാരിക്കോട് മാരടിയിൽ എം.എം. ജോൺ (ഉലഹന്നാൻ-87) അന്തരിച്ചു. ഭാര്യ കാഞ്ഞിരമറ്റം മൂലങ്കുഴിയിൽ മേരി. മക്കൾ: ലിസി (യുഎസ്), കുഞ്ഞുമോൾ, ഷേർളി, ബാബു (അബുദാബി), സാബു. മരുമക്കൾ: ബോസ് (യുഎസ്), ബേബി, ജോർജ്, പ്രിയ, ഫ്ളോറി.

**പറവൂർ:** ചേന്ദമംഗലം പാലിയം കോവിലകത്തെ ഏറ്റവും മുതിർന്ന അംഗമായ പാലിയത്ത് വലിയച്ചൻ രാജേന്ദ്രൻ കുട്ടനച്ചൻ (90) അന്തരിച്ചു.

## റോസമ്മ ഏബ്രഹാം

**കോതനല്ലൂർ:** ആലപ്പാട്ട് ഏബ്രഹാമിന്റെ ഭാര്യ റോസമ്മ (83) അന്തരിച്ചു. കളത്തൂർ തെക്കേകല്ലാലിക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: റോബിൻസ് (യുഎസ്), റെജി, ലിജിമോൾ ബെന്നി (മുംബൈ), മറീന ജോസഫ് (യുഎസ്). മരുമക്കൾ: ഉഷ റോബിൻസ് (യുഎസ്), സ്റ്റെല്ല റെജി, ബെന്നി അഗസ്റ്റിൻ (മുംബൈ), റെജി ജോസഫ് (യുഎസ്).

**കാഞ്ഞങ്ങാട്:** വനിതാ ലീഗ് സംസ്ഥാന ട്രഷററും അജാനൂർ പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ കൊളവയലിലെ പി.പി. നസീമ (49) അന്തരിച്ചു.

**ആലുവ:** ശില്പിയും ചിത്രകാരനുമായ മുപ്പത്തടം കണ്യാടത്ത് ബാലചന്ദ്രൻ മുപ്പത്തടം (69) അന്തരിച്ചു.

## ചെല്ലമ്മ ജേക്കബ്

**തൃപ്പൂണിത്തുറ:** തടിക്കൽ ചെല്ലമ്മ ജേക്കബ് (89) അന്തരിച്ചു. കോട്ടയം പള്ളം അങ്കശ്ശേരിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.പി. ജേക്കബ്. മക്കൾ: എലിസബത്ത്, ബാലു (യുഎസ്), ഷൈല, ബിജു. മരുമക്കൾ: ബാബു കുര്യാക്കോസ് കൊപ്പറമ്പിൽ, ലൈസാമ്മ (യുഎസ്). സുമി, പരേതനായ സണ്ണി ഓലിക്കൽ.

**മേമടങ്ങ്:** റിട്ട. അധ്യാപിക പുൽപ്രമ്പിൽ ഗ്രേസി ജോസ് (80) അന്തരിച്ചു.

**തിരുവല്ല:** മേപ്രാൽ വാണിയപ്പുരയ്ക്കൽ പരേതനായ സാമുവൽകുട്ടിയുടെ മകൻ റെജി സാമുവേൽ (50) അന്തരിച്ചു.

**കോട്ടയം:** എസ്.എച്ച്. മൗണ്ട് കടുതോടിൽ തോമസ് ജോൺ (തോമസ്കുട്ടി-64) അന്തരിച്ചു.

**തിരുവനന്തപുരം:** എഴുത്തുകാരനും റിട്ട. പ്രഫസറും തിരുവനന്തപുരം നഗരസഭ മുൻ മേയർ പ്രഫ. ജെ. ചന്ദ്രയുടെ ഭർത്താവുമായ പ്രഫ.കെ. പ്രഭാകരൻ നായർ (87) അന്തരിച്ചു.

**കുടമാളൂർ:** ഇഎസ്ഐ കോർപ്പറേഷൻ റിട്ട. മാനേജർ പേരയിൽ പി.ടി. ജോസഫ് (81) അന്തരിച്ചു.

**കുത്രപ്പള്ളി:** ആരാധനാ മഠാംഗം സിസ്റ്റർ അനില ആര്യങ്കാലായിൽ (58) അന്തരിച്ചു.

## റോസിലി ജോർജ്

**നാഗപ്പുഴ:** കാക്കനാട്ട് റോസിലി ജോർജ് (77) അന്തരിച്ചു. പോത്താനിക്കാട് കൂറ്റപ്പിള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് കെ.എം. ജോർജ്. മക്കൾ: ഡോ. ജയ്സൺ ജോർജ് (അസി.ഡയറക്ടർ എഎച്ച്ഡി, ഇടുക്കി), ജിൻസി ജോർജ് (യുഎസ്). മരുമക്കൾ: രശ്മി ജോസ് (എംകെഎൻഎം സ്കൂൾ കുമാരമംഗലം), ടോജോ ജോസ് (യുഎസ്).

## ഏബ്രഹാം മത്തായി



**ചിക്കാഗോ:** മാറാനാഥ വോയിസ് ചീഫ് എഡിറ്റർ തമ്പി തോമസിന്റെ സഹോദരീഭർത്താവ് കുഴിക്കാല മാവുനിൽക്കുന്നതിൽ ഏബ്രഹാം മത്തായി (ജോയി-85) ചിക്കാഗോയ്ക്കടുത്തുള്ള കാങ്കക്കിയിൽ അന്തരിച്ചു. ഭാര്യ പരേതയായ സാറാമ്മ മത്തായി മേപ്രാൽ പ്ലാമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: സാജി മത്തായി, ജോയിസ് മത്തായി, ടോം മത്തായി. മരുമകൾ: ലിബി മത്തായി.

**തിരുവല്ല:** വിമുക്തഭടൻ വള്ളംകുളം നന്നൂർ മണലൂഴത്തിൽ കെ.ആർ. പ്രഭാകരൻ പിള്ള (85) അന്തരിച്ചു.

**വടവാതൂർ:** മലയിൽ വീട്ടിൽ ബാബു മലയിലിന്റെയും ബീനയുടെയും മകൻ ബിബിൻ ജോസ് (37) അന്തരിച്ചു.

## ഏലിയാമ്മ തോമസ്

**കട്ടപ്പന:** പൂനെ സസൂൺ ആശുപത്രി റിട്ട. നേഴ്സ് ഇൻ ചാർജ് കട്ടപ്പന വലിയതോവാള പുന്നശ്ശേരിൽ ഏലിയാമ്മ തോമസ് (80) പൂനെയിൽ അന്തരിച്ചു. ഭർത്താവ് പി.വി. തോമസ്. മക്കൾ: റോയ് (ഫിലിപ്പീൻസ്), ജോളി (പൂനെ), ജിൻസി (യുഎസ്). മരുമക്കൾ: മാർനെറ്റ്, ജിജു, ജോബി.

**കാണക്കാരി:** ചങ്ങനാശേരി കരിങ്ങട ചെറിയാൻ തോമസ് (76) അന്തരിച്ചു.

**പാലാ:** ഭരണങ്ങാനം സെ. മേരീസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രിൻസിപ്പൽ കവീക്കുന്ന് പൊരുന്നോലിൽ ജോൺ സക്കറിയാസ് (80) അന്തരിച്ചു.

**കൊച്ചി:** എസ്ബിഐ റിട്ട. ഡിജിഎം കോട്ടയം കഞ്ഞിക്കുഴി പാറപ്പുറം ജോർജ് ഏബ്രഹാം (ജോജോ-65) അന്തരിച്ചു.

**വാകത്താനം:** കാലായിൽ കെ.സി. ജോൺ (88) അന്തരിച്ചു.

## സാറാമ്മ അലക്സാണ്ടർ

**കൊച്ചി:** കടവന്ത്ര ജവഹർനഗർ കാർത്തികപ്പള്ളി മാളിയേക്കൽ സാറാമ്മ അലക്സാണ്ടർ (കൊച്ചുബേബി-81) അന്തരിച്ചു. ഹരിപ്പാട് രാമനയ്യത്ത് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ അലക്സാണ്ടർ സഖറിയ. മക്കൾ: അനിത റോയ് ജോർജ് (യുഎസ്), അനില മാത്യു (യുകെ), അനുദ് അലക്സാണ്ടർ. മരുമക്കൾ: തിരുവനന്തപുരം കാക്കനാട്ട് റോയ് ജോർജ് (യുഎസ്), കോയമ്പത്തൂർ കണിയാന്തറ സുരേഷ് മാത്യു (യുകെ), പാമ്പാടി ഐരുമല എൽസബ.

**ഇരവിപേരൂർ:** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മുൻ ഡെപ്യൂട്ടി മാനേജർ ശങ്കരമംഗലത്ത് സി.വി. വർക്കി (ബാബു-85) അന്തരിച്ചു.

## ഓമന വർഗീസ്

**നൂറനാട്:** പടനിലം ഗ്രീൻലാൻഡിൽ ഓമന വർഗീസ് (89) അന്തരിച്ചു. പത്തനംതിട്ട കുമ്പഴ കിഴക്കേവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പി.കെ. വർഗീസ് (റിട്ട. അധ്യാപകൻ). മക്കൾ: ചാർളി വർഗീസ് (യുഎസ്), ബിജി വർഗീസ് (രാഗം ഫോട്ടോലാൻഡ് അടൂർ), ജെസി വർഗീസ്, റജി വി. ഗ്രീൻലാൻഡ് (യുകെ). മരുമക്കൾ: സിസിലി ചാർളി, മോനി ബിജി, സുനി റജി, പരേതനായ ടോം പാലത്തിങ്കൽ.

## ടി.കെ. തോമസ്



**തിരുവൻവണ്ടൂർ:** തൈക്കെകത്ത് കാറ്ററിങ് ഉടമ ടി.കെ. തോമസ് (72) അന്തരിച്ചു. ഭാര്യ ഉഴവൂർ നീറ്റ്കാട്ട് കുടുംബാംഗം ഗീത തോമസ്. മക്കൾ: ഡോ. ജോയ്സ് തോമസ് (യുഎസ്), ജിനു തോമസ് (ഓസ്ട്രേലിയ), ഡോ. ജീന തോമസ്. മരുമക്കൾ: ഡോ. നിത്യ ജോസഫ് കുളത്രാമണ്ണിൽ മഴുക്കീർ, ഡിനു തോമസ് ഔക്കാട്ട് ഉഴവൂർ, ഡോ. വിനോയ് തോമസ് കണ്ടത്തിൽ ഇരമല്ലിക്കര.

**തണ്ണീർമുക്കം:** പഞ്ചായത്ത് ആറാം വാർഡിൽ കിഴക്കേമംഗലത്തുകരി ടിജോ ഐസക് (26) അന്തരിച്ചു.

**മല്ലികശേരി:** കുന്നത്തുപുരയിടം കെ.പി. ദേവസ്യയുടെ ഭാര്യ ഏലിക്കുട്ടി ദേവസ്യ (84) അന്തരിച്ചു.

**പെരുവ:** റിട്ട. ഹെഡ്മിസ്ട്രസ് പുത്തൂക്കാട്ടിൽ ടി.കെ. മറിയാമ്മ (80) അന്തരിച്ചു.

**ഇടമറുക്:** പുത്തൻവീട്ടിൽ പി.വി. മാത്യു (69) അന്തരിച്ചു.

## എ.സി. ഏബ്രഹാം

**മണർകാട്:** കുറ്റിയക്കുന്ന് വെട്ടിക്കുന്നേൽ എ.സി. ഏബ്രഹാം (തങ്കച്ചൻ-74) അന്തരിച്ചു. ഭാര്യ തിരുവാർപ്പ് പടിഞ്ഞാറേ പറമ്പിൽ കുഞ്ഞുമോൾ. മക്കൾ: അനില, അനിത (യുഎസ്), അജിമോൻ (ഗുഡ്നസ് ടിവി). മരുമക്കൾ: സണ്ണി മുണ്ടാനിക്കൽ മണർകാട്, അജിത് പൂവത്തുംമൂട്ടിൽ (യുഎസ്), പ്രിൻസി കണ്ണാത്ര.

## എസ്. ജയൻ നായർ

**തിരുവനന്തപുരം:** താപ്പർ ഗ്രൂപ്പ് ഇംഗ്ലീഷ് ഇന്ത്യ ക്ലെയ്സ് മുൻ വൈസ് പ്രസിഡണ്ടും പിഡബ്ല്യുഡി റിട്ട. സൂപ്രണ്ടിംഗ് എൻജിനീയറുമായിരുന്ന എസ്. ജയൻ നായർ (78) അന്തരിച്ചു. ഭാര്യ ബി. ശാന്തലത. മക്കൾ: മഹേഷ് ജയൻ നായർ (യുഎസ്), ലക്ഷ്മി ജെ. നായർ. മരുമക്കൾ: എസ്.വി.ഹരിപ്രസാദ് (സ്വിറ്റ്സർലൻഡ്), ലക്ഷ്മി നായർ.

## കെ.കെ. ജോസഫ്

**കുറവിലങ്ങാട്:** കാഞ്ഞിരത്താനം സെ. ജോൺസ് എച്ച്എസ്. റിട്ട. അധ്യാപകൻ വെള്ളായിപ്പറമ്പിൽ കെ.കെ. ജോസഫ് (94) അന്തരിച്ചു. ഭാര്യ ഇലഞ്ഞി വെള്ളാമ്മത്തടത്തിൽ പരേതയായ ചിന്നമ്മ. മക്കൾ: പരേതനായ രാജു കെ. ജോസഫ്, ഷാജി കെ. ജോസഫ് (ഡെപ്യൂട്ടി ബ്യൂറോ ഹെഡ്, ബ്യൂറോ ഓഫ് ഫയർ പ്രിവൻഷൻ ഫയർ ഡിപ്പാർട്ടുമെന്റ് ന്യൂയോർക്ക്), ഡോ. ജോണി കെ. ജോസഫ് (കാരിത്താസ്), മരുമക്കൾ ആലീസ്മോൾ രാജു അഴീക്കൽ (പൊൻകുന്നം), റാണി എസ് ജോസഫ് അത്തിക്കാത്തറയിൽ ഉറുകുന്ന് പുനലൂർ (യുഎസ്), ഡോ. മിജ ജോണി വലിയകുളം ഇത്തിത്താനം (ചങ്ങനാശേരി).

**പുതുപ്പള്ളി:** പരിയാരം തണ്ണിപ്പാറ പുതിയവീട്ടിൽ ഏബ്രഹാം തോമസ് (67) അന്തരിച്ചു.

**മണിമല:** ചങ്ങനാശേരി ഹോളി ക്യൂൻസ് സിഎംസി പ്രോവിൻസ് അംഗം സിസ്റ്റർ ആലീസ്ഡിഗ്നാ (81)അന്തരിച്ചു.

## എം.ഇ. ഏബ്രഹാം

**പുതുപ്പള്ളി:** കെഎസ്ആർടിസി റിട്ട. സൂപ്രണ്ട് തിരുവാർപ്പ് വലിയമുണ്ടാക്കൽ എം.ഇ. ഏബ്രഹാം (80) അന്തരിച്ചു. ഭാര്യ ചിങ്ങവനം നീലംചിറ തോട്ടത്തിൽ ലൈസമ്മ ഏബ്രഹാം (റിട്ട. അധ്യാപിക). മക്കൾ: ഏലിയാമ്മ ഏബ്രഹാം (യുഎസ്), ധന്യ ഏബ്രഹാം (ഡൽഹി). മരുമക്കൾ: സിനി ഏലിയാസ് കോയിപ്രത്ത് മാരാമൺ (യുഎസ്), ജേക്കബ് ജോർജ് പറമ്പിൽ പുത്തൻപുരയിൽ കുമരകം (ഡൽഹി).

**കൂട്ടിക്കൽ:** പേഴുംകാട്ടിൽ ജോർജ് തോമസ് (വർക്കിച്ചൻ-67) അന്തരിച്ചു.

**മാവേലിക്കര:** വാത്തികുളം ചാങ്ങേത്ത് ജി. രാധമ്മ (89) ബെംഗ്ളൂരുവിൽ അന്തരിച്ചു.

## സി.പി. കുര്യാക്കോസ്

**കോതമംഗലം:** കോട്ടപ്പടി ചിരക്കുന്നേൽ പാറപ്പാട്ട് സി.പി. കുര്യാക്കോസ് (78) അന്തരിച്ചു. ഭാര്യ ഐമുറി ഈച്ചരംകുടി ശുശാൻ. മക്കൾ: ജോസ് (യുഎസ്), ജോഷി. മരുമക്കൾ: ഷിനിമോൾ (യുഎസ്), ജിനിത.

## ത്രേസ്യാമ്മ തോമസ്

**തുരുത്തി:** കാവിത്താഴെ കൊച്ചുവീട്ടിൽ ത്രേസ്യാമ്മ തോമസ് (പെണ്ണമ്മ-94) അന്തരിച്ചു. ചമ്പക്കുളം കോവേലിത്തറ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മത്തായി തോമസ്. മക്കൾ: പരേതയായ കുട്ടിയമ്മ മാത്യു, ജോയിച്ചൻ, കുഞ്ഞച്ചൻ, ബെറ്റ്സി (എല്ലാവരും യുഎസ്), അപ്പച്ചായൻ, സെലിനാമ്മ, കുഞ്ഞുഞ്ഞമ്മ. മരുമക്കൾ: പരേതനായ മാത്തുക്കുട്ടി തോട്ടത്തിൽ (വായ്പൂര്), ഗ്രേസമ്മ ബെംഗ്ലൂരിൽ കടുത്തുരുത്തി, ബെറ്റി മാത്യു മെഗ്ഗാവിൽ ഏറ്റുമാനൂർ, ബീന തോമസ് വട്ടക്കാട്ട് തൊടുപുഴ, വിക്ടോ വർഗീസ് പഞ്ഞിക്കാരൻ അങ്കമാലി (എല്ലാവരും യുഎസ്), മാത്തുക്കുട്ടി കരീലാക്കുഴി ഇത്തിത്താനം, ജോർജുകുട്ടി കുന്നിപ്പറമ്പിൽ മല്ലപ്പള്ളി.

## ഐസക് ടി. യൂസഫ്

**കോട്ടയം:** പ്രിംറോസ് സെന്റർ ഉടമ നാഗമ്പടം താന്നിക്കൽ ഐസക് ടി. യൂസഫ് (കുഞ്ഞുമോൻ-89) അന്തരിച്ചു. ഭാര്യ തിരുവാങ്കുളം ഞാളിയത്ത് ശാന്ത ഐസക്. മക്കൾ: ഷീന (യുഎസ്), ഷിബി, ഷിജു. മരുമക്കൾ: കോഴഞ്ചേരി മേലേപീടികയിൽ ജോർജ് തോമസ് (യുഎസ്), മാങ്ങാനം തുരുത്തേൽ ഇഞ്ചിക്കാലായിൽ മൃദുല സണ്ണി, അത്തിനിൽക്കുന്നതിൽ സുനിത സ്കറിയ.

**കരിമണ്ണൂർ:** എഫ്സിസി സഭാംഗം സിസ്റ്റർ ഗിൽബർട്ട് അത്തിക്കൽ (ത്രേസ്യാമ്മ-83) അന്തരിച്ചു.

## വിലാസിനി ദിവാകരൻ

**കോതമംഗലം:** ഉപ്പുകണ്ടം മാളിയേക്കൽ വിലാസിനി ദിവാകരൻ (74) അന്തരിച്ചു. ഭർത്താവ് പരേതനായ ദിവാകരൻ. മക്കൾ: സജീവ് (യുകെ), രാജീവ് (യുഎസ്). മരുമക്കൾ: സരോജ, സ്മിത.

**പാക്കിൽ:** ചിറക്കിയിൽ ഏബ്രഹാം ജോൺ (73) അന്തരിച്ചു.

**വെളിയനാട്:** മുട്ടത്ത് സാജൻ ജോസഫിന്റെയും ബിന്ദു സാജന്റെയും മകൻ ഷിയോൺ ജോസഫ് (20) അന്തരിച്ചു.

**എസ്.എച്ച് മൗണ്ട്:** പുതുപ്പള്ളിൽ പരേതനായ പി.സി. ചാണ്ടിയുടെ മകൻ തോമസ് ചാണ്ടി (71) അന്തരിച്ചു.

**മാമ്പ്ര:** സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. മാനേജർ മാവേലിക്കര പണ്ടാലമഠത്തിൽ പി. രാധാകൃഷ്ണൻ (72) അന്തരിച്ചു.

**വെട്ടിമുകൾ:** തോട്ടുപുറത്ത് റിട്ട. അധ്യാപിക ടി.എം. തെയ്യാമ്മ (80) അന്തരിച്ചു.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## Favors Received



*Inserted by: Firm Believer, New York*

## Favors Received



*Inserted by: Firm Believer, New York*

## ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Firm Believer, Dallas*

## ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Firm Believer, Dallas*

**Visit Our Website: www.keralaexpress.com for Classified Advt.**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## Favors Received



*Inserted by: Firm Believer, Chicago*

## Favors Received



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

# ഏഴ് മാവോയിസ്റ്റുകളെ വധിച്ചു

ഹൈദരാബാദ്: തെലങ്കാനയിലെ മാവോയിസ്റ്റ് ആക്രമണങ്ങളുടെ ബുദ്ധികേന്ദ്രമെന്നറിയപ്പെടുന്ന പാപ്പണ്ണ (കുർസം മംഗു ഭദ്രു–35) ഉൾപ്പെടെ ഏഴു പേരെ മുലുഗു ജില്ലയിലെ ചൽപാക വനമേഖലയിൽ പോലീസ് ഏറ്റുമുട്ടലിൽ വധിച്ചു.

കൊല്ലപ്പെട്ടവരിൽ ഒരു വനിതയും ഉൾപ്പെടുന്നു. മാവോയിസ്റ്റ് സംഘടനയുടെ തെലങ്കാന സംസ്ഥാന സമിതി അംഗമായ പാപ്പണ്ണ അവിഭക്ത ആന്ധ്രയെ വിറപ്പിച്ച ഏരിയ കമാൻഡർ ആയിരുന്നു. ഇയാളെ പിടിക്കാൻ സഹായിക്കുന്നവർക്ക് പോലീസ് 20 ലക്ഷം രൂപ പ്രതിഫലം പ്രഖ്യാപിച്ചിരുന്നു.

നക്സൽ വിരുദ്ധ സേനയുടെയും (ഗ്രേ ഹൗണ്ട്സ്) തെലങ്കാന പോലീസിന്റെയും നേതൃത്വത്തിൽ ഡിസംബർ ഒന്നിനു പുലർച്ചെ 5.30–ന് ആയിരുന്നു രഹസ്യ ഓപ്പറേഷൻ. കീഴടങ്ങാൻ ആവശ്യപ്പെട്ടപ്പോൾ മാവോയിസ്റ്റുകൾ വെടിയുതിർക്കുകയായിരുന്നു എന്ന് പോലീസ് പറഞ്ഞു.

ഇഗോലപുമല്ലയ്യ (43), ദേവൽ (22) ജമുന (23) ജെയ് സിങ് (25) കിഷോർ (22), കാമേഷ് (23) എന്നിവരാണ് കൊല്ലപ്പെട്ട മറ്റുള്ള നക്സലുകൾ. ആറ് പേർ ഛത്തീസ്ഗഡ് സ്വദേശികളാണ്. ഇവരിൽ നിന്ന് തോക്കും ആയുധങ്ങളും പിടിച്ചെടുത്തു.

തെലങ്കാന–ഛത്തീസ്ഗഡ് അതിർത്തിയിലാണ് ഏറ്റുമുട്ടലുണ്ടായത്. പോലീസിന് വിവരം ചോർത്തിക്കൊടുക്കുന്നെന്ന് ആരോപിച്ച് കഴിഞ്ഞമാസം മുലുഗു ജില്ലയിൽ രണ്ട് ഗ്രാമീണരെ മാവോയിസ്റ്റുകൾ വധിച്ചിരുന്നു.

## ഭിന്നശേഷിസംവരണം

(3-ാം പേജിൽനിന്നും)

ഈ സ്ഥാപനങ്ങൾ ഭിന്നശേഷി സംവരണം പൂർത്തിയാക്കുമ്പോൾ ദിവസവേതനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ സ്ഥിരനിയമന അംഗീകാരം നല്കുമെന്നാണ് സർക്കാർ വ്യക്തമാക്കിയിരുന്നത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പട്ടിക വാങ്ങിയാണ് ഭിന്നശേഷിക്കാരെ നിയമിക്കേണ്ടത്. മൂന്നു തവണ പത്രത്തിൽ പരസ്യം നല്കിയിട്ടും യോഗ്യരായവരെ കിട്ടാത്ത സാഹചര്യവുമുണ്ട്. മാസങ്ങളോളം കാത്തിരുന്നിട്ടും ഭിന്നശേഷി നിയമനം സാധിക്കുന്നില്ലെന്നു സർക്കാരിനെ അറിയിച്ചെങ്കിലും തീരുമാനമുണ്ടായിട്ടില്ല.

ഇക്കാര്യത്തിൽ സർക്കാർ ഇളവ് പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് ഇടിത്തീ പോലെ പുതിയ സർക്കുലർ വന്നിരിക്കുന്നത്. ഭിന്നശേഷി നിയമനം സംബന്ധിച്ച് ഈ വർഷം ഇറക്കിയ പത്തോളം ഉത്തരവുകൾ പരസ്പര വിരുദ്ധവും അവ്യക്തത നിറഞ്ഞതുമാണെന്നും പരാതിയുണ്ട്.

## 'സിസ്റ്റർ മേരീ ബനീഞ്ഞാ അവാർഡ്'

(19-ാം പേജിൽനിന്നും)

അങ്ങനെ കവിതയൂറുന്ന മനസ്സുമായി, സ്നേഹാർദ്രയായ ഈ മണവാട്ടിയും കൈകൂപ്പി നിന്നു പാടി. കല്യാണക്കാതലായ കതിരവനെ കൈകൾ നീട്ടിപ്പിടിച്ചു. ആ പാട്ടുകൾക്ക് ആത്മാർത്ഥതയുടെ ചൈതന്യമുണ്ട്, അകൃത്രിമതയുടെ മാധുര്യമുണ്ട്, വിശിഷ്ട ഭക്തിയുടെ വിശുദ്ധിയുണ്ട്. ദിവ്യ പ്രേമത്തിന്റെ ആനന്ദ വായ്പുമുണ്ട്. അവയെ വന്ദിക്കുക മാത്രമാണ് എന്റെ കടമ."

പ്രൊഫ. കോശി തലയ്ക്കൽ മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ മൂന്ന് പതിറ്റാണ്ട് മലയാളം വിഭാഗം തലവൻ ആയിരുന്നു. നിരൂപകൻ, പരിഭാഷകൻ, കവി, പ്രഭാഷകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. പ്രശസ്തങ്ങളായ ക്രിസ്തീയ ഗാനങ്ങളുടെ രചയിതാവാണ് പ്രൊഫസർ കോശി തലയ്ക്കൽ. 'കാലാന്തരം' എന്ന കവിതാസമാഹാരം പ്രസിദ്ധമാണ്. കേരളത്തിൽ കോൺഗ്രസിനെയും തുടർന്ന് ജനതാ പാർട്ടിയുടെയും തീപ്പൊരിപ്രസംഗ നേതാവുമായിരുന്നു. രാഷ്ട്രീയ പ്രവർത്തനം ഉപേക്ഷിച്ച് മിസ്റ്റിക് കാവ്യ സരണിയിൽ ജീവിത ശ്രദ്ധ സമർപ്പിക്കുകയായിരുന്നു.

'പള്ളി', 'ബഡവാഗ്നി' എന്നീ നോവലുകളും 'വെളിച്ചം ഉറങ്ങുന്ന പാതകൾ' എന്ന ചെറുകഥാ സമാഹാരവും 'ഡിങ് ഡോങ്', 'മൈനയും മാലാഖയും' എന്നീ ബാലസാഹിത്യ രചനകളും 'ആത്മ സങ്കീർത്തനം' എന്ന ഗാന സമാഹാരവും പ്രൊഫ. കോശി തലയ്ക്കലിന്റെ സാഹിത്യ കൃതികളാണ്.

ആത്മീയ ബിന്ദുക്കൾ, പഞ്ചവർണ്ണ കഥകൾ, കുരിശിലെ മൊഴികൾ എന്നീ മൂന്നു പുസ്തകങ്ങളാണ് (ട്രിലജി–രചനാത്രയം) പ്രകാശനം ചെയ്തത്.

'കുരിശിലെ മൊഴികൾ' എന്ന കൃതി, രചനയുടെ വരപ്രസാദംകൊണ്ട് ശ്രദ്ധേയമാണ്. ഉദാര സൗന്ദര്യ പ്രതീകമായ ദൈവപുത്രന്റെ നിണച്ചാലിനൊപ്പം ഉരുകിയൊഴുകിയ സപ്തമന്ത്രമാണ് ഈ പുസ്തകത്തിലുള്ളത്. ഭാഷയോ, അതീവ കാവ്യ സുന്ദരം. ഈ ഒരൊറ്റ കൃതിയിലൂടെ, പ്രൊഫസർ കോശി തലയ്ക്കലിന്റെ രചനാ സൗകുമാര്യം അമേരിക്കയിൽ ജീവിക്കുന്ന മലയാളിയുടെ കോവിഡാനന്തര ഘട്ടത്തിലെ ഏറ്റം സുന്ദരമായ കൃതി ഏതെന്ന ചോദ്യത്തിന്, ഉത്തരം കുറിക്കുന്നുണ്ട്.

'ആത്മീയ ബിന്ദുക്കൾ' എന്ന കൃതി, മുപ്പതു അതിഗഹന പ്രമേയങ്ങളുടെ ലളിതോദാരമായ തേൻ തുളുമ്പുന്ന കാവ്യ പുഷ്പങ്ങൾ അഥവാ ഒരിക്കലും വാടാത്ത പൂവുകൾ വിരിഞ്ഞു. താനേ നൃത്തം വെക്കുന്ന ഒരു പുഷ്പകോദ്യാനംപോലെ വശ്യസുന്ദരം. വർത്തമാനകാല ജീവിതാവസ്ഥകളെയും ഒരിക്കലും മരിക്കാത്ത ഗ്രന്ഥ കഥാസന്ദർഭങ്ങളെയും കോർത്തിണക്കി, മനനത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുന്ന ആത്മീയ സംവാദങ്ങളായ ഈ രചനകൾ ഹൃദയ കവാടം കടന്ന് ഉള്ളിനെ ഉണർത്തുന്ന നീഹാരബിന്ദുക്കളാകുന്ന പരിവർത്തനത്തിന്റെ അനുഭവവും ഭാഷയുടെ വരപ്രസാദവും പേറി, വിലമതിക്കാനാകാത്ത ഉപഹാരമായി മാറുന്നതെങ്ങനെയെന്ന് വായിച്ചനുഭവിച്ചാലേ മതിയാകൂ.

'പഞ്ചവർണ്ണ കഥകൾ' എന്ന കൃതിയാകട്ടെ, ഇളം മനസ്സുകൾക്ക് പാലമൃതൂട്ടുന്ന അമ്മമനസ്സിന്റെ മൃദുത്വത്തോടെയും ഗുരുകുലാധിപന്റെ അദ്ധ്യാപന സിദ്ധികളോടെയും ജീവിത പരിവർത്തനത്തിന്റെ അനന്തവിഹായസ്സിലേക്ക് കുട്ടികളെയും ഒപ്പം മുതിർന്നവരെയും ഒരേപോലെ കൂട്ടിക്കൊണ്ടു പോകുന്ന പതിനൊന്നു കഥകളുടെ സമാഹാരമാണ്. 'ഹൃദയത്തിന്റെ ആർദ്ര തലങ്ങളിലൂടെ ചിന്താ മണ്ഡലങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന കഥകളുടെ കർമ വ്യാപാരം' എന്നതാണ് ഈ കൃതിയുടെ അനന്യത.

അമേരിക്കയിലെ റേഡിയോ നെറ്റ്‌വർക്ക് ഫാമിലി റേഡിയോയിൽ മലയാളി വിഭാഗത്തിന് ചുമതലക്കാരനായിരുന്നു പ്രൊ. കോശി തലയ്ക്കൽ. 'ലാന'യുടെ 2018–ലെ മികച്ച സാഹിത്യ പ്രവർത്തകനുള്ള പുരസ്കാരജേതാവാണ് പ്രൊ. കോശി തലയ്ക്കൽ. നാടകാഭിനയ രംഗത്തും കോശി തലയ്ക്കൽ മുദ്ര ചാർത്തിയിട്ടുണ്ട്. ഏറ്റവും നല്ല ഗാനരചനയ്ക്കുള്ള പ്രഥമ എം. പി. ചെറിയാൻ അവാർഡ്, ക്രൈസ്തവ സാഹിത്യ അക്കാദമി അവാർഡ്, ഫൊക്കാനാ സാഹിത്യ അവാർഡ് എന്നീ പുരസ്കാരങ്ങൾ ആദരവായി ലഭിച്ച അനവധി പുരസ്കാരങ്ങളിൽ പ്രഥമമാണ്. കുന്നം ഗവൺമെന്റ് ഹൈസ്കൂളിലും തിരുവല്ല മാർത്തോമാ കോളജിലും ചങ്ങനാശേരി എസ്.ബി. കോളജിലും പ്രൊ. കോശി തലയ്ക്കൽ പഠിച്ചു.

സഹധർമ്മിണി: കുഞ്ഞുമോൾ. പിതാവ്: പടിഞ്ഞാറേ തലയ്ക്കൽ ജോൺ.

മാതാവ്: മറിയാമ്മ. ചെയ്സ്, റൈയ്സ് എന്നിവർ മക്കൾ. രഞ്ജിനി, മായ എന്നിവർ മരുമക്കൾ. ഹന്ന, സോക എന്നിവർ ചെറുമക്കൾ.

# ഗൾഫ് മേഖലയിൽ സഭയെ ശക്തിപ്പെടുത്താൻ കർമ്മപദ്ധതി വേണം: മാർ റാഫേൽ തട്ടിൽ

ദുബായ്: ആഗോള സമുദായ ശാക്തീകരണം സഭയുടെ ലക്ഷ്യമാണെന്നും അതിനായി ലോകമെമ്പാടുമുള്ള സമുദായ അംഗങ്ങളെ കോർത്തിണക്കാൻ കത്തോലിക്കാ കോൺഗ്രസ് മുൻകൈ എടുക്കണമെന്നും സീറോമലബാർസഭാ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ.

ദുബായിൽ കത്തോലിക്കാ കോൺഗ്രസ് ഗൾഫ് റീജൺ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ സഭാംഗങ്ങളുടെ സഹകരണം സാധ്യമാക്കണം. മറ്റ് രാജ്യങ്ങളിൽ കുടിയേറിപ്പാർക്കുന്നവരെയും തൊഴിൽ, ബിസിനസ് രംഗങ്ങളിലുള്ളവരെയും വിദ്യാഭ്യാസത്തിനായി വിവിധ രാജ്യങ്ങളിൽ എത്തുന്നവരെയും പരസ്പരം ബന്ധിപ്പിക്കാൻ കത്തോലിക്കാ കോൺഗ്രസ് നേതൃത്വം വഹിക്കണം.

ഗൾഫ് മേഖലയിൽ ആത്മീയ, ഭൗതിക വളർച്ചയ്ക്കായി പിന്തുണ ഉറപ്പാക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമെന്നും മാർ തട്ടിൽ പറഞ്ഞു.

സമുദായ അംഗങ്ങളുടെ ഗ്ലോബൽ നെറ്റ് വർക്ക് രൂപീകരിക്കുമെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ പറഞ്ഞു. വികാരിയേത്ത് ഓഫ് സതേൺ അറേബ്യ ബിഷപ് പൗലോ മാർട്ടിനെലി അനുഗ്രഹപ്രഭാഷണവും ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ മുഖ്യപ്രഭാഷണവും നടത്തി.

ഗ്ലോബൽ ഡയറക്ടർ റവ.ഡോ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ഒഴുകയിൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാരായ ഡേവിസ് ഇടക്കളത്തൂർ, ബെന്നി പുളിക്കക്കര, ഫാ. ജിയോ കടവി, ഫാ. പി. എം. പീറ്റർ എന്നിവർ പ്രസംഗിച്ചു.

## സിപിഎം നീറിപ്പുകയുന്നു

(3-ാം പേജിൽനിന്നും)

സിപിഎം സമ്മേളനത്തിനിടെ തിരുവനന്തപുരത്തും പൊട്ടിത്തെറി. സിപിഎം മംഗലാപുരം ഏരിയ സമ്മേളനത്തിൽനിന്ന് ഏരിയ സെക്രട്ടറി മധു മുല്ലശേരി ഇറങ്ങിപ്പോയി. പാർട്ടി ജില്ലാ സെക്രട്ടറി വി. ജോയിയുടെ നിലപാടിൽ പ്രതിഷേധിച്ചാണ് ഇറങ്ങിപ്പോക്ക്. സിപിഎമ്മിനൊപ്പം ഇനിയില്ലെന്ന് മധു പ്രഖ്യാപിച്ചു. മധു സിപിഎം വിടുമെന്നാണ് സൂചന. പാർട്ടിയുടെ ശക്തികേന്ദ്രത്തിലാണു സിപിഎമ്മിനുള്ളിൽ ഭിന്നത രൂക്ഷമാകുന്നത്. വി. ജോയിയും കടകംപള്ളി സുരേന്ദ്രനെ അനുകൂലിക്കുന്നവരും തമ്മിലെ പ്രശ്നങ്ങളാണു പ്രതിസന്ധിക്കു കാരണമെന്നാണു സൂചന. എം. ജലീലാണു മംഗലാപുരത്തെ പുതിയ സിപിഎം ഏരിയ സെക്രട്ടറി. കഴക്കൂട്ടം ഏരിയാ കമ്മിറ്റി രണ്ടായതിനുശേഷം മംഗലാപുരത്തു കഴിഞ്ഞ തവണയും മുല്ലശ്ശേരി മധുവായിരുന്നു സെക്രട്ടറി. മധു തുടരുന്നതിൽ ജില്ലാ നേതൃത്വത്തിനു താൽപര്യമുണ്ടായിരുന്നില്ല. സാമ്പത്തിക ക്രമക്കേടുകളടക്കം മധുവിനെതിരെ ആരോപണങ്ങളുണ്ടെന്നും നേതൃത്വം പറയുന്നു.

തിരുവല്ല സിപിഎമ്മിലെ വിഭാഗീയതയിൽ നടപടിയുമായി പാർട്ടി നേതൃത്വം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ നേരിട്ടെത്തി പത്തനംതിട്ട ജില്ലാക്കമ്മിറ്റി ഓഫീസിൽ നടത്തിയ യോഗത്തിലാണ് സമ്മേളനകാലത്തെ നടപടി. തിരുവല്ല ടൗൺ നോർത്ത് ലോക്കൽ സെക്രട്ടറി സ്ഥാനത്തുനിന്ന് കെ.കെ. കൊച്ചുമോനെ മാറ്റി. തിരുവല്ല ഏരിയാ കമ്മിറ്റിയംഗം ജെനോ മാത്യുവിനാണ് പകരം ചുമതല.

## ചുഴലിക്കാറ്റിൽ വ്യാപകനാശം

(ഒന്നാം പേജിൽ നിന്നും)

ചെന്നൈയിൽനിന്നു പുറപ്പെടേണ്ടിയിരുന്ന അഞ്ചു എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്.

ഐടി കമ്പനി ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം ഏർപ്പെടുത്തണമെന്നാണ് സർക്കാർ നിർദേശം. ബീച്ചുകളിലും അമ്യൂസ്മെന്റ് പാർക്കുകളിലും പൊതുജനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തി. വാരാന്ത്യത്തിൽ വിനോദ പരിപാടികൾ സംഘടിപ്പിക്കരുതെന്നും നിർദേശമുണ്ട്. അതേസമയം, ചെന്നൈ മെട്രോ രാത്രി 11.00 വരെ തുടരും. പുതുച്ചേരിയിൽ തീവ്ര മഴയാണ് ലഭിച്ചത്; 24 മണിക്കൂറിനിടെ 48.4 സെന്റിമീറ്റർ. കഴിഞ്ഞ 30 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന തോതാണിത്.

കാറ്റിനു മുന്നോടിയായി പെയ്ത കനത്തമഴയിൽ ചെന്നൈ നഗരത്തിലെ പ്രധാന റോഡുകൾ വെള്ളക്കെട്ടിലായി. റെയിൽവേ ട്രാക്കുകളിൽ വെള്ളംകയറിയതിനെത്തുടർന്ന് സബർബൻ ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു. ഏതാനും ദീർഘദൂര ട്രെയിനുകൾ ചെന്നൈ സെൻട്രലിൽ എത്താതെ പെരമ്പൂരിൽനിന്നു വഴിതിരിച്ചുവിട്ടു.

വെള്ളപ്പൊക്കത്തിൽ കുടുങ്ങിയവർക്കായി സൈന്യവും എൻഡിആർഎഫ് സംഘവും രക്ഷാപ്രവർത്തനത്തിനുണ്ട്. നിരവധിപേരെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. വെള്ളക്കെട്ടിൽ ഒറ്റപ്പെട്ടു പോയവരെ ബോട്ടുകളിറക്കിയാണ് എൻഡിആർഎഫ് രക്ഷപ്പെടുത്തിയത്.

അതിതീവ്ര മഴയ്ക്കു സാധ്യതയുള്ള കേരളത്തിൽ നാലു ജില്ലകളിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് റെഡ് അലെർട്ട്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓറഞ്ച് അലെർട്ട്. കേരള തീരത്ത് ഈ മാസം നാലു വരെയും ലക്ഷദ്വീപ് തീരത്ത് അഞ്ചുവരെയും കർണാടക തീരത്ത് മൂന്ന്, നാല് തീയതികളിലും മത്സ്യബന്ധനത്തിനു പോകരുതെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

പ്രകൃതിക്ഷോഭമടക്കം ഏതു പ്രതികൂലസാഹചര്യം നേരിടാനും അടിയന്തരസാഹചര്യങ്ങളിൽ തീർത്ഥാടകർക്ക് സഹായമേകാനും ദേശീയ ദുരന്ത നിവാരണ സേന (എൻഡിആർഎഫ്) പമ്പയിലും സന്നിധാനത്തും സജ്ജമാണ്. ചെന്നൈ ആരക്കോണം നാലാം ബറ്റാലിയനിൽനിന്നുള്ള 79 പേരടങ്ങിയ സംഘമാണ് ശബരിമലയിലുള്ളത്. പമ്പയിൽ 33 പേരും സന്നിധാനത്ത് 46 പേരുമാണ് കർമനിരതരായുള്ളത്. കനത്ത മഴ പെയ്യുന്ന സാഹചര്യത്തിൽ ഭക്തർ പമ്പയിൽ കുളിക്കുന്നത് നിരോധിച്ചിട്ടുണ്ട്. എരുമേലിയിൽ കുളിക്കുന്നതിനും വിലക്കുണ്ട്. പരമ്പരാഗത കാനനപാതയിലൂടെയുള്ള മലകയറ്റവും താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചു.

മരംവെട്ടാനുള്ള അത്യാധുനിക ഉപകരണങ്ങൾ, എട്ട് റബറൈസ്ഡ് ബോട്ടുകൾ, സാറ്റലൈറ്റ് ഫോണുകൾ, ക്യുക് ഡിപ്ലോയബിൾ ആന്റിന, സ്ട്രെച്ചറുകൾ അടക്കമാണ് എൻഡിആർഎഫിന്റെ പ്രവർത്തനം. സന്നിധാനത്തും നടപ്പന്തലിലുമായി രണ്ടു സംഘങ്ങളുണ്ട്.

ആരോഗ്യപ്രശ്നങ്ങളാൽ കുഴഞ്ഞുവീഴുന്നവരെ സ്ട്രെച്ചറിൽ ആശുപത്രിയിലെത്തിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ് എൻഡിആർഎഫ് സംഘം.

കേരള സർക്കാരിന്റെ ആവശ്യപ്രകാരമാണ് എൻഡിആർഎഫ് ശബരിമലയിൽ എത്തിയത്. കാലാവസ്ഥ മുന്നറിയിപ്പുകളുടെ പശ്ചാത്തലത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നൽകുന്ന നിർദേശങ്ങളനുസരിച്ചാണ് എൻഡിആർഎഫ് പ്രവർത്തിക്കുക.

# ചാൾസ് രാജാവിന്റെ പ്രൈവറ്റ് സെക്രട്ടറി കാസർകോട്ടുകാരി

കാസർകോട്: ബ്രിട്ടനിലെ ചാൾസ് മൂന്നാമൻ രാജാവിന്റെ അസി. പ്രൈവറ്റ് സെക്രട്ടറി കാസർകോട്ടുകാരി മുന ഷംസുദ്ദീൻ. തളങ്കര തെരുവത്ത് ഹാഷിം സ്ട്രീറ്റിലെ പരേതനായ ഡോ. പുതിയപുരയിൽ ഷംസുദ്ദീന്റെയും സെയ്ദുന്നിസ എന്ന ഷഹനാസിന്റെയും മകളാണ് മുന.

ബ്രിട്ടീഷ് നയതന്ത്ര ഉദ്യോഗസ്ഥയായ ഇവർ ലണ്ടനിലെ ഫോറിൻ, കോമൺവെൽത്ത് ആൻഡ് ഡവലപ്മെന്റ് ഓഫീസിൽ ജോലി ചെയ്യുമ്പോഴാണ് കഴിഞ്ഞവർഷം ചാൾസ് രാജാവിന്റെ അസി. പ്രൈവറ്റ് സെക്രട്ടറിയായി നിയമിതയായത്.

ബ്രിട്ടനിലെ നോട്ടിങ്ങാം സർവകലാശാലയിൽനിന്ന് മാത്തമാറ്റിക്സ് ആൻഡ് എഞ്ചിനീയറിംഗിൽ ബിരുദം നേടിയശേഷമാണ് മുന ബ്രിട്ടീഷ് വിദേശകാര്യ സർവീസിൽ ചേർന്നത്. ജറുസലേമിൽ കോൺസുലേറ്റ് ജനറലായും പാക്കിസ്ഥാനിലെ കറാച്ചിയിൽ ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷൻ ആയും പ്രവർത്തിച്ചു. യു.എൻ. ഉദ്യോഗസ്ഥനായ ഡേവിഡാണ് ഭർത്താവ്. ചാൾസ് രാജാവിന്റെ ഔദ്യോഗിക പരിപാടികളുടെ ചുമതല മുന ഉൾപ്പെടെയുള്ള വർക്കാണ്. രാജാവിനൊപ്പം വിദേശയാത്രകളിലും മറ്റും അനുഗമിക്കുകയും ചെയ്യണം.



മുന ഷംസുദ്ദീൻ

കാസർകോട്ടെ പ്രമുഖ അഭിഭാഷകനായിരുന്ന പരേതനായ അഡ്വ. പി. അഹ്മദിന്റെയും പരേതയായ സൈനബിയുടെയും മകനാണ് ഡോ. ഷംസുദ്ദീൻ. യുഎസിലും ബ്രിട്ടനിലും സൗദി അറേബ്യയിലും പ്രവർത്തിച്ചു.

തിരികെ ബ്രിട്ടനിലെത്തിയശേഷം കുടുംബസമേതം ബർമിങ്ങാമിലായിരുന്നു താമസം. കുട്ടിക്കാലത്ത് മുന കുടുംബാംഗങ്ങളോടൊപ്പം എല്ലാ വർഷവും കാസർകോട്ട് വന്നിരുന്നതായി ഡോ. ഷംസുദ്ദീന്റെ സഹോദരൻ അഡ്വ. പി. അബ്ദുൾ ഹമീദിന്റെ മകനും കാസർകോട്ട് ബിസിനസുകാരനുമായ മുഹമ്മദ് സമീർ പുതിയപുരയിൽ പറഞ്ഞു.

ഏറ്റവുമൊടുവിൽ 10 വർഷം മുൻപാണ് വന്നത്. ഡോ. ഷംസുദ്ദീന്റെ സഹോദരങ്ങളും അവരുടെ മക്കളും വിവിധ രംഗങ്ങളിലായി പ്രശസ്തരാണ്.

# ഡോ. സിസ തോമസും കെ. ശിവപ്രസാദും വിസിമാർ

തിരുവനന്തപുരം: ഗവർണറുടെ നിർദേശപ്രകാരം സാങ്കേതിക സർവകലാശാലയുടെ (കെടിയു) വൈസ് ചാൻസലർ സ്ഥാനം ഏറ്റെടുത്തതിനു കേരള സർക്കാരിന്റെ പ്രതികാര നടപടി നേരിട്ട ഡോ. സിസ തോമസിനു ഡിജിറ്റൽ സർവകലാശാലയുടെ വിസി ചുമതല. കെടിയു വിസിയുടെ താൽക്കാലികച്ചുമതല കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല (കുസാറ്റ്) പ്രഫസർ ഡോ. കെ.ശിവപ്രസാദിനും നൽകി. രണ്ടിടത്തും സർക്കാർ പട്ടിക ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പാടേ തള്ളി.



ആരോഗ്യ സർവകലാശാലാ വിസിയായി ഡോ. മോഹനൻ കുന്നുമ്മലിനു പുനർനിയമനം നൽകിയതിനു പിന്നാലെയാണ് സർക്കാരിനെ പ്രകോപിപ്പിക്കുന്ന തുടർനീക്കം. സർക്കാരിന്റെ അനുമതി കൂടാതെ കെടിയു വിസിയായി ചുമതലയേറ്റതിന്റെ പേരിൽ ഡോ. സിസയുടെ പെൻഷൻ സർക്കാർ തടഞ്ഞിരിക്കുകയാണ്.

കെടിയു വിസിയുടെ ചുമതല വഹിച്ചിരുന്ന ഡിജിറ്റൽ വിസി ഡോ. സജി ഗോപിനാഥ് കാലാവധി പൂർത്തിയാക്കിയതോടെയാണു രണ്ടിടത്തും ഒഴിവുണ്ടായത്. സ്ഥിരം വിസി നിയമനത്തിനു സേർച്ച് കമ്മിറ്റി രൂപീകരിക്കാൻ ഗവർണർ പുറപ്പെടുവിച്ച വിജ്ഞാപനത്തിനെതിരെ സർക്കാർ ഹൈക്കോടതിയിൽനിന്നു സ്റ്റേ വാങ്ങിയതോടെയാണ് ഗവർണർ താൽക്കാലിക വിസിയെ നിയമിച്ചത്.

കെടിയുവിലേക്കു ഡോ. സജി ഗോപിനാഥ്, സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ ഡോ. പി.ആർ. ഷാലിജ്, ഡോ. വിനോദ്കുമാർ ജേക്കബ് എന്നിവരുടെ പാനലും ഡിജിറ്റലിലേക്ക് ഡോ. എം.എസ്. രാജശ്രീ, കുസാറ്റ് മുൻ വിസി ഡോ. കെ.എൻ.മധുസൂദനൻ, ഡിജിറ്റൽ സർവകലാശാലാ രജിസ്ട്രാർ ഡോ. എ. മുജീബ് എന്നിവരുടെ പാനലും സർക്കാർ നൽകിയിരുന്നു.

## സമ്മേളനത്തിന് സമാപനം

(3-ാം പേജിൽനിന്നും)

സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ വിവിധ ഭാഷകളിൽ സമാധാനരേഖയായി പ്രസിദ്ധീകരിക്കും.

മോൺ. ഇൻജുനിൻ ജെ. കൊടിതുവാക്, ഫാ. മിഥുൻ ജെ. ഫ്രാൻസിസ്, മോൺ സാന്തിയാഗോ മൈക്കേൽ, റവ. ജോർജ് മുത്തോലിൽ, കുണ്ഡേലിങ് തത്സക് റിമ്പോച്ചെ, ഡോ. ലോറന്റ് ബാനനീസ്, ആന്റണി ബ്രൗൺ, ഫാ. ബെൻ ബോസ്, ആൻസിൽ കോമാട്ട്, സ്വാമിനി സുധാനന്ദഗിരി തുടങ്ങിയവർ വിവിധ സെഷനുകളിൽ ചർച്ച നയിച്ചു. 'ദൈവദശകം' ഇറ്റാലിയൻ ഭാഷയിൽ ആലപിച്ച് ആരംഭിച്ച സെമിനാർ ശ്രീനാരായണഗുരു എഴുതിയ സർവമത പ്രാർഥനയോടെയാണു സമാപിച്ചത്.

ആലുവ സർവമത സമ്മേളന ശതാബ്ദിയോടനുബന്ധിച്ചു ശിവഗിരി മഠം ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന സമ്മേളനങ്ങളിലും വത്തിക്കാന്റെ സഹകരണമുണ്ടാകുമെന്ന് ആർച്ച്ബിഷപ് ജോർജ് ജേക്കബ് കൂവക്കാട് മഠം പ്രതിനിധികളെ അറിയിച്ചു. മതങ്ങൾക്കിടയിൽ സാഹോദര്യം വളർത്താൻ വത്തിക്കാൻ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി നടത്തുന്ന മതാന്തര സംവാദങ്ങൾക്ക് ഇന്ത്യയും വേദിയാകും.

ലോക സമാധാനത്തിനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ നേതൃത്വത്തിൽ നേരത്തേ അസീസിയിൽ സർവമത പ്രാർഥനായോഗം സംഘടിപ്പിച്ചിരുന്നതായി അദ്ദേഹം ശിവഗിരി പ്രതിനിധികളെ അറിയിച്ചു.

ശിവഗിരിമഠം പ്രസിഡണ്ട് സ്വാമി സച്ചിദാനന്ദ, ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, സ്വാമി ഋതംഭരാനന്ദ, സ്വാമി വീരേശ്വരാനന്ദ, സ്വാമി അസംഗാനന്ദഗിരി, സ്വാമി ധർമചൈതന്യ, സ്വാമി ഹംസതീർഥ, സ്വാമിനി ആര്യനന്ദാദേവി എന്നിവർ കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.

# ജീവപര്യന്തം അനുഭവിക്കുന്ന 103–കാരന് ഇടക്കാലജാമ്യം

ന്യൂഡൽഹി: കൊലക്കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന 103-കാരന് സുപ്രീംകോടതി ഇടക്കാല ജാമ്യം നല്കി. പശ്ചിമ ബംഗാൾ സ്വദേശി രാസിക് ചന്ദ്ര മൊണ്ടാലിനെ ഇടക്കാല ജാമ്യത്തിലോ പരോളിലോ പുറത്തുവിടാനാണ് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അദ്ധ്യക്ഷനായ ബെഞ്ച് ഉത്തരവിട്ടത്.

ജാമ്യനിബന്ധനകൾ വിചാരണക്കോടതിക്ക് നിശ്ചയിക്കാം. 1988-ലായിരുന്നു കേസിനാസ്പദമായ സംഭവം. 1994-ലാണ് ജീവപര്യന്തം ശിക്ഷ വിധിച്ചത്. ബാലൂർഘാട്ട് സെൻട്രൽ കറക്ഷണൽ ഹോമിൽ കഴിയുന്ന മൊണ്ടാൽ പ്രായവും ആരോഗ്യപ്രശ്നവും ചൂണ്ടിക്കാട്ടി 2020-ലാണ് സുപ്രീംകോടതിയെ സമീപിച്ചത്.

മൊണ്ടാലിന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ച് റിപ്പോർട്ട് നല്കാൻ കറക്ഷണൽ ഹോമിലെ സൂപ്രണ്ടിനോട് നേരത്തെ സുപ്രീംകോടതി ആവശ്യപ്പെട്ടിരുന്നു.

# അദ്ധ്യാപകരാകാൻ നാലുവർഷബിരുദം

തിരുവനന്തപുരം: കേരളത്തിലെ അദ്ധ്യാപകവിദ്യാഭ്യാസ കോഴ്സുകൾ നാലുവർഷ ബിരുദത്തിലേക്ക് മാറുന്നു. ദേശീയ വിദ്യാഭ്യാസ നയം 2020-ന്റെ ചുവടുപിടിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് നൽകിയ റിപ്പോർട്ടിലാണ് ശിപാർശ. 'സംയോജിത അധ്യാപക വിദ്യാഭ്യാസ പരിപാടി' (ഐടിഇപി) എന്നു പേരിട്ട പുതിയ കോഴ്സുകൾ അടുത്ത അധ്യയനവർഷം തുടങ്ങണമെന്നാണ് നിർദേശം. കോഴ്സിനു ചേരാൻ പൊതുപ്രവേശന പരീക്ഷ പാസാവണം.

12-ാം ക്ലാസിൽ കുറഞ്ഞത് 50 ശതമാനം മാർക്ക് വേണം. ഇതിനുപുറമേ, ദേശീയ പൊതുപ്രവേശന പരീക്ഷയോ സംസ്ഥാനങ്ങളിലോ സർവകലാശാലകളിലോ ഏർപ്പെടുത്തിയിട്ടുള്ള പൊതുപ്രവേശന പരീക്ഷകളോ പാസാവണമെന്നാണ് നിബന്ധന.

അദ്ധ്യാപകവിദ്യാഭ്യാസത്തിനുമാത്രമായി സ്ഥാപനങ്ങൾ പാടില്ലെന്നാണ് ദേശീയ വിദ്യാഭ്യാസനയത്തിലെ വ്യവസ്ഥ. അദ്ധ്യാപകരാകാനുള്ള യോഗ്യത 2030 മുതൽ ഐടിഇപിയാക്കുമെന്ന് ദേശീയ അദ്ധ്യാപക വിദ്യാഭ്യാസ കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലെ ബിഎഡ്, ഡിഎൽഎഡ് കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് പകരം അവയെ മറ്റുകോഴ്സുകളും പഠിപ്പിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളാക്കണമെന്നാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ.

# കടലോളം സ്നേഹം നൽകി 'ഇവ'യെ നാട്ടിലെത്തിച്ചു

ചേലക്കര: ഒരു വയസുകാരി 'ഇവ' കൊച്ചി വിമാനത്താവളത്തിൽ പറന്നിറങ്ങി. സങ്കരയിനത്തിൽപ്പെട്ട വെളുത്ത പൂച്ചക്കുട്ടിയാണ് ഇവ. വിദേശത്തുനിന്ന് ഓമനമൃഗങ്ങളെ കൊണ്ടുവരാനുള്ള സർട്ടിഫിക്കേഷൻ ഒക്ടോബറിൽ ലഭിച്ചശേഷം ആദ്യമായി കൊച്ചി വിമാനത്താവളത്തിലെത്തുന്ന മൃഗമാണ് ഈ പൂച്ചക്കുട്ടി.

ദോഹയിൽനിന്ന് എയർ ഇന്ത്യയുടെ എ.ഐ. 954 വിമാനത്തിൽ നവംബർ 28-ന് രാവിലെ 10.17-നാണ് ഇവ എത്തിയത്. തൃശൂർ ചേലക്കര പരക്കാട് കണ്ടുരുത്തി കെ.എ. രാമചന്ദ്രന്റെ ഓമനയാണിത്. നാലു പതിറ്റാണ്ടിലേറെയുള്ള പ്രവാസ ജീവിതം മതിയാക്കിയാണു രാമചന്ദ്രൻ നാട്ടിലേക്കു മടങ്ങിയത്. പൂച്ചയെ ഉപേക്ഷിച്ച് പോരാനുള്ള വിഷമമാണു ഇവയുടെ യാത്രയ്ക്ക് കാരണമായത്.



സിയാലിലെ കസ്റ്റംസ്, ഇമിഗ്രേഷൻ നടപടിക്രമങ്ങൾ ആയാസരഹിതമായി പെട്ടെന്നു പൂർത്തിയായി. ഇവയെ കൊണ്ടുവരാനുള്ള പ്രക്രിയകൾ സുഗമമാക്കിത്തന്ന സിയാലിന് രാമചന്ദ്രൻ നന്ദി പറഞ്ഞു.

ഈ വർഷം ജൂലൈയിലാണ് സിയാലിൽ പെറ്റ് എക്സ്പോർട്ട് സൗകര്യം നിലവിൽവന്നത്. നിരവധി യാത്രക്കാർ ഈ സൗകര്യം ഉപയോഗിക്കുന്നുണ്ട്. കേന്ദ്ര മൃഗസംരക്ഷണ വകുപ്പിൽനിന്ന് അനിമൽ ക്വാറന്റൈൻ സർട്ടിഫിക്കേഷൻ സർവീസ് (എക്യുസിഎസ്) അനുമതി ലഭിച്ചതോടെ, പെറ്റ് എക്സ്പോർട്ട്-ഇംപോർട്ട് സൗകര്യങ്ങളുള്ള കേരളത്തിലെ ഏക വിമാനത്താവളമായി സിയാൽ മാറി. വിപുലമായ സൗകര്യങ്ങളുള്ള പെറ്റ് സ്റ്റേഷൻ, വെറ്ററിനറി ഡോക്ടറുടെ സേവനം, ക്വാറന്റൈൻ സെന്റർ എന്നീ സൗകര്യങ്ങൾ സിയാലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ബെൽജിയത്തിൽനിന്ന് ഒരു നായക്കുട്ടി കൂടി കൊച്ചി വിമാനത്താവളത്തിലെത്തി.

വിദേശത്തുനിന്ന് വളർത്തുമൃഗങ്ങളെ കൊണ്ടുവരാനുള്ള സൗകര്യങ്ങൾക്കായി എയർലൈനുകളെയോ കാർഗോ ഹാൻഡ്ലിങ് ഏജൻസികളെയോ ആണ് ബന്ധപ്പെടേണ്ടത്.

കൂടുതൽ വിവരങ്ങൾക്ക് https://aqcsindia.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

# നവജാത ശിശുവിനു ഗുരുതര വൈകല്യം; ഡോക്ടർമാർക്കെതിരെ കേസെടുത്തു

ആലപ്പുഴ: കടപ്പുറം വനിതാ ശിശു ആശുപത്രിയിൽ നവജാത ശിശുവിനു വൈകല്യമുണ്ടായ സംഭവത്തിൽ നാലു ഡോക്ടർമാർക്കെതിരെ പോലീസ് കേസെടുത്തു. ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റുമാരായ ഡോ. ഷേർളി, ഡോ. പുഷ്പ എന്നിവർക്കും സ്വകാര്യ ലാബിലെ രണ്ടു ഡോക്ടർമാർക്കുമെതിരെയാണ് കേസെടുത്തത്. ലജനത്ത് വാർഡിലെ അനീഷ് മുഹമ്മദ്, ഭാര്യ സുറുമി എന്നിവരുടെ പരാതിയിൽ സൗത്ത് പോലീസാണ് കേസെടുത്തത്. സംഭവത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷണം നടത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു.

ഗുരുതര വൈകല്യങ്ങളാണ് നവജാതശിശുവിനുള്ളത്. കുഞ്ഞിന്റെ ചെവിയും കണ്ണും യഥാസ്ഥാനത്തല്ല. വായ തുറക്കുന്നില്ല. മലർത്തി കിടത്തിയാൽ കുഞ്ഞിന്റെ നാവ് ഉള്ളിലേക്കു പോകും. കാലിനും കൈയ്ക്കും വളവുമുണ്ട്. ഗർഭകാലത്ത് ഏഴോളം സ്കാനിങ് നടത്തിയെങ്കിലും ഡോക്ടർമാർ വൈകല്യം തിരിച്ചറിഞ്ഞില്ലെന്നാണ് കുട്ടിയുടെ അമ്മയുടെ പരാതി.

യുവതിയുടെ ആദ്യ രണ്ട് പ്രസവങ്ങളും കടപ്പുറം വനിതാശിശു ആശുപത്രിയിലായിരുന്നു. അതേ കാരണത്താൽ മൂന്നാം പ്രസവത്തിനും ഇതേ ആശുപത്രിതന്നെ തെരഞ്ഞെടുത്തു. ആദ്യമാസങ്ങളിൽ ഇവിടുത്തെ ഡോക്ടറെ വീട്ടിൽ പോയാണ് കണ്ടിരുന്നത്. ധൃതിയിൽ പരിശോധന പൂർത്തിയാക്കുന്ന ഡോക്ടറുടെ സമീപനം ഇഷ്ടപ്പെടാതെ മറ്റൊരു ഡോക്ടറെ പിന്നീട് സമീപിച്ചു. ഇരു ഡോക്ടർമാരും സ്കാനിങ്ങിന് അയച്ചു. കുഞ്ഞ് ആരോഗ്യവാനാണെന്നായിരുന്നു റിപ്പോർട്ടുകളിൽ. ഹൃദയമിടിപ്പ് കുറഞ്ഞതോടെ മെഡിക്കൽ കോളജിലേക്കു മാറ്റിയ യുവതിയെ പരിശോധിച്ച ഡോക്ടർമാർ, കുഞ്ഞിന് വൈകല്യങ്ങളുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് സൂചന നൽകിയിരുന്നു. ശസ്ത്രക്രിയ ചെയ്ത് കുഞ്ഞിനെ പുറത്തെടുത്ത ഡോക്ടർമാരുടെ സംഭാഷണം കുഞ്ഞിന് കാര്യമായ തകരാറുണ്ടെന്ന സൂചന അമ്മയ്ക്കു നൽകി. ഇന്നോ നാളെയോ കുഞ്ഞിന്റെ ജീവൻ നിലയ്ക്കുമെന്നായിരുന്നു സംഭാഷണത്തിന്റെ സാരം. എൻഐസിയുവിലേക്ക് മാറ്റിയ കുഞ്ഞിനെ മൂന്നാം ദിവസമാണ് മാതാപിതാക്കൾ കണ്ടത്.

തുടർചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളിലേക്ക് പോകാൻ ടാക്സി ഓടിച്ചു കുടുംബം പുലർത്തുന്ന പിതാവിന് സാമ്പത്തികഭദ്രതയില്ല. ഹൃദയ ചികിത്സയ്ക്കായി തിരുവനന്തപുരത്തേക്ക് പോകാനുള്ള തയാറെടുപ്പിലാണ് കുടുംബം. ഡോക്ടർമാരുടെ നിർദേശപ്രകാരം ട്യൂബിട്ട് രണ്ട് മണിക്കൂർ ഇടവേളയിൽ 32 മില്ലി മുലപ്പാൽ നൽകിയാണ് കുഞ്ഞിന്റെ ജീവൻ നിലനിർത്തുന്നത്. ഓരോ ആഴ്ചയും ട്യൂബ് മാറാൻ ആശുപത്രിയിലെത്തണം.

ചികിത്സാപ്പിഴവ് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ആരോഗ്യവകുപ്പിലെ വിദഗ്ധരെ ഉൾപ്പെടുത്തി മെഡിക്കൽ ബോർഡ് രൂപവത്കരിക്കും. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും പോലീസിന്റെ തുടർനടപടി.

## ഫൊക്കാന ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയൻ

(20-ാം പേജിൽനിന്നും)

ഒരുകാലത്ത് യുവാക്കൾ വരാതിരുന്ന സ്ഥാനത്ത് ഇന്ന് 74 യൂത്ത് ലീഡേഴ്സിന്റെ ടീമാണുള്ളത്. ഫൊക്കാന മെഡിക്കൽ കാർഡ് രാജഗിരിക്കു പുറമെ പാലാ മെഡിസിറ്റി, ബിലിവേഴ്സ് ഹോസ്പിറ്റൽ തിരുവല്ല എന്നിവയുമായി ധാരണയായി. രണ്ട് ഹോസ്പിറ്റൽ കൂടി ശ്രമിക്കുന്നു. മാർത്താണ്ഡം ഹോസ്പിറ്റൽ തിരുവനന്തപുരം, കോഴിക്കോട്ടുള്ള ബേബി മെമ്മോറിയൽ. അത് ഈ ഒരു മാസംകൊണ്ട് പൂർത്തിയാക്കി താങ്ക്സ് ഗിവിംഗ് സമ്മാനം അല്ലെങ്കിൽ ന്യൂഇയർ സമ്മാനമായി തുടങ്ങണമെന്നാണ് ആഗ്രഹം.

ഫൊക്കാന മെംബേഴ്സിനായി ക്ലബ് കാർഡ് ഉണ്ടാക്കുന്നുണ്ട്. ജോർജ് മലയിലിന്റെ നേതൃത്വത്തിൽ പത്തോളം ഐടി ലീഡേഴ്സ് അറ്റ്ലാന്റയിൽ അതിനായി പ്രവർത്തിക്കുന്നു. അതുവഴി മെംബേഴ്സിനു കുറച്ച് ആനുകൂല്യങ്ങൾ കൂടി കിട്ടും, യുഎസിലും കേരളത്തിലും.

മൂന്നാമത്തേത് ഫൊക്കാന ഹെൽത്ത് ക്ലിനിക്കാണ്. അതിനു പ്രശ്നങ്ങളുണ്ട്. വിസിറ്റിംഗ് വിസയിൽ വരുന്നവർക്കും ഇൻഷുറൻസ് ഇല്ലാത്തവർക്കും ഒക്കെ വേണ്ടിയാണ് എ.കെ.എം.ജിയുമായി സംസാരിച്ചപ്പോൾ ഇവിടെയൊക്കെ വന്നാൽ വഴക്കാണ് എന്നായിരുന്നു മറുപടി. അവരില്ലെങ്കിലും നമുക്കു ചെയ്യാം. ഇവിടെയിരിക്കുന്നവരിൽ തന്നെ നേഴ്സ് പ്രാക്ടീഷണർ, മെഡിക്കൽ പ്രാക്ടീഷണർ, ഡയഗ്നോസിസ് സെന്റർ നടത്തുന്ന ഒത്തിരി പേരുണ്ടെന്ന് എനിക്കറിയാം. ആ ടീം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇനിയും ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ കുറച്ചുസമയം ഫൊക്കാനയ്ക്കു വേണ്ടി മാറ്റിവെച്ചാൽ വളരെ നല്ലതായിരിക്കും. എവിടെയൊക്കെ സംഘടനകൾക്ക് ഓഫീസുണ്ടോ അവിടെയൊക്കെ ആഴ്ചയിലോ മാസത്തിലോ ഒരു ക്ലിനിക് ചെയ്യാം. എന്ന ആശയത്താൽ ആണ് മുന്നോട്ടു പോകുന്നത്.

ഇന്ന് കംപ്യൂട്ടറിലും മറ്റും നോക്കിയിരുന്ന് ഒരുപാട് പേര് ഇൻട്രോവേർട്ട് ആയി. പലർക്കും കമ്യൂണിക്കേഷൻ കഴിവ് ഇല്ല. അതിനൊരു പരിഹാരമെന്ന നിലയിൽ ടോസ്റ്റ് മാസ്ടേഴ്സുമായി സഹകരിച്ച് ക്ലാസുകൾ ആരംഭിക്കും.

ഇപ്പോൾ നമുക്ക് ലീഗൽ ടീമുണ്ട്. ഇനി ഫൊക്കാനയ്ക്ക് എതിരെ ഒരു കേസ് വന്നാലും ആർക്കെങ്കിലും എതിരെ കേസ് കൊടുക്കേണ്ടി വന്നാലും നമ്മൾ പുറകോട്ട് പോകില്ല. ന്യായത്തിന്റെ കൂടെയാണെങ്കിൽ അതിനു നമ്മുടെ പിന്തുണ ഉണ്ടായിരിക്കും. അതിനുള്ള ലീഗൽ ടീം ഫൊക്കാനയ്ക്കുണ്ട്. കാരണം, ചില കാര്യങ്ങൾ സമയത്ത് ചെയ്യാത്തതുകൊണ്ട് നമ്മൾ കുരിശിലേറ്റപ്പെട്ടിട്ടുണ്ട്. അത് ഇനി ഈ ടീമിനോ ഇനി വരാൻ പോകുന്ന ടീമിനോ ഉണ്ടാകാൻ അനുവദിക്കില്ല. ഫൊക്കാന ഒന്നേയുള്ളൂ. അനാവശ്യമായി പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ പുറത്തു നിർത്തണം: സജിമോൻ വ്യക്തമാക്കി.

ഡോ. ആനി പോളിന്റെ സന്ദേശത്തിൽ നേട്ടങ്ങളിലേക്കുള്ള പ്രയാണത്തിന് ഫൊക്കാനയ്ക്കുള്ള കരുത്ത് എടുത്തുകാട്ടി. ഈ സംഘടനയിലൂടെയാണ് താനും രാഷ്ട്രീയരംഗത്ത് വന്നത്. കൂടുതൽ പേർ അതിനായി മുന്നിട്ടിറങ്ങണം. സജിമോൻ ആന്റണിയും ടീമും 22 ഇന പരിപാടിയുടെ എണ്ണം കൂട്ടുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്. പ്രശ്നങ്ങൾ നേരിടുന്നവർക്ക് ബന്ധപ്പെടാനായി ഒരു ഔട്ട്റീച്ച് പേഴ്സണെ നിയോഗിക്കുന്നത് നല്ലതായിരിക്കുമെന്നും അവർ അഭിപ്രായപ്പെട്ടു. ആരെ ബന്ധപ്പെടണമെന്ന് ഇപ്പോൾ വ്യക്തമല്ല. കമ്യൂണിക്കേഷൻ മെച്ചപ്പെടുത്താനുള്ള സഹായം ഏറെ പ്രശംസ അർഹിക്കുന്നതാണ്: അവർ പറഞ്ഞു.

ആശംസയർപ്പിച്ച മുൻ പ്രസിഡണ്ടും ഫൊക്കാന ഇന്റർനാഷണൽ ചെയറുമായ പോൾ കറുകപ്പള്ളി പോയ കാലങ്ങളും ഭാവിയുടെ പ്രതീക്ഷകളും പങ്കുവെച്ചു. താൻ രണ്ടുതവണ പ്രസിഡണ്ടായപ്പോൾ നേരിട്ട പ്രശ്നങ്ങൾ പലർക്കും അറിയില്ല. മത്സരമാണ് ഫൊക്കാനയെ ശക്തിപ്പെടുത്തുന്നത്. കഴിഞ്ഞ തവണ മത്സരത്തിന് 68 പേർ വന്നു. എന്നും മത്സരം ഉണ്ടാകും.

ആശംസാപ്രസംഗത്തിൽ ഫിലിപ്പോസ് ഫിലിപ്പ് (ദേശീയ നിയമകാര്യ അദ്ധ്യക്ഷൻ) റീജിയണൽ സമ്മേളനം ഇത്ര വിപുലമായി നടത്തുന്നത് അടുത്ത കാലത്തൊന്നും കണ്ടിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി. അതിന് ഭാരവാഹികളെ അഭിനന്ദിക്കുന്നു. ഫൊക്കാന ഒന്നേയുള്ളൂ. ഫൊക്കാനയുടെ ട്രേഡ് മാർക്കും ഫൊക്കാനയുടേതാണ്. അത് മറ്റാർക്കും എടുക്കാനാവില്ല. ചില സാങ്കേതിക കാരണങ്ങൾ കൊണ്ടാണ് ലോഗോ ഇപ്പോൾ സ്റ്റേജിലെ ബോർഡിൽ കാണാത്തത്. അമേരിക്കൻ മലയാളികൾക്ക് വേണ്ടി ഫൊക്കാന എക്കാലത്തും മുൻനിരയിൽ ഉണ്ടാകും. വയനാട് ഉരുൾപൊട്ടൽ സമയത്തും കുവൈറ്റിലെ തീപിടിത്തത്തിലും ഫൊക്കാന സഹായവുമായി എത്തിയതും അദ്ദേഹം ചൂണ്ടിക്കാട്ടി. 35 വർഷത്തെ സംഘടനാ പ്രവർത്തന പാരമ്പര്യവുമായാണ് താൻ ഫൊക്കാന പ്രസിഡണ്ട് സ്ഥാനത്ത് മത്സരിക്കാൻ തീരുമാനിച്ചതെന്നും ഫിലിപ്പോസ് ഫിലിപ്പ് ചൂണ്ടിക്കാട്ടി.

ജോയ് ചാക്കപ്പൻ (ഫൊക്കാന ട്രഷറർ), അപ്പുക്കുട്ടൻ പിള്ള (അഡ്. അസോ. സെക്രട്ടറി), രേവതി പിള്ള (വിമൻസ്ഫോറം ചെയർ), ജോയ് ഇട്ടൻ (ഫൊക്കാന കേരള കൺവൻഷൻ ചെയർ), ഫൊക്കാനയുടെ പ്രഥമ ട്രഷറർ തോമസ് തോമസ്, മുൻ ജനറൽ സെക്രട്ടറി ടെറൻസൺ തോമസ്, മത്തായി ചാക്കോ, ജോമോൻ വർഗീസ്, സജി പോത്തൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. അലക്സ് എബ്രഹാം, സുനിൽ സാക്ക്, മേരി ഫിലിപ്പ്, മേരിക്കുട്ടി മൈക്കൾ, കോശി കുരുവിള, ദേവസി പാലാട്ടി, ഷെവലിയർ ജോർജ് ഇട്ടൻ പടിയത്ത്, വിമൻസ്ഫോറം സെക്രട്ടറി സുധി ബാബു, വിമൻസ് ഫോറം വൈസ് ചെയർ സരൂപാ അനിൽ, ശോശാമ്മ ആൻഡ്രൂസ്, ഉഷ ചാക്കോ, ഉഷ ജോർജ്, കെ.കെ. ജോൺസൺ, വർഗീസ് ഉലഹന്നാൻ, ഫ്രാൻസിസ് കരക്കാട്ട്, ഷീല ജോസഫ്, നിരീഷ് ഉമ്മൻ തുടങ്ങി നിരവധി ഫൊക്കാന നേതാക്കൾ പങ്കെടുത്തു.

റീജിയണൽ ഭാരവാഹികളായ ഷൈമി ജേക്കബ്, ലിജോ ജോൺ, സുനിൽ എണ്ണശേരിൽ, ഏബ്രഹാം കൈപ്പള്ളിൽ, ഇട്ടൂപ്പ് ദേവസ്യ, ജെയിംസ് ഇളംപുരയിടത്തിൽ, ജിജി ടോം, മാത്യു ജോസഫ്, ജോർജ് കുഴിയാഞ്ഞാൽ, റോയി ആന്റണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. അഭിലാഷ് പുളിക്കത്തൊടി (റീജിയണൽ സെക്രട്ടറി) നന്ദി പറഞ്ഞു.

ജാനിയ പീറ്റർ, ബിൽജിൻ വർഗീസ്, കാനഡയിൽ നിന്നെത്തിയ പ്രമുഖ ഗായകൻ അഖിൽ വിജയകുമാർ, ശബരി നാഥ് എന്നിവർ ഗാനങ്ങൾ ആലപിച്ചു. മയൂര സ്കൂൾ ഓഫ് ആർട്സ്, രാധിക ബഹലിന്റെ വിദ്യാർത്ഥികൾ, നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസ്, സാത്വിക ഡാൻസ് അക്കാഡമി, ഗ്ലിമ്മർ ഇവന്റ്സ് ആൻഡ് എന്റർടൈൻമെന്റ്, എൻജെ ടീം എന്നിവർ നൃത്തങ്ങൾ അവതരിപ്പിച്ചു. അശ്വതി കൃഷ്ണകുമാറിന്റെ മോഹിനിയാട്ടവും മികച്ചതായി. ഡിന്നറും ഡാൻസുമായി ചടങ്ങുകൾ പര്യവസാനിച്ചു.

## മലയാളികളുടെ അഭിമാനസ്തംഭം

(21-ാം പേജിൽനിന്നും)

ജോർജ് കുര്യാക്കോസ്, ജോസ് ജോർജ്, ഹെറാൾഡ് ഫിഗുരെദോ, പ്രജിൽ അലക്സാണ്ടർ, അഖിൽ മോഹൻ, ഡോ. ജോ എം. ജോർജ്, ഡോ. സൂസൻ ചാക്കോ, ബിന്ദു കൃഷ്ണൻ, വിജി നായർ, മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, ഷൈബു കിഴക്കേക്കുറ്റ്, ജോജോ എടക്കര, ജോൺസൺ കാരിക്കൽ, ലിസ് ടോം മാത്യു, സൈമൺ പള്ളിക്കുന്നേൽ തുടങ്ങിയവർ സമ്മേളനത്തിനു നേതൃത്വം കൊടുത്തു. ഉദ്ഘാടന സമ്മേളനത്തിന്റെ എംസിയായി ജോയിന്റ് സെക്രട്ടറി നിഷ എറിക്കും കലാപരിപാടികളുടെ എംസിയായി വിമൻസ് ഫോറം റീജിയണൽ സെക്രട്ടറി ഡോ. സുമിത പണിക്കരും സമ്മേളനം നിയന്ത്രിച്ചു. റീജിയണൽ ട്രഷറർ ബൈജു കണ്ടത്തിൽ സമ്മേളനയോഗത്തിന് നന്ദി പ്രകാശിപ്പിച്ചു. സമ്മേളനത്തിനു മികവ് പകർന്ന് ടീം രംഗീലയും സൗപർണിക കലാക്ഷേത്രവും സെറാഫിൻ ബിനോയിയും ഐശ്വര്യ സുധീഷും അവതരിപ്പിച്ച പാട്ടും ഡാൻസും കൂടാതെ സിനിമ സീരിയൽ ഡബ്ബിങ് ആർട്ടിസ്റ്റ് സാബു തിരുവല്ല അവതരിപ്പിച്ച സ്റ്റേജ് ഷോയും അരങ്ങേറി.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ☐ Enclosing $ 200.00 for five years.
- ☐ Enclosing my subscription of $ 54.00 for one year.
- ☐ Enclosing my subscription of $99.00 for two years.
- ☐ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ☐ Cheque Cheque # ______

☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER

# 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'

## മാർ ജേക്കബ് അങ്ങാടിയത്തിന്റെ ജീവചരിത്രം

## അജപാലകന്റെ അനുഭവസാക്ഷ്യങ്ങളിലൂടെ ഒരു യാത്ര

**ഷോളി കുമ്പിളുവേലി**

ചിക്കാഗോ സീറോമലബാർ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ ജീവചരിത്രം 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' ചിക്കാഗോയിൽ നടന്ന സീറോമലബാർ എപ്പിസ്കോപ്പൽ അസംബ്ലിയുടെ സമാപനസമ്മേളനത്തിൽ വെച്ച് ബിഷപ് മാർ ജോയി ആലപ്പാട്ട് സീറോമലങ്കര രൂപത ബിഷപ് ഫിലിപ്പോസ് മാർ സ്റ്റിഫാനോസിന് ആദ്യപ്രതി നല്കി പ്രകാശനം ചെയ്തു.

രചനയ്ക്കു പിന്നിൽ പലരുടെ അദ്ധ്വാനമുണ്ടെങ്കിലും ഫാ. ജോർജ് ദാനവേലിൽ ആണ് എഡിറ്ററായി പ്രവർത്തിച്ചിരുന്നത്. വായനക്കാരെ പിടിച്ചിരുത്തുന്ന ആഖ്യാനരീതി ഏറെ ഇഷ്ടപ്പെട്ടു.

"അപ്പാ എണീക്ക്" അവൻ വിചാരിച്ചത് അപ്പൻ ഉറങ്ങുകയാണെന്നായിരുന്നു! അപ്പൻ എണീറ്റുവന്നാൽ പുറത്തുകയറി ആനകളിക്കാം. അതായിരുന്നു മൂന്നു വയസ്സുകാരൻ ചാക്കോച്ചന്റെ മനസ്സിൽ. അപ്പന്റെ മരണം നേരിൽ കാണേണ്ടിവന്ന ആ മൂന്നു വയസ്സുകാരന്റെ അർത്ഥമറിയാതെയുള്ള പ്രതികരണം വായനക്കാരുടെ കണ്ണ് നനയിപ്പിക്കും.

അപ്പന്റെ വേർപാടിനെത്തുടർന്ന് കുട്ടിക്കാലത്തുണ്ടായ ശൂന്യത, കുടുംബത്തിന്റെ കഷ്ടപ്പാടുകൾ, കുടുംബബന്ധങ്ങളുടെ ദൃഢത, സഹോദരസ്നേഹത്തിന്റെ ഇഴയടുപ്പം, ജ്യേഷ്ഠന്റെ ത്യാഗം എല്ലാം ഹൃദയസ്പർശിയായി കുറിച്ചിട്ടിരിക്കുന്നു.



"എന്റെ മൂത്തചേട്ടൻ എനിക്ക് പിതാവിന്റെ സ്ഥാനത്താണ്. അപ്പൻ മരിക്കുമ്പോൾ എനിക്ക് മൂന്നു വയസ്സും ചേട്ടന് പതിനാറോ പതിനേഴോ വയസ്സുമാണ് പ്രായം. ആ ചേട്ടനാണ് പഠിപ്പുപോലും തല്ക്കാലം വേണ്ടെന്നു വെച്ച് ഞങ്ങളെ വളർത്തിയത്." വർഷങ്ങൾക്ക് ഇപ്പുറവും ചേട്ടന്റെ ത്യാഗത്തെ നന്ദിപൂർവം സ്മരിക്കുന്ന അനിയന്റെ വാക്കുകൾ വായനക്കാരന്റെ മനസ്സിനേയും ആർദ്രമാക്കും.

കൂത്താട്ടുകുളത്തിനടുത്തുള്ള ഇലഞ്ഞി പഞ്ചായത്തും പെരിയപ്പുറം ഗ്രാമവും അവിടുത്തെ കൃഷിരീതികളും നാട്ടിൻപുറത്തെ പള്ളിക്കൂടങ്ങളും മതസാഹോദര്യവുമെല്ലാം ആദ്യഅദ്ധ്യായങ്ങളിൽ വിവരിക്കുന്നതിലൂടെ അക്കാലത്തെ ഗ്രാമീണവിശുദ്ധി പുതുതലമുറയ്ക്ക് മനസ്സിലാക്കാൻ സാധിക്കും. അൾത്താരബാലനായി ശുശ്രൂഷ ചെയ്യുന്നതിനെപ്പറ്റി പറയുമ്പോൾ, മതബോധനത്തിന്റെ കാര്യത്തിൽ അക്കാലത്ത് ഇടവക വികാരിമാർ എത്രമാത്രം കാർക്കശ്യക്കാർ ആയിരുന്നുവെന്ന് ഇപ്പോഴത്തെ തലമുറയ്ക്ക് ആശ്ചര്യത്തോടെ മാത്രമേ കാണുവാൻ കഴിയൂ.

അൾത്താരബാലനായി ശുശ്രൂഷ ചെയ്തതുകൊണ്ടാണ് വൈദികരെ കൂടുതലായി മനസ്സിലാക്കാൻ സാധിച്ചതും സെമിനാരിയിൽ ചേരണമെന്നുള്ള ആഗ്രഹം മനസ്സിൽ ഉണ്ടാകാൻ കാരണമായതും. പത്താം ക്ലാസിനു ശേഷമാണ് സെമിനാരിയിൽ ചേരുന്നത്. എല്ലാവർക്കും സന്തോഷം. അമ്മയ്ക്കു മാത്രം ഒരു നിബന്ധന: രൂപതാ പട്ടക്കാരനായാൽ മതി! അതാകുമ്പോൾ മകനെ ഇടയ്ക്കൊക്കെ കാണാമല്ലോ!

"ചേട്ടൻ ആൻഡ്രൂ. എനിക്കുള്ള പായും തലയിണയും എടുത്തു. ഒരു ചുമട്ടുകാരൻ പെട്ടിയും. ചിറ്റപ്പൻ മുന്നേ നടന്നു. പിറകേ ആൻഡ്രൂ. ഏറ്റം പിന്നിൽ ഞാനും." സെമിനാരിയിലേക്കുള്ള ആദ്യയാത്ര മനോഹരമായി വർണ്ണിച്ചിരിക്കുന്നു.

തുടർന്ന്, പാലാ സെന്റ് തോമസ് കോളജിലെ പ്രീയൂണിവേഴ്സിറ്റി പഠനവും മൈനർ സെമിനാരിയിലെ അക്കാലത്തെ ലളിതജീവിതവും നിഷ്ഠകളും എല്ലാം വിശദമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. കൂട്ടത്തിൽ കോളജിലെയും സെമിനാരിയിലെയും പ്രഗത്ഭരായ അന്നത്തെ അദ്ധ്യാപകരെപ്പറ്റിയും അവരുടെ സ്നേഹവും കരുതലും ഒക്കെ വിശദമായിത്തന്നെ പറയുന്നുണ്ട്.

വർഷങ്ങൾ നീണ്ട പഠനത്തിനുശേഷം പൗരോഹിത്യ സ്വീകരണം അടുത്തുവരുമ്പോൾ ഉണ്ടാകുന്ന മാനസിക വെല്ലുവിളികളെയും ഈ പുസ്തകം നന്നായി പ്രതിപാദിക്കുന്നു. "ചുഴിയിൽപ്പെട്ട് ശ്വാസത്തിനായി പിടയുന്നതുപോലെ തീവ്രമായ ദിവസങ്ങൾ ആയിരുന്നു." ഈ വാക്കുകൾ മതി ആ മാനസിക സംഘർഷങ്ങൾ മനസ്സിലാക്കാൻ.

പാലാ ളാലം പഴയപള്ളിയിൽവെച്ച് വയലിൽ പിതാവിൽ നിന്നുമാണ് തിരുപ്പട്ടം സ്വീകരിച്ചത്. ആദ്യനിയമനം അസിസ്റ്റന്റ് വികാരിയായി കുടക്കച്ചിറ സെന്റ് ജോസഫ് ദേവാലയത്തിൽ ആയിരുന്നു. പിന്നെ അരുവിത്തുറ പള്ളിയിൽ. വികാരിയായി ആദ്യനിയമനം അമ്പാറനിരപ്പേൽ പള്ളിയിൽ ആയിരുന്നു. തുടർന്ന് പാലാ മൈനർ സെമിനാരിയിൽ അദ്ധ്യാപകനായും സേവനം ചെയ്തു.

കുടക്കച്ചിറ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്യുന്ന കാലത്ത് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ ഫാ. ജേക്കബ് അങ്ങാടിയത്ത് നേതൃത്വം നല്കിയതും സമരം ഫലം കണ്ടതും പുസ്തകത്തിൽ പറയുന്നുണ്ട്. പിതാവിന്റെ നിശ്ചയദാർഢ്യത്തിന് ഉത്തമ ഉദാഹരണമാണിത്. പില്ക്കാലത്ത് അമേരിക്കയിൽ സഭ കെട്ടിപ്പടുക്കുന്നതിലുണ്ടായ വെല്ലുവിളികളെ നേരിട്ടതും ഈ നിശ്ചയദാർഢ്യം കൊണ്ടാണെന്ന് നിസ്സംശയം പറയാം.



പാലാ മൈനർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുന്ന അവസരത്തിലാണ്, വളരെ അപ്രതീക്ഷിതമായി പള്ളിക്കാപറമ്പിൽ പിതാവിന്റെ ആ ഫോൺകോൾ വരുന്നത്. "ഒന്ന് നേരിൽ കാണണം." ജീവിതത്തിലെ മറ്റൊരു അദ്ധ്യായം അവിടെ തുറക്കുകയായിരുന്നു. എല്ലാം ദൈവനിയോഗം!

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾക്കായി അവിടേക്കു പോകാമോ എന്നാണ് പള്ളിക്കാപറമ്പിൽ പിതാവ് നേരിട്ട് ചോദിച്ചത്. "പോകണമെന്നോ, പോകുന്നില്ല എന്നോ ഞാൻ പറയുന്നില്ല. പിതാവ് പറഞ്ഞാൽ പോകും." പക്ഷേ, അമ്മയ്ക്ക് മകൻ നാടുവിട്ടു പോകുന്നതിനോട് താല്പര്യം ഇല്ലായിരുന്നു. നാട്ടിൽ ആണെങ്കിൽ കൂടെക്കൂടെ കാണാമല്ലോ. അതുപോലെ മരണസമയത്തും മകൻ കൂടെത്തന്നെ കാണും. അമ്മയ്ക്കു മകനോടുള്ള വാത്സല്യം വെളിവാക്കുന്ന വാക്കുകൾ. "പിതാവ് പറഞ്ഞാൽ പോകാതിരിക്കാൻ പറ്റില്ലല്ലോ അമ്മേ." അനുസരണയല്ലേ ബലിയേക്കാൾ ശ്രേഷ്ഠം!!

അങ്ങനെ എല്ലാവരുടെയും അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി 1984 മാർച്ച് 20-ാം തീയതി ഫാ. ജേക്കബ് അങ്ങാടിയത്ത് അമേരിക്കയിലേക്ക് വിമാനം കയറി. തുടർന്ന് ഡാളസിൽ എത്തി. ഇനിയുള്ളത് വർത്തമാനകാല ഇതിവൃത്തമാണ്. ഒന്നും ഇല്ലായ്മയിൽ നിന്നും അമ്പതിൽപ്പരം ഇടവകകളിലും മുപ്പത്തിയഞ്ചിൽ അധികം മിഷനുകളും ഒക്കെയുള്ള വലിയൊരു സീറോമലബാർ രൂപത, അതും ഇന്ത്യക്ക് പുറത്തുള്ള ആദ്യരൂപത, ഇന്നു കാണുന്ന രീതിയിൽ കെട്ടിപ്പടുക്കാനുണ്ടായ കഷ്ടപ്പാടുകളുടെയും ത്യാഗങ്ങളുടെയും കണ്ണുനീർ ചിന്തിയ പ്രാർത്ഥനകളുടെയും നൊമ്പരപ്പെടുത്തുന്ന ഓർമ്മക്കുറിപ്പുകൾ!


അമേരിക്കയിലെ ആദ്യ ഈസ്റ്ററിനെപ്പറ്റി പിതാവ് ഇങ്ങനെ ഓർത്തെടുക്കുന്നു: "ഈസ്റ്റർ തിരുക്കർമ്മങ്ങൾ കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. എനിക്കുമാത്രം എവിടെയും പോകാനില്ല. ആരുമായും അടുപ്പം ഒന്നും ഉണ്ടായിട്ടില്ല. അമ്പതു ദിവസത്തെ നോമ്പിനുശേഷം കഴിക്കാൻ ഒന്നുമില്ല. അറിയാതെ അമ്മയേയും കൂടെപ്പിറപ്പുകളെയും ഓർത്തു. ഏകാന്തതയിലുള്ള ഈസ്റ്റർ...ഓർക്കുംതോറും കണ്ണുനിറഞ്ഞുവന്നു... പിന്നെ സങ്കടം പൊട്ടിക്കരച്ചിലായി." പിതാവിന്റെ സങ്കടം വായനക്കാരന്റെയും കണ്ണു നിറയ്ക്കുന്നു. ഇതൊക്കെ പുതുതലമുറയ്ക്ക് അത്ഭുതമായി തോന്നിയേക്കാം.

ഒന്നും ഇല്ലായ്മയിൽ നിന്നുള്ള തുടക്കം. തുടർന്ന് ക്രമേണയുള്ള വളർച്ച... അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ ചെറിയചെറിയ സീറോമലബാർ കൂട്ടായ്മകൾ രൂപപ്പെട്ടു തുടങ്ങുന്നു. അമേരിക്കൻ പള്ളികളിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന വൈദികരെ കണ്ടുപിടിച്ചു ഞായറാഴ്ചകളിൽ സീറോമലബാർ ആരാധനക്രമത്തിൽ വിശുദ്ധ കുർബാനകൾ തുടങ്ങുന്നു.

തുടർന്ന് അമേരിക്കയിൽ ഒരു സീറോമലബാർ രൂപത സ്ഥാപിക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നല്കാൻ രാജ്കോട്ട് ബിഷപ്പായിരുന്ന മാർ ഗ്രിഗറി കരോട്ടെമ്പ്രായിലിനെ 1996-ൽ മാർപാപ്പ അമേരിക്കയിലേക്ക് അയയ്ക്കുന്നു. ഗ്രിഗറി പിതാവ് അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സീറോമലബാർ വിശ്വാസികളോട് ആശയവിനിമയം നടത്തുകയും ചെയ്തു. അതേത്തുടർന്ന് ഒരു സീറോമലബാർ രൂപത വേണമെന്ന വിശ്വാസികളുടെ ആവശ്യം ന്യായമാണെന്ന് ഗ്രിഗറി പിതാവ് റിപ്പോർട്ട് കൊടുക്കുകയും ചെയ്തു.

1997-ൽ ഫാ. ജേക്കബ് അങ്ങാടിയത്ത് ഡാളസിലെ പത്താം പീയൂസ് ദേവാലയത്തിൽനിന്നും ഗാർലൻഡിലെ സെന്റ് മൈക്കിൾ ദേവാലയത്തിലേക്ക് സ്ഥലംമാറ്റപ്പെടുന്നു. രണ്ടുവർഷം അവിടെ സേവനം ചെയ്യുന്നു. അവിടെനിന്നുമാണ് 1999 ജൂൺ 30-ന് ചിക്കാഗോയിലേക്ക് വരുന്നത്. ആദ്യകാലത്ത് ഇടവകകളിൽ കൈക്കാരന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളുമൊക്കെ ആകാനുള്ള വിശ്വാസികളുടെ താല്പര്യവും മത്സരവുമൊക്കെ പിതാവിന്റെ ജീവചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്.

സീറോമലബാർ രൂപത നിലവിൽ വന്നതിനെപ്പറ്റിയും പ്രഥമ മെത്രാനായി ഉയർത്തപ്പെട്ടതിനെക്കുറിച്ചും ഈ പുസ്തകത്തിൽ വിശദമായി പറയുന്നുണ്ട്.




ചിക്കാഗോയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ചിക്കാഗോയിലെ കർദ്ദിനാളിന്റെ ഫോൺകോൾ വരുന്നത്. "അപ്പസ്തോലിക് നുൺഷ്യോയെ നേരിട്ടു വിളിക്കണം." അതനുസരിച്ച് നുൺഷ്യോയെ വിളിക്കുന്നു. "സീറോമലബാർ സഭയ്ക്ക് പുതിയൊരു രൂപത തുടങ്ങുന്നതിനുള്ള അനുവാദം പരിശുദ്ധ പിതാവ് തന്നിട്ടുണ്ട്. രൂപതയുടെ പ്രഥമ മെത്രാനായി താങ്കളെ നിയമിക്കാനാണ് മാർപാപ്പയുടെ തീരുമാനം. സ്വീകരിക്കുന്നോ?"

"ആലോചിക്കാൻ സമയം തരണം" എന്നതായിരുന്നു ആദ്യമറുപടി. നേരെ പോയത് പ്രാർത്ഥിക്കാൻ. പ്രാർത്ഥനയ്ക്കൊടുവിൽ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ മറുപടി പിറ്റേദിവസം നുൺഷ്യോയെ അറിയിക്കുന്നു.

അങ്ങനെ അമേരിക്കയിലെ സീറോമലബാർ രൂപത നിലവിൽ വന്നു. പ്രഥമ മെത്രാനായി മാർ ജേക്കബ് അങ്ങാടിയത്ത് നിയമിക്കപ്പെട്ടു. 2001 ജൂലൈ ഒന്നിന് രൂപത ഉദ്ഘാടനം ചെയ്യപ്പെട്ടു. അന്നേ ദിവസംതന്നെ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകവും നടന്നു.

തുടർന്നുള്ള അദ്ധ്യായങ്ങളിൽ രൂപതയുടെ ബാലാരിഷ്ടതകളും പ്രതിസന്ധികളും ക്രമേണയുള്ള വളർച്ചയും പിതാവിനെ വേട്ടയാടിയ രോഗത്തെപ്പറ്റിയുമൊക്കെ വിശദമായിത്തന്നെ പറയുന്നുണ്ട്.

മാർ ജേക്കബ് അങ്ങാടിയത്തിന്റെ ബാല്യം, കൗമാരം, സെമിനാരിപഠനം, ഇടവകഭരണം, അമേരിക്കൻ ദൗത്യം, ആദ്യകാല വൈദികർ, ആദ്യകാല വെല്ലുവിളികൾ, ചിക്കാഗോ രൂപതാ രൂപീകരണം തുടങ്ങി വിവിധ മേഖലകളെപ്പറ്റി ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

മാർ അങ്ങാടിയത്തിന്റെ ജീവചരിത്രത്തോടൊപ്പം ചിക്കാഗോ സീറോമലബാർ രൂപതയുടെ ചരിത്രവും ഇതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു എന്നതും ഈ ജീവചരിത്രത്തെ വേറിട്ടതാക്കുന്നു.

ഫാ. ജോർജ് ദാനവേലിൽ ആണ് ഈ പുസ്തകത്തിന്റെ എഡിറ്റിംഗ് ഭംഗിയായി നിർവഹിച്ചിരിക്കുന്നത്. മനോഹരമായ അവതാരിക എഴുതിയിരിക്കുന്നത് ബിഷപ് മാർ ജോയി ആലപ്പാട്ടാണ്. തീർച്ചയായും എല്ലാവരും 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' വായിച്ചിരിക്കേണ്ടതാണ്. കൂടാതെ വരുംതലമുറയ്ക്ക് ചിക്കാഗോ രൂപതയെപ്പറ്റി മനസ്സിലാക്കാനും അങ്ങാടിയത്ത് പിതാവിന്റെ ഈ ജീവചരിത്രഗ്രന്ഥം ഉപകരിക്കും.

# Grace CONVENTION CENTER

Punnamoodu, Mavelikara



**DESTINATION Wedding Package in KERALA**

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
|---|---|
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| | BETROTHAL, BAPTISM, |
| FUSION, TALLMAN SECURITY, | BIRTHDAY PARTIES, |
| PREMIUM CARS, ENTERTAINMENT | HOUSE WARMING |
| CHURCH CHOIR, ANCHORING | BUSINESS CONFERENCE |
| LED WALL, LIVE STREAMING | GET TOGETHER Etc; |

**Celebrate your Dreams With Us...**









TOLL FREE **1800-572-5667**

FOLLOW US NOW

+91 9188751000

+91 9633949676,+91 8547805929

info@graceconventioncenter.com

www.graceconventioncenter.com

For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**